# അരുണ



മെയ്
1952

# ARUNA

4ണ.

# അരുണ

ഗാർഹികമാസിക

എഡിറ്റർ മിസ്സിസ് ഏ. വി. കളത്തിൽ; മാനേജിങ്ങ് എഡിറ്റർ വറുഗീസ് കളത്തിൽ എം. ഏ

| പുസ്തകം 4. | മെയ് 1953 | ലക്കം 3 |
|---|---|---|


## THE HINDU, Madras.

### ON ARUNA ANNUAL NUMBER

Aruna, the monthly Home Journal in Malayalam, now published from Kottayam in Travancore has completed the third year of its existence and this supplement brought out to commemorate the event is an attractive publication with a good collection of stories, poems and instructive articles.

(The Hindu—12th April 1953)

## അരുണ വാർഷിക വിശേഷാൽപ്രതിയെപ്പററി മലയാള രാജ്യത്തിൻെറ അഭിപ്രായം

അരുണ വാർഷിക വിശേഷാൽ പ്രതി ഇക്കൊല്ലത്തെ വിശേഷാൽപ്രതികളുടെ പംക്തിയിൽ സ്മരണീയമായ ഒരു സ്ഥാനം കുറിക്കുന്നു. ലീലാലാലസമായി നിൽക്കുന്ന ശൈശവചിത്രത്തിൽ കൺകുളുർത്തു് ഉള്ളടക്കത്തിലേയ്ക്കു പ്രവേശിക്കുന്ന അനുവാചകനു് ആദ്യസന്ദർശനം തരുന്നതു് വള്ളത്തോൾ മഹാകവിയാണു്. അദ്ദേഹം ഇങ്ങനെ പറയുന്നു. വിശപ്പുള്ളപ്പോൾ ആരിലും ഉള്ള കലാംശം പുറത്തു വരില്ല. നമ്മുടെ ആൾക്കാർ ഇപ്പോൾ പറയാറുണ്ടല്ലോ, കണ്ണുനീരിൽനിന്നുണ്ടാവണം കലയെന്നു്. ഞാൻ 13 വയസ്സു മുതൽക്കേ കവിത എഴുതി വരുന്നുണ്ടു്. ഇന്നും വല്ലതും കുത്തിക്കുറിക്കുന്നുണ്ടു്. ഒരു നേരത്തെ ഭക്ഷണം തെററിയാൽ എനിക്കു് കണ്ണുനീരിൽനിന്നു് കവിത വരുന്നില്ല. ഭക്ഷ്യോല്പാദനത്തിനു വേണ്ടി സകലരും പ്രസംഗം നടത്തുന്നു. പാടത്തു പക്ഷെ ആരുമില്ല. കലാകാരൻ തൂവൽ താഴ്ത്തിവച്ചു് തൂമ്പാ എടുക്കേണ്ടിയിരിക്കുന്നു. എന്നിങ്ങനെ അദ്ദേഹത്തിൻെറ അഭിവന്ദ്യ സ്ഥാനത്തിനനുയോജ്യമാംവിധം അനന്തരഗാമികൾക്കു നൽകിയിരിക്കുന്ന ഉപദേശം ഉൽക്കീരണം ചെയ്യാനിടയായതു് അരുണയുടെ ഒരു സവിശേഷതയായി പരിഗണിക്കണം. ജനസമുദായത്തിനു പ്രയോജനപ്പെടുന്ന ഉപന്യാസപദ്ധതിയേക്കാൾ മാക്കറുണ്ടാകുന്ന ചെറുകഥകളും ലഘുകവിതകളും ആണു് പ്രസാധകൻ സ്വാഗതം ചെയ്തുകാണുന്നതു്. വിശേഷാൽപ്രതിയുടെ വ്യയഹേതുകമായ സംവിധാനം, ഒട്ടൊന്നു പരിഹരിച്ചു കിട്ടുന്നതിനു് ജനകീയസമ്പ്രദായങ്ങൾ അവലംബിക്കാതെ തരമില്ലല്ലോ. ഭാരതഭരണസാരഥികളുടെ ഫോട്ടോകൾ ലേഖകന്മാരിൽ പലരുടേയും ചിത്രങ്ങൾ തുടങ്ങിയ കലാപ്രദർശനങ്ങളും ഇതിൽ കാണ്മാനുണ്ടു്. പ്രസാധകശ്രമം പ്രോത്സാഹനാർഹമായിട്ടുണ്ടു്.— സി. എം. പി.

# ഗൃഹനായികയുടെ സേവനങ്ങൾ

## അവയുടെ സാമ്പത്തികമൂല്യം സമുദായം ഇതേവരെ അംഗീകരിച്ചിട്ടില്ല

മിസ്സിസ് രേണുകാ റെയ്

(പശ്ചിമബംഗാൾ അഭിയാർത്ഥിവകുപ്പ് മന്ത്രിയും അഖിലേന്ത്യാ വനിതാ കോൺഫറൻസിന്റെ അടുത്ത വർഷത്തെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മഹതിയുമായ മിസ്സിസ് രേണുകാ റേയ് വനിതാ കോൺഫറൻസിന്റെ രജതജൂബിലി മഹോത്സവത്തിൽ പൂനയിൽ വച്ചു ചെയ്ത അദ്ധ്യക്ഷ പ്രസംഗം.)



**"മനുഷ്യസംസ്ക്കാരത്തിന്റെ അവരോഹണം ശിഥിലീകൃതമായിരിക്കുന്നു. പുരുഷന്റെയും സ്ത്രീയുടെയും തുല്യമായ സംഭാവനകൾകൊണ്ടു മാത്രമേ അതിനെ വീണ്ടെടുക്കുവാൻ സാദ്ധ്യമാകയുള്ളൂ"** എന്നുള്ള രവീന്ദ്രനാഥടാഗോറിന്റെ വാചകങ്ങളെ ആശ്രയിച്ചുകൊണ്ടാണ് അഖിലേന്ത്യാ വനിതാ കോൺഫറൻസിന്റെ രജതജൂബിലിസമ്മേളനത്തിൽ മിസ്സിസ് രേണുകാറേയ് അദ്ധ്യക്ഷപ്രസംഗം നടത്തിയതു്. നിരവധി സാർവദേശീയ സമ്മേളനങ്ങളിൽ ഇന്ത്യയുടെ പ്രാതിനിദ്ധ്യം വഹിച്ചുകൊണ്ടു സമർത്ഥമായി സേവനമനുഷ്ഠിച്ചിട്ടുള്ള ഈ മഹതി പശ്ചിമബങ്കാളിലെ അഭയാർത്ഥി മന്ത്രിപദം ഇപ്പോൾ അലങ്കരിച്ചുകൊണ്ടിരിക്കയാണ്. മിസ്സിസ് രേണുകാറേയ് ഇങ്ങനെ തുടർ

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | പത്രാഭിപ്രായം | 1 |
| 2. | ഗൃഹനായികയുടെ സേവനങ്ങൾ—മിസ്സിസ്സ് രേണുകാറേയ് | 2 |
| 3. | കൊച്ചമ്മയ്ക്കു് ഒരു മന്ത്രിയാകരുതോ?—ചെമ്പകവല്ലി | 4 |
| 4. | അവൾക്കു് ഒരു മംഗളപത്രം!! (ചെറുകഥ) —എ എം. ചന്ദ്രപാലൻ | 7 |
| 5. | പൂർണ്ണത കാണാത്ത പെൺ (ചെറുകഥ) —കെ. ഭാസ്കരൻപിള്ള, കോഴിക്കോട്ട് | 9 |
| 6. | മുക്കുവനും ജിന്നിയും | 13 |
| 7. | മലങ്കോവിന്റെ റഷ്യ—വറുഗീസ് കളത്തിൽ എം. ഏ. | 18 |
| 8. | അന്നാ കരീനിനാ (കഥാസംഗ്രഹം)—ടോൾസ്റ്റോയി | 21 |
| 9. | യുദ്ധത്തിന്റെ ഉറവിടങ്ങൾ | 25 |
| 10. | കേരളത്തിലെ പൂരങ്ങൾ—60 വർഷം മുമ്പ് | 30 |
| 11. | അടുക്കളയിൽ | 32 |


### മുഖചിത്രം:

സ്വിററ്സർലണ്ടിലെ "കോ" Caux എന്ന സ്ഥലം. ഇവിടെയാണു ലോകത്തിലെ എം. ആർ. ഏ. (ധാർമ്മിക പുനരായുധീകരണം) പ്രവർത്തകന്മാർ സമ്മേളിച്ചതു്. സത്യസന്ധത, പരിശുദ്ധത, നിസ്വാർത്ഥത, സ്നേഹം എന്നി ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിലാണു് എം. ആർ. ഏ. ക്കാർ ബദ്ധശ്രദ്ധരായിരിക്കുന്നതു്.

നു:--ശതാബ്ദങ്ങളായി നിലവിലിരുന്നതും ഇപ്പോൾ നിലംപതിച്ചുകിടക്കുന്നതുമായ പ്രതിബന്ധങ്ങളെ ഇൻഡ്യൻ വനിതകൾ തരണംചെയ്യണം. ആ പഴയ ചിട്ടകളുടെ ചിതാഭസ്മങ്ങളിൽനിന്ന് ഒരു പുതിയ രൂപത്തെ, ഒരു പുതിയ വ്യവസ്ഥയെ, ഒരു പുതിയ ഇൻഡ്യയെ സംവിധാനം ചെയ്യുവാൻ ഗാന്ധിജി സ്ത്രീകളെ ഉൽബോധിപ്പിച്ചപ്പോൾ ആ പ്രതിബന്ധങ്ങൾ തകർന്നുപോയി.

ഭരണഘടനാപരമായ അവകാശങ്ങൾകൊണ്ടു മാത്രം നാം തൃപ്തിപ്പെട്ടുകൂടാ. സ്ത്രീകൾ തങ്ങളുടെ അവകാശങ്ങൾ പ്രയോഗത്തിൽ വരുത്തുകയും, തങ്ങളുടെ ഉത്തരവാദിത്വങ്ങളെപ്പററി ഉൽബുദ്ധരാവുകയും ചെയ്യണം. സ്ത്രീധനം മുതലായ അനാചാരങ്ങൾ ഇപ്പോഴും സമുദായത്തിൽ തങ്ങിനിൽക്കുന്നു. അനീതിനിറഞ്ഞ സാമൂഹ്യവ്യവകൾ നിലവിലുണ്ട്. സദാചാരത്തിന്റെ വ്യത്യസ്തങ്ങളായ മാനദണ്ഡങ്ങൾ നമ്മുടെ നാട്ടിൽ മാത്രമല്ല, മറുനാട്ടുകളിലുമുണ്ട്.

കച്ചവടക്കാരുടെ ശ്രദ്ധയ്ക്ക്

വിലകൾ കുറച്ചിരിക്കുന്നു

THE COMMERCIAL RICE MILL, Kokkalai-Trichur

കമ്മേർസിയൽ റൈസ് മിൽ * തൃശ്ശൂർ

Phone: 102 Tel: CIARYEM

സുഖ നിദ്ര.





ആരോഗ്യത്തിന്നു പ്രധാനം സുഖനിദ്രയാണ്. കലർപ്പില്ലാത്ത ആട്ടമാർക്ക് നല്ലെണ്ണ ഉപയോഗിച്ചിൽ പ്രസിദ്ധിനേടിയ ഉഴുന്നുമാവ്, കറാച്ചിപപ്പടക്കാരം കീർത്തിപെട്ട കന്നുകാലി ആഹാരം ഇവ മില്ലിലും മില്ലുകാർ ഏൎപ്പെടുത്തിയ കച്ചവടക്കാർ പക്കലും അഞ്ചുവിളക്കിന്നടുത്ത് ഞങ്ങളുടെ ഡെപ്പോവിലും മൊത്തമായും ചില്ലറയായും കിട്ടുന്നതാണ്. ട്രേയിഡ് മാർക്ക് നോക്കി വാങ്ങുവിൻ.

C.A.D.

ചരക്കു മെച്ചവും വിലക്കുറവും വേണമെന്നുള്ളവർ കൊമേർസ്യൽ റൈസ്മില്ലിലേക്കു എഴുതുക.

പുരോഗമനപരങ്ങളായ എല്ലാ ശക്തികളുടെയും പരിശ്രമങ്ങളുണ്ടായിട്ടും ഹിന്ദുകോഡ്ബിൽ ഒരു നിയമമായിത്തീർന്നിട്ടില്ല. അതൊരു ലഘുവായ പരിഷ്ക്കാരം മാത്രമാണല്ലോ. 1952-ലെ ഹിന്ദുവിവാഹ— വിവാഹമോചന ബിൽ (അതു് ഹിന്ദുകോഡ്ബില്ലിന്റെ ഒരു ഭാഗമാണ്.) ഒരു പക്ഷേ, വലിയ തടസ്സം കൂടാതെ നിയമമായിത്തീരും. പിന്തുടർച്ചാവകാശത്തിലുള്ള സമത്വത്തെപ്പററി പ്രതിപാദിക്കുന്ന ഭാഗത്തെപ്പോലെ ഈ ഭാഗം സ്ഥാപിതതാല്പര്യക്കാരെ വേദനിപ്പിക്കുന്നില്ല. യാഥാസ്ഥിതികത്വത്തെക്കാളും സാമുദായികവിദ്വേഷത്തെക്കാളും കൂടുതലായി ഈ പരിഷ്ക്കാരത്തിനെതിരായി വിലങ്ങടിച്ചുനിൽക്കുന്നതു് സ്ഥാപിതതാല്പര്യങ്ങളാണ്.

നിയമവ്യവസ്ഥകൾ കടലാസിൽ അവശേഷിച്ചെന്നുവരാം. പക്ഷേ, ജീവിതം മറെറാരു ഗതിയിൽക്കൂടി മുന്നോട്ടു പോകും. പുരോഗമനശക്തികളെ ശല്യപ്പെട്ടുത്തുവാൻ നിയമത്തിനു് സാധിച്ചേക്കാം. പക്ഷേ, അവയെ വരിഞ്ഞുകെട്ടുവാനോ ചങ്ങലയിട്ടുവാനോ സാദ്ധ്യമല്ല.

## ഗൃഹഭരണത്തിന്റെ പ്രാധാന്യം.

ഒരു ഗൃഹനാഥയുടെ കർത്തവ്യങ്ങൾ മററുള്ള ജോലികളേക്കാൾ ഒട്ടും ബുദ്ധിമുട്ടുകുറഞ്ഞവയല്ല. എങ്കിലും ഒരു അവളുടെ കർത്തവ്യങ്ങളുടെ സാമ്പത്തികമൂല്യങ്ങൾ ഇതേവരെ സമുദായം അംഗീകരിച്ചിട്ടില്ല. ഒരു സ്വാതന്ത്ര്യസാമ്പത്തിക "യൂണിററ്" ആയി ഗൃഹനാഥയെ അംഗീകരിക്കണം.

ഇപ്പോഴുള്ള ഭൂരിപക്ഷം ഗൃഹങ്ങളിലും ഒരു ഗൃഹനാഥയുടെ കർത്തവ്യങ്ങൾ അറിയുവാനോ പരിശീലിക്കുവാനോ സൗകര്യമില്ലെന്നുള്ളതാണ് ഇൻഡ്യയുടെ ദുരവസ്ഥ. ആരോഗ്യത്തെപ്പററിയുള്ള പ്രാഥമികപരിജ്ഞാനം പോലും സ്ത്രീക

(ശേഷം 8-ാം പേജിൽ)

# കൊച്ചമ്മയ്ക്ക് ഒരു മന്ത്രിയാകരുതോ?

## റൈസ്മിൽ പ്രശ്നം അവസാനിപ്പിക്കാൻ കാളിപ്പുലക്കള്ളിയുടെ നിർദ്ദേശം

(ചെമ്പകവല്ലി)

ഞാൻ കുട്ടനാട്ടിലെ ഒരു ഗൃഹനായികയാണ്. അഞ്ചു കുഞ്ഞുങ്ങളുണ്ട്. മൂത്ത കുട്ടിക്ക് പത്തു വയസ്സേയുള്ളു. ഇളയകുട്ടിക്ക് ഒരു വയസ്സു മാത്രം. വേലക്കാരെ നിർത്തുവാനുള്ള കഴിവ് എന്റെ കുടുംബത്തിനില്ല. എന്റെ സ്ഥിതിയെപ്പറ്റി അമ്മമാർ ആലോചിച്ചുകൊള്ളു. വെളുപ്പിനു മൂന്നു മണിക്ക് എഴുന്നേൽക്കേണ്ടതു് ഒരത്യാവശ്യമാണ്. അഞ്ചരയാകുമ്പോഴേക്കു കുട്ടികൾ ഉണരും. കരച്ചിലും സിദ്ധാന്തങ്ങളും കൊണ്ടാണ് കുഞ്ഞുങ്ങൾ ഉണരുക. "വിശക്കുന്നു. വിശക്കുന്നു." എന്നുള്ള മുദ്രാവാക്യങ്ങളാണ് അവർ മുഴക്കുന്നതു്. ആ ശബ്ദകോലാഹലങ്ങളെപ്പറ്റി ഓർക്കുമ്പോൾതന്നെ എനിക്ക് തലവേദന തുടങ്ങും. അഞ്ചരമണി സമയത്തെപ്പറ്റി വിറയലോടെയാണ് ഞാൻ സ്മരിക്കുക. അതിനു മുമ്പു ചട്ടിയും കലവും മറ്റു പാത്രങ്ങളും കഴുകി വയ്ക്കണം, മുറ്റം തൂക്കണം, കഞ്ഞിക്കു വെള്ളം കലത്തിൽ പകർന്നു അടുപ്പിൽ വയ്ക്കണം, അതിനുമുമ്പ് അടുപ്പും പാതകവും വെടിപ്പാക്കണം, വിറകിന്റെ വലിയ കഷണങ്ങൾ കൊച്ചുകൊച്ചായി കീറിയെടുക്കണം, അടുത്ത വീട്ടിൽ പോയി അന്നമ്മയെ വിളിച്ചുണർത്തി അവരുടെ പശുവിനെ കറപ്പിച്ചു പാൽകൊണ്ടുവന്ന് തിളപ്പിച്ച് കുട്ടികൾക്കു കൊടുക്കാൻ തക്കവണ്ണം തയ്യാർ ചെയ്യണം. ഈ ഒടുവിൽ പറഞ്ഞതു് മാറ്റി വയ്ക്കാൻ ഒട്ടും നിർവ്വാഹമില്ല. എന്റെ ദൈവമേ അതു തയ്യാറായില്ലെങ്കിൽ എന്റെ കുഞ്ഞുമോന്റെ കരച്ചിൽ! ആവൂ! അതു് എന്റെ ഹൃദയത്തിൽ നിർദ്ദയമായി തുളച്ചു കയറും. എന്തിനു വിവരിക്കുന്നു! ഓരോ ദിവസവും സംഭവബഹുലമാണ്. അവയെ ഓരോന്നായി ഞാൻ തള്ളിവിടും. നിങ്ങൾക്ക് കേൾക്കാൻ ക്ഷമയുണ്ടെങ്കിൽ എന്റെ മറ്റു ജോലികളും വിവരിക്കാം. പക്ഷേ, ഒരു നീണ്ട പട്ടികകൊണ്ടു് ഞാൻ നിങ്ങളെ ബുദ്ധിമുട്ടിക്കുന്നില്ല, എന്നാൽ ഒരു വിവരം നിങ്ങൾ അറിഞ്ഞിരിക്കണം. എന്റെ ഭർത്താവു ഒരു ടീച്ചറാണ്. ഏതാണ്ടു് കുറെ ശമ്പളക്കൂടുതൽ അടുത്തകാലത്തു ലഭിച്ചു. അതുകൊണ്ടെന്താവാനാണ്? ഒന്നിനും തികഞ്ഞു പറ്റുകയില്ല. അദ്ദേഹം വെളുപ്പിനു എഴുന്നേറ്റ് പല്ലുതേച്ച് കുളിച്ച് ഒരു ട്യൂഷനു പോകും. പുറപ്പെടുന്ന സമയത്തു് "പിന്നേ, ഒരാനയെ ഇങ്ങു കൊണ്ടുവാ" എന്ന് വിളിക്കും. ഇപ്പോഴത്തെ പരിഷ്കാരമനുസരിച്ച് അദ്ദേഹവും കട്ടംകാപ്പിയെ ആനയെന്നാണ് വിളിക്കുന്നതു്. ഞാൻ ഉടൻതന്നെ അദ്ദേഹത്തിനു ഒരു ആനയെ സമ്മാനിക്കും. ഒന്നാം തീയതിയുടെ അടുത്ത ദിവസങ്ങളിലാണെങ്കിൽ ഞാനും ഒരാനയെ അടിക്കും. അതൊരു രസമാണ്. ആനയെ കിട്ടിയാൽ പിന്നെ അദ്ദേഹം താമസിക്കാറില്ല. കുടയുമെടുത്തു പുറപ്പാടായി. പിന്നെ തിരിച്ചു വരുന്നതു് രാത്രി പതിനൊന്നു മണിക്കാണ്. രാവിലെ ട്യൂഷൻ എടുക്കുന്ന വീട്ടിൽ നിന്ന് കഞ്ഞിയോ കാപ്പിയോ കിട്ടും. ഉച്ചയ്ക്കു പട്ടിണി തന്നെ. വൈകുന്നേരവും ഒരു ട്യൂഷനുണ്ട്. ആ വീട്ടിൽനിന്ന് ഒരു പാൽക്കാപ്പികിട്ടും. രണ്ടു ട്യൂഷനുംകൂടി പത്തു രൂപയേ കിട്ടുകയുള്ളു. എന്തു ചെയ്യുക! അഷ്ടികഴിയണ്ടേ? അദ്ദേഹം ഒരുതരം "ഓവർടൈം" പണി കണ്ടുപിടിച്ചു. ഒരു മൈൽ ദൂരത്തു ഒരു ചിട്ടിത്തലയാളുണ്ട്. അയാളുടെ കണക്കുകളെല്ലാം എഴുതാമെന്നേറ്റു. ആ പണിയാണ് രാത്രി പത്തരവരെ. അവർ ഊണു കൊടുക്കയില്ല. അദ്ദേഹം ഏകദേശം പതിനൊന്നടിക്കുമ്പോൾ പരവശനായി വന്നെത്തും. പിന്നെ ഊണും കഴിഞ്ഞു ഉറക്കമായി. ഇതാണ് ഓരോ ദിവസത്തെയും പ്രധാന ഭക്ഷണം—തണുത്തു മരവിച്ച ചോറും ചമ്മന്തിയും. ഇതാണ് കഥ. ചിലപ്പോൾ പഠനകാലത്തെ സാഹിത്യം അദ്ദേഹത്തിന്റെ ഹൃദയത്തിൽ തലപൊക്കാറുണ്ട്. കുചേലന്റെ വർഗ്ഗക്കാരാണ് അദ്ധ്യാപകർ എന്ന് അദ്ദേഹം ആശ്വസിക്കും; സങ്കടപ്പെട്ടു നെടുവീർപ്പിടും.

ഒഴക്കു ചോർകൊണ്ടൊരു
വാസരാന്തം
കഴിക്കുമഞ്ചാറു ജനങ്ങളിപ്പോൾ
കിഴക്കുദിക്കും പൊഴുതാത്മ-
ജന്മാർ

**CHEAP & DURABLE COTTON HOSIERY**

**K. K. C.**

SOLE AGENT FOR CALICUT TO PALGHAT:—

**V. Madhavan Nair.**
**Tiruvannur Road**
**Kozhikkode 3.**

**KHADAR KNITTING Co.**

**Post Box No. 33.**

**TIRUPUR.**

കഴൽക്കു കെട്ടിക്കരയുന്നു കാന്താ.

എന്നും മററുമുള്ള ശ്ലോകങ്ങൾ ആ കണ്ഠത്തിൽനിന്നു നിർഗ്ഗളിക്കുമ്പോൾ, അതു് ഹൃദയത്തിന്റെ നെടുവീർപ്പുകളാണെന്നു് എനിക്കു തോന്നാറുണ്ടു്. വളരെ ശരിയാണു്. കുചേലന്റെ ഭാര്യയാവാനുള്ള യോഗം എനിക്കുണ്ടെന്നു് എനിക്കും അഭിമാനിക്കാം. പക്ഷെ, എന്റെ ഭർത്താവു് ഏതു ശ്രീകൃഷ്ണന്റെ അരിക്കൽ പോയാൽ എന്റെ കുഴപ്പങ്ങൾ അവസാനിക്കും! അതു ശ്രീകൃഷ്ണനു മാത്രമേ അറിയാവൂ. കല്ലില്ലാതെ ഞാൻ അവലുണ്ടാക്കിക്കൊടുക്കാം. (കുഞ്ഞുമോൻ കുറെ കരയുമെന്നേയുള്ളല്ലോ.) എങ്കിലും ആ അവൽ വാങ്ങാനുള്ള ശ്രീകൃഷ്ണൻ എവിടെയാണു്?

അദ്ദേഹം ചിലപ്പോൾ നെടുവീർപ്പുകളുടെയിടയിൽ മൂളിപ്പാട്ടുകൾ അയവിറക്കാറുണ്ടു്.

"കരുണരസം കരകവിയും
കഥപറയാം, പക്ഷെ,
കരളുരുകിക്കരളുരുകി
ക്കരയരുതിന്നാരും."

ഈ പാട്ടിന്റെ ഇത്രയും ഭാഗമേ പാടുകയുള്ളൂ. അതു വീണ്ടും വീണ്ടും പാടും. ഇങ്ങനെ നിരവധി ദിവസങ്ങൾ ചെന്നപ്പോൾ ഞാൻ ചോദിച്ചു. "പിന്നേ, ഇതാരുടെ കഥയെപ്പററിയാ ഈ പാടുന്നതു്? എന്നാൽ പിന്നെ ആ കഥയങ്ങു പറയരുതോ?" അദ്ദേഹം പറയും "അതു നിനക്കറിയാവുന്ന കഥയാ."

ഞാൻ—ഏതു കഥ?

അദ്ദേഹം—അതു നിന്റെ കഥ."

ഞാൻ പെട്ടെന്നു ചിരിച്ചുപോയി. എങ്കിലും അന്നു മുഴുവൻ ഞാൻ അതു ചിന്തിച്ചിരുന്നു.

X X X

എന്റെ ചരിത്രത്തിൽ—എന്റെ ചരിത്രം ആരു വകവയ്ക്കും—ഉണ്ടായ ഒരു വലിയ സംഭവമാണു് റൈസ്മിൽ നിരോധനം. ആദ്യമാദ്യം ഞാൻതന്നെ നെല്ലുകുത്തി അരിവയ്ക്കും. ഓരോ പ്രസവം ചെല്ലുന്തോറും ജോലി കൂടുതലായി, കുടുംബഭാരം വർദ്ധിച്ചു; ശരീരത്തിനു ക്ഷീണമായി. ഞങ്ങൾക്കു കഷ്ടിച്ചു് ചിലവിനുള്ള നെല്ലു കിട്ടും. എങ്കിലും കുംഭം മീനം മാസത്തിൽ വിലയ്ക്കു വാങ്ങേണ്ടിവരും. അത്രയുമെങ്കിലും സൗകര്യമുള്ളതു ദൈവാധീനം. ഏതായാലും കാലക്രമത്തിൽ ഒരു വേലക്കാരിയെ ഞാൻ നെല്ലുകുത്താൻ വിളിപ്പിച്ചു. എന്റെ രണ്ടാമത്തെ കുട്ടി—ലീല—

യാണ് അവളെ വിളിക്കാൻ പോയതു്. ആ വേലക്കാരിയുടെ മറുപടി ഇതായിരുന്നു. "ഈ വല്യവീട്ടിലെ പെണ്ണുങ്ങൾക്കൊക്കെ എന്താ പണി? അവൾക്കൊക്കെ അങ്ങോട്ടു നെല്ലു കുത്തിക്കൂടേ?" ലീല മടങ്ങിവന്നു വിവരം പറഞ്ഞു. കരച്ചിൽ എന്റെ കണ്ഠംവരെ വന്നു തിങ്ങിനിന്നു. അതു പുറത്തു വന്നില്ല. നാട്ടിലെ ഏററവും വലിയ ജന്മികളെന്നു പ്രസിദ്ധിയുള്ള ഒരു കുടുംബത്തിലെ അംഗമാണു് എന്റെ അരുമനാഥൻ. പക്ഷെ, ആ പാവത്തിന്റെ പങ്കപ്പാടുകൾ എനിക്കേ അറിയാവൂ. പഴയ അളവുകോൽകൊണ്ടു് ആ വേലക്കാരി കുടുംബസ്ഥിതി അളന്നുനോക്കി ഞങ്ങളുടെ വീടിനു് ജന്മിത്വത്തിന്റെ മുദ്രയടിച്ചു. അവളുടെ ദൃഷ്ടിയിൽ ·വലിയവീട്ടിലെ പെണ്ണുങ്ങളിലൊരുത്തിയാണു ഞാൻ. ജന്മിയുടെ പദവി ഞങ്ങളുടെ ഒരു വലിയ ഭാരമാണെന്നു് അവൾ അറിഞ്ഞിട്ടില്ല. സാമ്പത്തികമായി അവളെക്കാൾ മോശപ്പെട്ട നിലയാണു് എനിക്കുള്ളതെന്നു് അവൾക്കു ബോദ്ധ്യമായിട്ടില്ല. ബോദ്ധ്യമാകുകയുമില്ല. അവളുടെ ഭർത്താവിനു് ദിവസം രണ്ടു രൂപയിൽ കുറയാതെ കൂലി കിട്ടും. താണനിലയിൽ കഴിഞ്ഞാൽ അവരെ ആരും കുററം പറയുകയില്ല. അവളുടെ ഭർത്താവു് കുറേശ്ശെ പണം സമ്പാദിച്ചുവരികയാണു്. അവൾക്കു് ഇനിയും നെല്ലുകുത്തിയില്ലെങ്കിലും കഴിയാം. ഈ നിലയ്ക്കു് അവളുടെ മറുപടി സ്വാഭാവികമായിരുന്നു. പിന്നെ വേലയ്ക്കു പോകാറുള്ള പെണ്ണുങ്ങളെ വിളിപ്പിച്ചു. വൈകുന്നേരം വരെ പണിയെടുത്ത ശേഷം നെല്ലുകുത്തു് അവർക്കും ഭാരമാണു്. കാളിപ്പുലക്കള്ളി ഇങ്ങനെ പറഞ്ഞു:— എന്റെ കൊച്ചമ്മേ, (ഇത്രയും പറഞ്ഞപ്പോൾ അവൾ എന്റെ ഭർത്താവിന്റെ അമ്മയെ തമ്പ്രാട്ടിയെന്നാണു് വിളിച്ചിരുന്നതെന്നു് എനിക്കു് ഓർമ്മ വന്നു.) ഇതൊരു വലിയ ബുദ്ധിമുട്ടാ. പണിയെടുത്തു ക്ഷീണിച്ചുവന്നു് വീട്ടിലെത്തിയ ശേഷമാണു് കൂലികിട്ടുന്ന നെല്ലു് അരിയാക്കി ചോറാക്കി എടുക്കുന്നതു്. അതിനിടയ്ക്കു് ഒരുദിവസം വിശ്രമം കിട്ടിയാൽ ആരാണു നെല്ലുകുത്താൻ പോകുന്നതു്?"

ഞാൻ—എന്നുപറഞ്ഞാൽ ഒക്കുമോ കാളി! ഈ പിള്ളരേംകൊണ്ടു ഞാൻ എങ്ങനെ നെല്ലുകുത്തിയെടുക്കും?

കാളി—കൊച്ചമ്മയ്ക്കു് ആ മറിയച്ചേടത്തിയെ വിളിക്കരുതോ? ഈ നാട്ടിലെ നെല്ലെല്ലാം അവരാ കുത്തുന്നതു്.

ഞാൻ—അവളെ വിളിച്ചിട്ടു വരുന്നില്ല. നെല്ലുകുത്താതെതന്നെ ഇപ്പോൾ അവൾക്കു കഴിയാമെന്നു്.

കാളി—എന്റെ കൊച്ചമ്മാ, ഇതൊരു വല്ലാത്ത നില തന്നെ. മില്ലുണ്ടായിരുന്നെങ്കിൽ ആരുടെയും കരുണ വേണ്ടായിരുന്നു.

ഞാൻ—കാളീ, ഞാനും അതാ വിചാരിക്കുന്നതു്.

കാളി—എന്റെ കൊച്ചമ്മാ, ഞങ്ങളെപ്പോലുള്ള പാവങ്ങൾക്കാ കൂടുതൽ ഉപകാരം. പണി കഴിഞ്ഞു വന്നാൽ ഈ കഷ്ടപ്പാടില്ലല്ലൊ.

ഞാൻ—അതു നല്ലകളിയാ. പാവങ്ങളെ രക്ഷിക്കാൻ വേണ്ടിയാണു നെല്ലുകുത്തു നിരോധിച്ചിരിക്കുന്നതു്? നീ പറയുന്നു നിനക്കും കഷ്ടപ്പാടാണെന്നു്.

കാളി—എന്റെ കൊച്ചമ്മാ, പെണ്ണുങ്ങളെക്കൊല്ലാൻ വേണ്ടിയാണു് ഈ മില്ലു നിർത്തിയതു്. ആരെങ്കിലും പെണ്ണുങ്ങൾ മന്ത്രിയായിരുന്നെങ്കിൽ തീർച്ചയായും മില്ലിൽ കുത്താൻ അനുവദിക്കുമായിരുന്നു. കൊച്ചമ്മാ, കൊച്ചമ്മയ്ക്കു് ഒരു മന്ത്രിയാകരുതോ?

ആ പാവപ്പെട്ട പെണ്ണിന്റെ സംസാരം തീരാത്ത ചിന്തയിലേക്കു എന്നെ തള്ളിവിട്ടു. പക്ഷെ, അതുകൊണ്ടൊന്നും റൈസ് മിൽ പ്രശ്നം അവസാനിച്ചില്ല.


# പിഞ്ഞാണങ്ങൾ

**കോപ്പ, പ്ളേററ്, കപ്പസാസർ, ടീസെററ്, ക്ലോസെററ് മുതലായ പിഞ്ഞാണങ്ങൾ. മേത്തരമായ നിർമ്മാണം, ആദായവില.**

**NEW INDIA CERAMICS Ltd.**
**FEROKE (Malabar)**

ചെറുകഥ

# അവൾക്ക് ഒരു മംഗളപത്രം

എ. എം. ചന്ദ്രപാലൻ

റോഡിലേക്ക് കണ്ണയച്ചുകൊണ്ട്, ജന്നലരികിൽ നിൽക്കുകയായിരുന്നു ഞാൻ. മുന്നിലൂടെ നീങ്ങുന്ന ഓരോ മുഖവും ശ്രദ്ധിച്ചുകൊണ്ട്. യാതൊരു ദുരുദ്ദേശവും അപ്പോഴുണ്ടായിരുന്നില്ല.

സമയം പോകണം!

അത്രതന്നെ!

ഉടുത്തൊരുങ്ങിയ ചിത്രശലഭങ്ങളെപ്പോലുള്ള വിദ്യാർത്ഥിനികൾ! 'സിംപ്ളൻ' മീശക്കാരായ കോളജുകുമാരന്മാർ; തൊഴിലാളികൾ; ചുമട്ടുകാർ....അങ്ങിനെ പലരും കൺമുന്നിലൂടെ നീങ്ങിക്കൊണ്ടിരുന്നു. അധികനേരം അങ്ങിനെ നിൽക്കാൻ കഴിഞ്ഞില്ല. നാട്ടുകാരായ മൂന്നുനാലു സുഹൃത്തുക്കൾ പൊടുന്നനെ മുറിയിലേക്ക് കടന്നു വന്നു. സുഹൃത്തുക്കളെക്കൊണ്ട് വീർപ്പുമുട്ടിയിരിക്കുന്ന അവസരമാണ്. ഒരു കവിതയെഴുതാൻ പോലും അവർ സമ്മതിക്കയില്ല. എങ്കിലും അവെറുപ്പൊന്നും വന്നവരോട് കാണിച്ചില്ല. സ്വന്തം നാട്ടുകാരല്ലേ?

ഇരിപ്പിടങ്ങൾ നൽകി, ഞാൻ അവർ വന്ന കാര്യമന്വേഷിച്ചു. പുഞ്ചിരിച്ചുകൊണ്ട് ഒരാൾ മറുപടി തന്നു.

"വിശേഷിച്ചൊന്നുമില്ല."

മറ്റൊരാൾ പറഞ്ഞു.

"ഈ സ്ഥലം തേടി പിടിക്കാൻ ഞങ്ങൾ വളരെ വിഷമിച്ചു. ആദ്യം ആഫീസിൽ പോയി. അവിടെയില്ല. ഡ്യൂട്ടി രാത്രിയിലാണെന്നറിഞ്ഞു. ഒടുവിൽ അന്വേഷിച്ചന്വേഷിച്ചിവിടെയെത്തി!"

മൂന്നാമത്തെ സുഹൃത്താണ് കാര്യം പറഞ്ഞത്.

"ഞായറാഴ്ച നമ്മുടെ ബാലകൃഷ്ണന്റെ വിവാഹമാണ്. ഒരു മംഗളപത്രം വേണം!"

ഈ ബാലകൃഷ്ണനുണ്ടല്ലോ, പല തവണ പണം കടം തന്ന് എന്നെ സഹായിച്ച ഒരു സുഹൃത്താണ്. വാസ്തവത്തിൽ അനുമോദനത്തിലും മംഗളാശംസയിലുമൊന്നും എനിക്കു വിശ്വാസമില്ല. എങ്കിലും സന്ദർഭം നോക്കി, ഞാനനുകൂലിച്ചു.

"തീർച്ചയായും വേണം!"

ഉടനെ അവരുടെ വക നിർബന്ധമായി.

"മംഗളപത്രം നിങ്ങൾ തന്നെ എഴുതണം!"

മറ്റൊരു ചങ്ങാതി വിശദീകരിച്ചു.

"പദ്യത്തിൽ തന്നെയാക്കോട്ടേ!"

നാടുവിട്ടതിൽ പിന്നെ പല തവണയും കവിതയെഴുതാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ അതൊന്നും ഫലിക്കാറില്ല. പ്രചോദനമേൽക്കാത്ത ചുറ്റുപാടുകൾ. ഉന്മേഷമില്ലാത്ത ദിവസങ്ങൾ. പിന്നെ കഥയുണ്ടോ, കവിതയുണ്ടോ?....അപ്പോൾ എങ്ങിനെയാണ് മംഗളപത്രമെഴുതുക? മനസ്സുഖമില്ല. കടക്കാരെക്കൊണ്ടുള്ള ശല്യം ദുസ്സഹമാണ്. എങ്കിലും അന്തസ്സുള്ളൊരുദ്യോഗമുണ്ട്.

സഹപത്രാധിപർ!

അതിനാൽ ഒഴിഞ്ഞുമാറാൻ ശ്രമിച്ചുകൊണ്ട് ഞാൻ പറഞ്ഞു.

"ഞാനൊരൊറ്റ വരി കവിത പോലും എഴുതിയിട്ട് മാസം മൂന്നായി!"

എങ്കിലും രക്ഷപ്പെടാൻ കഴിഞ്ഞില്ല. അവർ കൂടുതൽ നിർബന്ധിച്ചു. അപ്പോൾ ഞാനഭിപ്രായപ്പെട്ടു.

"എന്നാൽ ഗദ്യത്തിലാവാം'

അവരെന്റെ വൈമനസ്യം കണ്ടിട്ടാവാം, അടവൊന്നു മാറ്റി.

"വെറുതേ വേണ്ട. പ്രതിഫലം തന്നേക്കാം."

ഒരു പുത്തനഞ്ചുറുപ്പിക നോട്ട് എന്റെ നേർക്കു നീട്ടപ്പെട്ടു. ഞാനതു വാങ്ങാൻ മടിച്ചില്ല. ജോലി ചെയ്യുന്നതിനു കൂലി വാങ്ങുന്നതു പാപമല്ലല്ലോ....?

കാര്യം നേടിയെന്നായപ്പോൾ അവർ പറഞ്ഞു.

"ഞങ്ങൾക്ക് ചിലതൊക്കെ വാങ്ങാനുണ്ട്. രണ്ടു മണിക്കൂർ കഴിഞ്ഞു ഞങ്ങൾ വരും. അപ്പോഴേക്കും തയ്യാറാവണം!"

കവിത വാർക്കാൻ ശ്രമിക്കുകയായിരുന്ന ഞാൻ ഒന്നു തലയാട്ടുക മാത്രം ചെയ്തു. അവർ പോയി. തനിച്ചിരുന്ന് മൂളി മൂളി ആറേഴു വരി ഞാൻ പാകപ്പെടുത്തിയെടുത്തു. അപ്പോഴുണ്ട് പോയ കൂട്ടത്തിൽ നിന്ന് ഒരാൾ തിരിച്ചു വന്നു പറയുന്നു.

"വധൂവരന്മാരുടെ പേർകൂടി കവിതയിൽ കൊള്ളിക്കണം!"

വിചിത്രമായ അപേക്ഷ!

'അതിനൊന്നും സാദ്ധ്യമല്ല!' എന്നു പറയാനാണു ആദ്യം തോന്നിയത്. പറഞ്ഞതോ ശ്രമിച്ചു നോക്കാമെന്നും"...കയ്യിലുണ്ടായ പതിനഞ്ചുറുപ്പികബുദ്ധിമോശംകൊണ്ട്

**ഒളശ്ശ ധന്വന്തരിവിലാസം ആയുർവേദ വൈദ്യശാല**

ഒളശ്ശ, കോട്ടയം, തിരുവിതാംകൂർ—കൊച്ചി.

ബ്രാഞ്ചുകൾ:— കോട്ടയം, ആലപ്പുഴ, പാലാ.

**അനുഭവസിദ്ധമായ ഭാർഗ്ഗവരസായനം**

ചുമ, ശ്വാസംമുട്ടൽ, രക്തപിത്തം, ക്ഷയം, അർശസ്സ്, വിളർച്ച, വാതരോഗങ്ങൾ, വാതരക്തം, ഹൃദ്രോഗം, രക്തസമ്മർദ്ദം, മൂത്രദോഷം, ശുക്ലദോഷം, നെഞ്ചടപ്പ്, ഉരക്ഷതം, സ്വപ്നസ്ഖലനം മുതലായ രോഗങ്ങളെ നിശ്ശേഷം നശിപ്പിക്കുവാൻ—യൗവനത്തെ നിലനിറുത്തുവാൻ—അരോഗദൃഢഗാത്രരായി ജീവിക്കുവാൻ—സ്ത്രീകൾക്ക് പ്രസവാനന്തരം ആരോഗ്യസംവർദ്ധനത്തിനു സേവിക്കുവാൻ—ഏകസിദ്ധൗഷധം ഭാർഗ്ഗവരസായനമത്രെ. പത്ഥ്യം യാതൊന്നും വേണ്ട. ഓരോ രൂപാത്തൂക്കം കാലത്തും വൈകിട്ടും ഭക്ഷണത്തിനു 1 മണിക്കൂർമുമ്പായി സേവിക്കുക.

മാനേജർ, വൈദ്യൻ കെ. നാരായണപിള്ള.

നഷ്ടപ്പെടരുതല്ലോ!

തലയുടെ പിൻവശം ചൊറിഞ്ഞു" ആ ചങ്ങാതി പിന്നേയും പറയുകയാണു്.

"ആ....ഒന്നു മറന്നു!"

എനിക്കു കോപം കൂടുതലായി 'എന്തോ' എന്നു ഞാൻ ചോദിച്ചില്ല. എന്നിട്ടും മറന്നു പോയതു മുഴുവൻ ഒററ ശ്വാസത്തിനായാൾ പറഞ്ഞു.

വരന്റെ പേരും വീട്ടുപേരും. അതു ഞാൻ സഹിച്ചു. പിന്നെ വധുവിന്റെ വീട്ടുപേരും പേരും.

എനിക്കു വീർപ്പുമുട്ടിപ്പോയി.

അൽപ്പം ററക്കവുമുണ്ടായി.

പേന താഴെ വീണു, ഹൃദയത്തിലൂടെ മിന്നൽപിണരുകൾ പുളഞ്ഞു മാഞ്ഞു. എഴുതിയടത്തോളം കവിത ചീന്തി കാററിൽ പറപ്പിച്ചുകൊണ്ടു് ഞാൻ അവസാന വിധി പ്രഖ്യാപിച്ചു.

"ഈ മംഗളപത്രമെഴുതാനെനിക്കു സാദ്ധ്യമല്ല!"

അതേ അതു തന്നെയാണു് പറഞ്ഞതു്. അതേ വാക്കുകൾ......... അല്ലെങ്കിൽ....ഒന്നു ചോദിച്ചോട്ടോ: നിങ്ങളുടെ പ്രണയിനിയുടെ വിവാഹത്തിനു മംഗളപത്രമെഴുതാൻ നിങ്ങൾ മിനക്കെടുമോ?

## ഗൃഹനായികയുടെ സേവനങ്ങൾ

(2-ാം പേജിൽനിന്നു തുടർച്ച)

ൾക്കില്ല. ഒരു നല്ല വർഗ്ഗത്തെ രൂപപ്പെടുത്തുവാൻ കുടുംബസംവിധാനം സഹായിക്കുന്നു. എന്നാൽ ഇൻഡ്യയിലെ ഭൂരിപക്ഷം സ്ത്രീപുരുഷന്മാർക്കു് അതിനെപ്പററി അറിവില്ല. അച്ചടക്കത്തോടും ക്രമീകൃതമായ രീതിയിലും ജീവിക്കുവാൻ സ്ത്രീകൾക്കു് അറിഞ്ഞുകൂടാ. പിന്നെ കുട്ടികളെ പരിശീലിപ്പിക്കുന്ന കാര്യം പറയാനില്ലല്ലോ. ശിശുക്കളുടെ മനഃശാസ്ത്രത്തെപ്പററി അവർ കേട്ടിട്ടേയില്ല. ജീവിതത്തിന്റെ ആഹ്ലാദം നമ്മുടെ ഗൃഹങ്ങളിൽ നിന്നു് പറപറന്നു. അടിസ്ഥാനപരമായ ഈ സേവനങ്ങൾ അനുഷ്ഠിക്കുവാൻ പര്യാപ്തമായ സാഹചര്യങ്ങൾ നാം സൃഷ്ടിക്കണം.

വീടിനു പുറമേ പോയി വിപണികളെ ആശ്രയിക്കാതെ വസ്ത്രവും ഭക്ഷണവും നിർമ്മിക്കുവാൻ പൂർവ്വകാലങ്ങളിൽ ഒരു ഗൃഹനായികയ്ക്കു് സാധിച്ചിരുന്നു. ചെറിയ കുടിൽവ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുകയും, ഉൽപ്പന്നങ്ങൾ വിററഴിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്താൽ സാധുകുടുംബങ്ങൾക്കു് താണനിലയിലുള്ള ഒരു ജീവിതനിലവാരം കെട്ടിപ്പടുക്കുന്നതിനു് സഹായകരമായിരിക്കും.



ചെറുകഥ

# പൂർണ്ണത കാണാത്ത പെൺ!

## കെ. ഭാസ്കരൻപിള്ള, കോഴിക്കോട്

വിദൂരമായ ഭർതൃഗൃഹത്തിലേക്കു വനജ പോവുകയാണ്. വണ്ടിയുടെ സെക്കണ്ട് ക്ലാസ് മുറിയിൽ അവൾ പുറത്തേക്കു നോക്കിയിരിക്കുന്നു. ആ മുറിയിൽ അവളുടെ ഭർത്താവല്ലാതെ മറ്റാരുമില്ല. ഇരുളിന്റെ നീരന്ധ്രതയിൽ അതിവേഗമോടിക്കൊണ്ട് എന്തെല്ലാമോ അവ്യക്തചിത്രങ്ങൾ, ആ തുറന്നിട്ട കവാടം വഴി അവൾ നോക്കിയിരിക്കുകയാണ്. മജ്ജയിലേക്കു തുളഞ്ഞുകയറുന്ന കുളിർത്ത കാറ്റ് ഇരമ്പിക്കയറിക്കൊണ്ടിരുന്നു. അവളുടെ കരളിൽ അസുഖകരമായ കുളിരലകൾ സൂചിമുനകൾ പോലെ വന്നു തറച്ചുകൊണ്ടിരുന്നു. അവൾ ചില്ലിട്ട വാതിൽ ഉയർത്തിയടച്ചു. മജ്ജ മരവിപ്പിക്കുന്ന കുളിർകാറ്റും നിലച്ചു. അവൾക്കു വണ്ടിക്കകം മാത്രം കാണാം—

മുറിയിൽ ഘടിപ്പിച്ചിരിക്കുന്ന വൈദ്യുതവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ അവളാദ്യമായി ആ മുറിയിലാകമാനം ഒന്നു കണ്ണോടിച്ചു.........ബെർത്തിന്നു പുകളിൽ രണ്ടു വലിയ ട്രങ്കുകൾ, ഒന്നുരണ്ടു കുട്ടകൾ........ അവളുടെ മുൻസീറ്റിൽ 'ബെഡ് ഷീറ്റ്' വിരിച്ചു സുഖമായുറങ്ങുന്ന ഭർത്താവിനേയും അവൾ നല്ലപോലെ നോക്കി. ഉറങ്ങുകയല്ലേ? നന്നായി നോക്കാം. അവൾ ഭർത്താവിനെ സൂക്ഷിച്ചുനോക്കി....ഓ, ആ അടഞ്ഞ കണ്ണുകളുടെ അഗാധതയിൽ പ്രണയത്തിന്റെ പൂർണ്ണതയും തങ്ങിക്കിടക്കുന്നുണ്ടോ?... അവളുടെ കണ്ണിൽ ചിന്താത്മകമായ ഒരു വ്യഗ്രത പരന്നു. അവൾ ചിന്തിക്കുകയാണ്....

“....ഒരു പുരുഷനു് അവന്റെ ജീവിതത്തിൽ ഒരു സ്ത്രീയെ മാത്രമേ ആത്മാർത്ഥമായി സ്നേഹിക്കാൻ കഴിയൂ....” അവൾ എവിടെയോ പഠിച്ചറിഞ്ഞ ഒരു തത്വശാസ്ത്രം ഓർമ്മയിൽ തെളിയുകയാണ്. ശരിയാണതു്; വേദനാനിർഭരമായ ആ പരമാർത്ഥം അവൾ തികച്ചും വിശ്വസിക്കുന്നു! പക്ഷെ,....... പക്ഷെ,....ഇപ്പോൾ അവൾ വന്നുപെട്ടിരിക്കുന്നതോ—?

ഒരു രണ്ടാം ഭാര്യയായിട്ട്!

വനജ ഒന്നു ഞെട്ടിപ്പോയി—!

രണ്ടാംഭാര്യ!— സ്നേഹചലനങ്ങളത്രയും പുതുമയിൽ മാഞ്ഞുപോയ ഒരു ശൂന്യഹൃദയത്തിന്റെ പങ്കാളിയാവുക; പ്രേമത്തിന്റെ ഉറവടഞ്ഞ ഒരു ഹൃദയക്കയത്തിൽ പ്രണയസ്നിഗ്ദ്ധമായ മറ്റൊരു ഹൃദയം ഇറങ്ങിച്ചെല്ലുക!.... അനുഭൂതിയില്ലാത്ത ആ ആത്മീയച്ചേർച്ച വേദനാത്മകമല്ലേ?....ശരിയാണ്. പക്ഷെ, ഇന്നവൾ അത്തരമൊരു ദാമ്പത്യബന്ധത്തിലകപ്പെട്ടിരിക്കുകയാണ്—!

ആ ബന്ധം അവളിഷ്ടപ്പെട്ടിട്ടല്ല സംഭവിച്ചതു്. പിന്നെയോ? കാലത്തിന്റെ ഒരവ്യക്തകരം അങ്ങിനെ കൂട്ടിയിണക്കിക്കളഞ്ഞു, അത്ര മാത്രം! അതിനു് ആ ശപിക്കപ്പെട്ട കാലത്തോട് അവൾക്കവജ്ഞയുണ്ട്. പക്ഷെ, ആ അവജ്ഞകൊണ്ടു് ഇന്നു പ്രയോജനമില്ലാതെയാണിരിക്കുന്നതു്........

....ജീവിതം ഒരുതരം മധുരഫലമാണെന്നായിരുന്നു അവളന്നു കരുതിയിരുന്നതു്. അല്ലലില്ലാതെ കഴിഞ്ഞ ആ ബാല്യകാലം കഴിഞ്ഞുപോയി. ഫിഫ്ത്തിൽവച്ചു് അവിചാരിതമായി അവളുടെ പഠിപ്പു നിറുത്തേണ്ടിവന്നു. പിന്നെ അവൾ വീട്ടിലിരിക്കുകയായിരുന്നു.........

വസന്തവല്ലരി വിരിഞ്ഞ താരുണ്യലത അവളിൽ പടർന്നു കയറിക്കൊണ്ടിരുന്നു. പൊൻപ്രതീക്ഷകളും, മാദകാഭിലാഷങ്ങളും ആ നീലനേത്രങ്ങളിൽ സ്വപ്നശാലീനത പരത്തി. അവൾ അവളറിയാതെ ചുറ്റുപാടുകൾ ഉറ്റുനോക്കാൻ പരിശീലിക്കുകയാണ്........!

അന്നാണ് ആദ്യമായി അവളുടെ പേർ ചേർത്ത ഒരു വിവാഹക്കാര്യം അവൾ കേൾക്കുന്നതു്.... തുള്ളിത്തെറിക്കുന്ന താരുണ്യത്തിന്റെ പ്രതീക്ഷ തുളുമ്പുന്ന നെട്ടുവീർപ്പുകൾ ആ വീട്ടിൽനിന്നുയർന്നു; ഭാവിയുടെ അപാരതയിൽ ആ സ്വപ്നനേത്രങ്ങൾ എന്തിനോ വേണ്ടി പുളയുകയാണ്, വെമ്പുകയാണ്....!

വൃദ്ധനായ ഒരു ജ്യോത്സ്യൻ വനജയുടെ വീട്ടിലെത്തി. ആ വീടിനെ സംബന്ധിച്ച് അയാളുടെ മുഖത്തു പാരമ്പര്യത്തിന്റെ സ്വാധീനത നിഴലിച്ചിരുന്നു. അയാൾ 'ജാതകം' നോക്കാൻ തുടങ്ങി....

“വനജയുടെ ജാതകത്തിൽ ചൊവ്വാദോഷം കൂടുതലുണ്ട്....വരന്റെ ജാതകത്തിലതു തീണ്ടിയിട്ടുകൂടിയില്ല.... പൊരുത്തമില്ല....!”

ജ്യോത്സ്യൻ അവസാനം വിധിച്ചു; അതൊരു ഭയങ്കര തീരുമാനമാ

യിരുന്നു!

ആ വിവാഹകാര്യം അലസിപ്പോയി!........

ജീവിതത്തിലാദ്യമായാഗമിച്ച വൈവാഹികാന്വേഷണം അലസിപ്പോവുക! അതു് തകർച്ചകൾ നിറഞ്ഞ ഭാവിയുടെ ഒരു നാന്ദിയാണോ—? വനജ ഓർത്തു—!

ദിവസങ്ങൾ നീങ്ങുകയാണു്. വനജയെ സംബന്ധിച്ചിടത്തോളം ആശങ്കയാളിപ്പിടിച്ചു നോവുന്ന നാളുകൾ!....

പിന്നെയും വന്ന വിവാഹാന്വേഷണങ്ങൾ! പക്ഷെ, എല്ലാം അലസിപ്പോവുകയാണു്!........ ചൊവ്വ! ചൊവ്വ!! ചൊവ്വ!!! ആ പദങ്ങൾ അത്ര കട്ടത്ത പ്രതിബന്ധമാണോ? വിവാഹാന്വേഷണങ്ങളുടെ നീണ്ട ഘോഷയാത്രകളെ ഇത്ര ശക്തമായി തടഞ്ഞുനിർത്താൻ ആ രണ്ടക്ഷരങ്ങൾക്കു കെൽപ്പുണ്ടോ—? വനജ ഓർത്തുപോവുകയാണു്....! വൈവാഹികജീവിതത്തിന്റെ മനോജ്ഞാനുസ്മരണങ്ങൾക്കു മുന്നിൽ 'ചൊവ്വ' എന്ന പദം ദിഗന്തങ്ങളെ വിറപ്പിച്ചുകൊണ്ടു മുഴങ്ങുന്നതായി വനജയ്ക്കു തോന്നി—!!.... ഓ, ചൊവ്വയില്ലായിരുന്നെങ്കിൽ....!

പഴമയിലും, പാരമ്പര്യത്തിലും തങ്ങിക്കിടക്കുന്ന അവളുടെ കുടുംബത്തിന്റെ ജാതകം തിരുത്തിയെഴുതാൻ സാദ്ധ്യമല്ലാത്തവിധം വെരണ്ടിറങ്ങിയിരിക്കയാണു്! അവർ അവരുടെ വിശ്വാസങ്ങളിൽ ജീവിക്കുന്നു. ആ വിശ്വാസജീവികൾക്കു പഴമയിൽനിന്നു പിന്മാറിയവരുടെ പിഴകൾ ഒരുപാട പതരിപ്പിക്കാനുണ്ടു്.

"....അതാ, കണ്ടില്ലേ ഭർത്താവിനെ കൊന്നിരിക്കുന്ന യുവതിയായ വിധവയെ; പ്രണയമാണു പോൽ പ്രണയം!....അവരുടെകഷ്ടപ്പാടു തീരുല; അവർ ജാതിമുറ തെറ്റിയവരല്ലേ!.... ജാതകം നോക്കിയല്ലാതെ കല്യാണം കഴിക്കരുതെന്നു പറഞ്ഞപ്പോൾ പുച്ഛരിച്ച ആ വീട്ടുകാർ കണ്ണീർ കുടിക്കുന്നതു കണ്ടില്ലേ; ഭർത്താവു മരിച്ച പെണ്ണിനേയും വെച്ചിട്ടു്....!"

ഇങ്ങിനെ നീണ്ടുനീണ്ടു പോകും ആ പട്ടിക ...!

അങ്ങിനെ ഒരു നീണ്ട പട്ടികയും വെച്ചു പുലരുന്ന വനജയുടെ വീട്ടുകാർക്കെതിരു നിൽക്കാൻ വനജയ്ക്കു കഴിഞ്ഞില്ല. അതവളുടെ ഒരു പരാജയമാവാം, അല്ലായിരിക്കാം........?

അവൾ കാത്തിരിക്കുകയാണു് ..... നീണ്ട കാത്തിരിപ്പു്....!!

വർഷങ്ങൾ തന്നെ അവളുടെ കയ്യിൽനിന്നു വഴുതി വഴുതിപ്പോവുകയാണു്; ജീവിതത്തെ സ്പർശിക്കാത്ത സംഭവശൂന്യമായ വർഷങ്ങൾ! അതൊന്നിച്ചു് ജീവിതനിർവൃതികളും അകന്നുപോവുകയാണെന്നു് അവളറിഞ്ഞില്ല! അതെ, അവളുടെ താരുണ്യവും ചോർന്നുപോവുകയാണു്; അവളറിയാതെ....!

അവൾക്കു വയസ്സു് ഇരുപത്തിനാലു കഴിഞ്ഞു!

മധുരപ്പതിനേഴിൽ പൂമണം വിതറുന്ന അവളേയും കാംക്ഷിച്ചു വിവാഹാന്വേഷണങ്ങൾ തുരുതുരെ വന്നിരുന്നു. ഇന്നങ്ങിനെയില്ല—! കാരണം വ്യക്തമാണു്—

"ഓ, പെണ്ണു് കുറേ മൂത്തുപോയി; ഇന്റെ മോന് അത്ര മുരടിച്ചതിനെ കെട്ടാനൊന്നും തലയിലെഴുതീട്ടില്ല—!"

വനജ ആ പൊതുജനസംസാരം നേരിട്ടു കേട്ടിട്ടില്ലായിരുന്നു. പക്ഷെ, അവളുടെ ചിന്താമണ്ഡലത്തിൽ ആ ആശയം കൊടുങ്കാറ്റു പോലെ വീശി. ഒരു യുവതിയുടെ നാണത്തുട്ടേറിയ ചിന്താമണ്ഡലത്തിൽ നോവുന്ന വികാരം കയറിക്കൂട്ടുക—ഹൌ! അതു വല്ലാത്തൊരവസ്ഥയാണു്!!....

കാത്തിരിപ്പുകൾ ചക്രവാളത്തോളം നീണ്ടുപോവുകയാണു്....!

അപ്പോഴാണു് ആകസ്മികമായി സുരേന്ദ്രൻ അവിടെ എത്തിപ്പെട്ടതു്. സുരേന്ദ്രന്റെ അമ്മയുള്ള കാലത്തു് അയാളൊരു വിവാഹം കഴിച്ചിരുന്നു. ആ ഭാര്യ കുറേ കഴിഞ്ഞപ്പോൾ, ഒരു പ്രസവത്തിൽ മരിച്ചുപോയി. ഇന്നയാൾ ഭാര്യ മരിച്ച—ഒരവിവാഹിതനാണു്.

കാര്യമെന്തുമാകട്ടെ. സുരേന്ദ്രൻ സൽസ്വഭാവിയായ ഒരു യുവാവാണെന്നു വനജയുടെ വീട്ടുകാർക്കു ബോദ്ധ്യമുണ്ടു്. അയാൾതന്നെ വനജയുടെ കല്യാണമന്വേഷിച്ചിരിക്കുകയും ചെയ്യുന്നു. നെട്ടുനാൾ നീണ്ടുപോയ വനജയുടെ വിവാഹം ഉടനടി കഴിക്കാനാഗ്രഹിച്ചിരിക്കുന്ന ആ വീട്ടുകാർ, സുരേന്ദ്രന്റെ ആവശ്യം ക്ഷണത്തിലംഗീകരിച്ചു. അങ്ങിനെ ജാതകപരിശോധനയും കഴിഞ്ഞു. അതെന്തുകൊണ്ടോ നല്ല പൊരുത്തവുമുണ്ടായിരുന്നു. അങ്ങിനെയാണു് ആ വിവാഹം നടക്കുന്നതു്....

വനജയ്ക്കതിൽ പൂർണ്ണസമ്മതമുണ്ടായിരുന്നില്ല.... സ്നേഹചലനങ്ങളത്രയും പുതുമയിൽ മാഞ്ഞുപോയ ഒരു ശൂന്യഹൃദയത്തിന്റെ പങ്കാളിയാവുക; പ്രേമത്തിന്റെ ഉറവടഞ്ഞ ഒരു ഹൃദയകയത്തിൽ പ്രണയസ്നിഗ്ദ്ധമായ മറ്റൊരു ഹൃദയം ഇറങ്ങിച്ചെല്ലുക!.... അനുഭൂതിയില്ലാത്ത ആ ആത്മീയച്ചേർച്ച വേദനാത്മകമല്ലേ?.... പൊരുത്തമില്ലാത്ത ആ ദാമ്പത്യം ഒരു പരാജയമല്ലേ?.... പക്ഷെ, മലവെള്ളം പോലെ ഒഴുകിപ്പോവുന്ന കാലം അവളെ വീർപ്പുമുട്ടിക്കുകയാണു്; അതു് ആ വിവാഹാനുവാദത്തിനു് അവളെ പ്രേരിപ്പിച്ചു! ഈ ബന്ധം കൂടി അറുത്തെറിയുകയാണെങ്കിൽ, താനൊരു നിത്യകന്യകയായിത്തന്നെ ജീവിക്കേണ്ടിവരുമെന്നു് അവൾക്കു തോന്നി. അതു സാദ്ധ്യമല്ല! ജീവിതം തനിക്കാസ്വദിക്കണം... ....മതി വരുവോളം...?

# THE AARON SPINNING & WEAVING MILLS LTD.

**PAPPINISERI, N. MALABAR.**

***MANUFACTURERS OF:-***

**SUPERIOR MULLS (Bleached & unbleached)**
**LONGCLOTHS, SHIRTINGS Etc.**
**Suitable for Export Markets.**

## Enquiries for export trades solicited.


അതു് ഈ രണ്ടാം ഭാര്യാത്വത്തിൽനിന്നു സാദ്ധ്യമാണോ? എങ്കിലും, ....സംശയപൂർണ്ണവും, വിഷാദജഡിലവുമായ ആ ദാമ്പത്യബന്ധം അവളൊടുവിൽ അനുവദിച്ചു....!

ആ വിവാഹം നടന്നു!....

........വിദൂരമായ ഭർത്തൃഗൃഹത്തിലേയ്ക്കവൾ പോവുകയാണു്. പിറന്ന നാട്ടിൽനിന്നു പിരിഞ്ഞകന്നവൾ പോവുകയാണു്! അതും ഒരു രണ്ടാംഭാര്യയായിട്ടു്...!

....വണ്ടി ഏതെല്ലാമോ സ്റ്റേഷനിൽ നിൽക്കുകയും പുറപ്പെട്ടു പോവുകയും ചെയ്യുട്ടുണ്ടായിരുന്നു. അതൊന്നുമറിയാതെ അവൾ ചിന്തിച്ചിരിക്കുകയാണു്;. ചിന്തിക്കുകയാണു്. പ്രതീക്ഷാനിർഭരമായ ഒരു ഹൃദയത്തോടെയല്ല; ഒരു രണ്ടാം ഭാര്യയുടെ വേദനയോടെ!

തന്നെ തന്റെ ഭർത്താവിനു് ആത്മാർത്ഥമായി സ്നേഹിക്കുവാൻ കഴിയുമോ? ഹാ! അദ്ദേഹം അങ്ങിനെ സ്നേഹിച്ചെങ്കിൽ... ! അവളിലൂടെ ഒരു പൊട്ടിത്തരിപ്പു് ഇഴഞ്ഞുകയറി; ആ മുഖത്തു് ഒരരുണിമ പടർന്നു!.... ഇല്ല; ആ സ്നേഹപാശം ആദ്യഭാര്യയിൽ അയഞ്ഞുപോയിരിക്കുന്നു. ഇന്നതിൽ അവശേഷിച്ച സ്നേഹത്തിന്റെ അംശങ്ങൾ തികച്ചും ആസ്വാദ്യതയററതായിരിക്കും! സ്നേഹശൂന്യമായ ആ ശുഷ്കസാമ്രാജ്യത്തിൽ തന്റെ അഭിലാഷങ്ങൾക്കു വികസിക്കാൻ സ്ഥാനം കിട്ടുമോ—?....

....ഭാവി ജീവിതത്തെക്കുറിച്ചു് ഒരു തീരുമാനം കിട്ടാൻ വിഷമമായിട്ടവൾക്കു തോന്നും. മറുക്ഷണം ഉത്തരം ലഭിക്കുകയും ചെയ്യും: "...., താനോമനിച്ചു വളർത്തിയ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സാദ്ധ്യമല്ല; കാരണം, താനിന്നൊരു രണ്ടാം ഭാര്യയാണു്—!...." ഓ, ഒരുപക്ഷെ, അദ്ദേഹം തന്നെ ആത്മാർത്ഥമായി സ്നേഹിച്ചേക്കുമോ—? ....അങ്ങിനെയും അവൾ ചിന്തിച്ചുപോകും. ഏതായാലും ഭീതി നിറഞ്ഞ ഒരവസ്ഥ മാത്രമേ അവൾക്കു വിഭാവന ചെയ്യാൻ കഴിഞ്ഞുള്ളൂ.

........അവൾ ഒന്നു മയങ്ങിപ്പോയി................

"വനജേ എഴുന്നേല്ക്കു. ഇതാ സ്റ്റേഷനിലെത്തി—"

അവളെ അവളുടെ ഭർത്താവു തട്ടിവിളിച്ചു. അവൾ പിടഞ്ഞെഴുന്നേററു. ദാ, നേരം പുലർന്നിരിക്കുന്നു!...........

....വനജ ഭർത്തൃഗൃഹത്തിലെ

ത്തി. അതൊരു മാളിക വീടായിരുന്നു.

"വനജേ, ഇതാണ് എനി നിന്റെ വീട്"—"

സുരേന്ദ്രൻ അവളുടെ അരുണിമ നിറഞ്ഞ കവിളിണയിൽ തോണ്ടിക്കൊണ്ടു പറഞ്ഞു. ഭർത്താവിന്റെ ആ സ്നേഹ പ്രകടനത്തിൽ അവൾ ആത്മാർത്ഥത കാണുന്നില്ല; ഒരു തരം അഭിനയം—!

"ഓ, വൈവാഹികാശംസകൾ........!!"

സുരേന്ദ്രന്റെ ചില സുഹൃത്തുക്കൾ അവിടേയ്ക്കു കയറിവന്നു. സുരേന്ദ്രൻ പുഞ്ചിരിച്ചു കൊണ്ടവർക്കു സ്വാഗതം പറഞ്ഞു ...തന്റെ ഭാര്യയെ അവർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു... ........

"വനജേ, അതാ ആ സാധനങ്ങളെല്ലാം മുകളിൽ കൊണ്ടുപോയ് അടുക്കി വെയ്ക്കൂ. എത്രനാളായി ഇവിടെ സ്ത്രീത്വം മുഴങ്ങുന്ന ചിട്ടകൾ കണ്ടിട്ട്—"

സുരേന്ദ്രൻ വനജയെ നോക്കി മന്ദഹിച്ചുകൊണ്ട് ആജ്ഞാപിച്ചു. ലോലവും, പ്രണയമസൃണവുമായ ആജ്ഞാപനം! പക്ഷെ, അതു് ആത്മാർത്ഥതയററ സ്നേഹവചസ്സുകളായി വനജയ്ക്കു തോന്നി. ആത്മാർത്ഥയററ സ്നേഹത്തിന്റെ അപഹാസമായിട്ടനുഭവപ്പെട്ടു—!

വനജ പുറമെ കാണാത്ത ഒരു വേദനയോടെ ഒരു പെട്ടിയുമെടുത്തു മുകളിലേയ്ക്കുപോയി........ ...

മനോഹരമായലങ്കരിച്ച ഒരു ചട്ടക്കൂട്ടിനുള്ളിൽ സുന്ദരിയായ ഒരു യുവതി പുഞ്ചിരിതൂകി നിൽക്കുന്നു. അതു് അവളുടെ ഭർത്താവിന്റെ ആദ്യഭാര്യയുടെ ചിത്രമായിരുന്നു........! ആ പുഞ്ചിരി തന്റെ ഹൃദയത്തിൽ തീപ്പറപ്പിക്കുന്നതെന്നു വനജയ്ക്കു തോന്നി!!........... വനജ നീറുന്ന സഹൃദയത്തോടും, ഒരുവല്ലാത്ത പകയോടും കൂടി ആ ചിത്രത്തിലേയ്ക്കും നോക്കി ഒട്ടുവളരെ നേരം നിന്നു പോയി.........!!




പെട്ടെന്നു പിന്നിൽ നിന്നൊരു കാൽപ്പെരുമാററം വനജ ശ്രദ്ധിച്ചു. ആ ചിത്രംമൂലം സ്നേഹമപഹരിക്കപ്പെട്ടുപോയ, സ്നേഹമാററ അവളുടെ ഭർത്താവ് വരികയാണ്!

വനജയെന്താ ആ ചിത്രത്തിലുറു നോക്കി നിൽക്കുന്നതു്. അതെന്റെ ആദ്യഭാര്യ........"

വനജ മൗനം പൂണ്ടു തലതാഴ്ത്തി നിന്നതേയുള്ളു. ആ ഹൃദയത്തിൽ അജ്ഞാതമായ ഒരു പക നീറിപ്പുകയുന്നുണ്ടായിരുന്നു—!

....അവളുടെ മുഖത്തേയ്ക്കു് നോക്കിയ സുരേന്ദ്രന്റെ ഹൃദയത്തിൽ, അവളുടെ ഹൃദയമത്രയും പ്രതിഫലിച്ചു—!

"ഓ, വനജയ്ക്കുതു് വിഷമമാണെന്നു എനിക്കറിയാം. ഒരുരണ്ടാം ഭാര്യയ്ക്കുതു് സ്വാഭാവികമാണ്. ശരി, ആ ചിത്രം........"

സുരേന്ദ്രൻ ആ ചിത്രത്തിന്നടുത്തേയ്ക്കു നീങ്ങി. പെട്ടെന്നു അവിടെയുണ്ടായിരുന്ന ഒരു മരവടികൊണ്ടു സുരേന്ദ്രൻ ആ ചിത്രത്തിലേയ്ക്കു് ആഞ്ഞൊരടികൊടുത്തു. ആ ചിത്രം ചുമരിൽനിന്നു പൊടിഞ്ഞു താഴെ വീണു. വനജ ഞെട്ടിപ്പോയി!

"വനജേ, നിന്നെ പീഢിപ്പിക്കുന്ന വേദന എനിക്കെന്തെന്നറിയാം നീയെന്റെ രണ്ടാം ഭാര്യയല്ല; ആദ്യ ഭാര്യതന്നെയാണു്! ഞാൻ നിന്നെ ആദ്യഭാര്യയെക്കാൾ സ്നേഹിക്കും, പ്രേമിക്കും .......!"

സുരേന്ദ്രൻ വനജയുടെ സമീപത്തേയ്ക്കു നീങ്ങി.

വനജ അനന്തതയിലെയ്ക്കു തുറിച്ചു നോക്കിക്കൊണ്ടു നിന്നതേയുള്ളു.. ആ കണ്ണുകളിൽ ചിന്താത്മകത്വം സ്ഫുരിച്ചിരുന്നു—!

പൊടിഞ്ഞുതകർന്ന ആ ചിത്രത്തിലേയ്ക്കൊന്നു നോക്കിയ വനജ ചിന്തിക്കുകയാണ്:

"സ്നേഹിക്കാനറിയാത്ത മനുഷ്യൻ! എനിയൊരു വിവാഹം കഴിക്കുകയാണെങ്കിൽ എന്റെ ചിത്രവും ഇതുപോലെ ........ !!!"

നിയതിയും, ആ ചിതറിയ ചിത്രവും അവളെ നോക്കിഹാസ്യാത്മകമായി പൊട്ടിച്ചിരിച്ചു; "പൂർണ്ണത കാണാത്ത പെൺ!"

ഭയങ്കരമായ ഒരു മൂകതയിൽ വനജയതുകേട്ടു നടുങ്ങി!

....ഒരുദിവ്യപ്രകാശം പരന്ന വനജയുടെ ആ കണ്ണുകളിലേയ്ക്കു നോക്കിയ സുരേന്ദ്രൻ അവളെ ആവേശത്തോടെ വാരിപ്പുണർന്നു!

1001 രാവുകളിൽ ഷഹ്റസാദ് എന്ന മന്ത്രികുമാരി പറഞ്ഞ ഒന്നാമത്തെ കഥ

# മുക്കുവനും ജിന്നിയും

(തുടർച്ച)

(മുക്കുവൻ വല വീശി ഒരു കുടം കിട്ടി. കുടത്തിൽ പ്രതിഷ്ഠിതനായിരുന്ന ഒരു ഭൂതത്താൻ പുകയുടെ രൂപത്തിൽ പുറത്തു വന്നു. സുലൈമാന്റെ (ശലോമോന്റെ) കാലം മുതൽ കുടത്തിൽ ബന്ധനസ്ഥനായിരുന്ന ഭൂതത്താൻ രക്ഷിക്കുന്നവനെ കൊല്ലുമെന്നു ശപഥം ചെയ്തിരുന്നു. ആ ഭൂതത്താനെ രക്ഷിക്കുവാനുള്ള ദൗർഭാഗ്യം മുക്കുവനാണു സംഭവിച്ചതു്. വിമുക്തനായ ഭൂതത്താൻ മുക്കുവനെ വധിക്കുവാൻ ഭാവിച്ചു. അപ്പോൾ സൂത്രശാലിയായ മുക്കുവനു് ഒരുപായം തോന്നി. ഭീമാകാരനായ ഭൂതത്താൻ എങ്ങനെ ഈ കുടത്തിൽ കയറിയെന്നു കാണിച്ചുതരാമോ എന്നു മുക്കുവൻ ചോദിച്ചു. കാണിച്ചുതരാമെന്നു പറഞ്ഞു് ഭൂതത്താൻ സ്വയം ആവിയായി ചമഞ്ഞു് ആ കുടത്തിൽ കയറി. ആ തരം നോക്കി മുക്കുവൻ കുടം അടച്ചു. സുലൈമാന്റെ മുദ്രയുള്ള അടപ്പു് ആയിരുന്നതിനാൽ ഭൂതത്താനു കുടം തുറക്കുവാൻ സാദ്ധ്യമല്ലായിരുന്നു. ഇതാണു് കഴിഞ്ഞ ലക്കത്തിലെ കഥയുടെ സാരം. അതിന്റെ തുടർച്ച ഇവിടെ ചേർക്കുന്നു.)

ഭൂതത്താൻ ഇങ്ങനെ വിളിച്ചുപറഞ്ഞു:—"നിനക്കു ഞാൻ ഐശ്വര്യം വളർത്താം. അതിനുവേണ്ടി എന്നെ തുറന്നുവിടുക."

മുക്കുവൻ— ശപിക്കപ്പെട്ടവനേ നീ കള്ളം പറയുകയാണു്. എന്നെ നീ വിട്ടിരുന്നെങ്കിൽ നിന്നെ ഞാനും വിട്ടുമായിരുന്നു. എന്റെ മരണമൊഴികെ മറ്റൊന്നുകൊണ്ടും നീ തൃപ്തിപ്പെടുകയില്ലായിരുന്നു. ഞാൻ നിന്നെ ഇപ്പോൾ ഈ കുടത്തിൽതന്നെ ബന്ധിച്ചു സമുദ്രത്തിലേക്കു് എറിഞ്ഞുകളയും.

ഭൂതത്താൻ—അല്ലയോ മുക്കുവാ ദൈവത്തെയോർത്തു് അങ്ങനെ ചെയ്യരുതേ. എന്നെ വിടുക. എന്റെ കഴിഞ്ഞകാലത്തെ പ്രവർത്തനങ്ങൾ ക്ഷമിക്കുക. ഞാൻ ക്രൂരത കാണിച്ച തോതിൽ നീ എന്നോടു കരുണ കാണിക്കണം. അങ്ങനെയാണല്ലോ നിലവിലുള്ള ആപ്തവചനങ്ങൾ. നിന്നോടു ദോഷംചെയ്യുന്നവനോടു് നീ നന്മചെയ്യുന്നവനാകുന്നു. അത്തികയോടു് ഉമാമാ ചെയ്തതുപോലെ എന്നോടു നീ ചെയ്യരുതേ.

മുക്കുവൻ—അവരുടെ കഥ എന്താണു്?

ഭൂതത്താൻ—കഥ പറയുവാനുള്ള അവസരം ഇതല്ല. ഞാൻ ഈ ബന്ധനത്തിൽ കിടക്കുകയുമാണല്ലോ. എന്നെ നീ വിടുവിക്കുക. ഞാൻ കഥ പറയാം.

മുക്കുവൻ—ഈ പ്രഭാഷണം നിർത്തുക. നിന്നെ ഈ സമുദ്രത്തിലേക്കു് എറിയാതെ നിർവാഹമില്ല. എന്നെന്നേക്കും ഈ കുടത്തിൽനിന്നു രക്ഷപ്പെടുവാനും സാദ്ധ്യമല്ല. ഞാൻ നിന്റെ സംരക്ഷണത്തിൽ എന്നെത്തന്നെ സമർപ്പിച്ചു. അതു വിഫലമായി. ഞാൻ വിനീതനായി നിന്റെ മുമ്പാകെ നിലവിളിച്ചു. പക്ഷെ, നീ എന്നെ കൊല്ലുവാനാണു മുതിർന്നതു്. ഞാൻ നിനക്കു ദോഷകരമായി ഒന്നും ചെയ്തില്ല. ദുഷ്കൃത്യങ്ങളാൽ നിന്നെ ഉപദ്രവിക്കുന്നതിനു പകരം, നിന്നെ ബന്ധനത്തിൽനിന്നു മോചിപ്പിച്ചു സന്തുഷ്ടനാക്കുകയാണു ചെയ്തതു്. നീ എന്നോടു ദുഷ്ടമായി പെരുമാറിയപ്പോഴാണു നീ ദുഷ്ടനാണെന്നു ഞാൻ മനസ്സിലാക്കിയതു്. നിന്നെ കടലിലേക്കു തിരിച്ചെറിഞ്ഞ ശേഷം, എനിക്കു നിന്നിൽ നിന്നുണ്ടായ അനുഭവത്തെപ്പറ്റി മറ്റുള്ളവർക്കു്—നിന്നെ വലവീശിയെടുക്കുവാൻ ഇടയാകുന്നവർക്കു്—ഞാൻ മുന്നറിവു നൽകും. നിന്നെ വീണ്ടും കടലിലേക്കെറിയാൻ ഞാൻ അവർക്കു നിർദ്ദേശം നൽകും. കാലത്തിന്റെ അവസാനം നിന്നെ അവസാനിപ്പിക്കുന്നതു വരെ നീ ഈ സമുദ്രത്തിന്നടിയിൽതന്നെ കിടന്നുകൊള്ളുക."

അപ്പോൾ ഭൂതത്താൻ ഉറക്കെ നിലവിളിച്ചു:— "എന്നെ സ്വതന്ത്രനാക്കുക. മഹാമനസ്കത കാണിക്കുവാനുള്ള ഒരു മഹനീയ സന്ദർഭമാണിതു്. ഞാൻ നിന്നോടു് ഉടമ്പടി ചെയ്യുന്നു, വാഗ്ദത്തം ചെയ്യുന്നു, നിന്നെ ക്ഷതപ്പെടുത്തുകയോ ഉപദ്രവിക്കയോ ചെയ്യുകയില്ലെന്നു". നിന്റെ ദാരിദ്ര്യത്തിൽ നിന്നു നിന്നെ ഞാൻ ഉയർത്തും."

പ്രസ്തുത രണ്ടു വ്യവസ്ഥകളുൾക്കൊള്ളുന്ന വാഗ്ദത്തത്തെ മുക്കുവൻ സ്വീകരിച്ചു; ഉപദ്രവിക്കയില്ലെന്നും നേരേമറിച്ചു സഹായിക്കാമെന്നുള്ള വ്യവസ്ഥകൾ.

വേണ്ടുന്ന മുൻകരുതലോടുകൂടിയും അത്യുന്നതനായ അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്തുകൊണ്ടും മുക്കുവൻ കുടത്തിന്റെ

വായ് തുറന്നു. അതോടുകൂടി കുടത്തിൽനിന്നു ധൂമം ഒരു സ്തൂപം പോലെയുയർന്നു. അതിനുശേഷം ധൂമം കട്ടിയായി; വീണ്ടും ഭയങ്കരരൂപത്തിലുള്ള ഒരു ഭൂതത്താനായിത്തീർന്നു. ഉടൻതന്നെ ഭൂതത്താൻ കുടത്തെ കാലുകൊണ്ടു തട്ടി കടലിലേക്കെറിഞ്ഞു. കുടത്തിനു സംഭവിച്ചതെന്താണെന്നു മുക്കുവൻ കണ്ടു. തനിക്കും മരണമടുത്തിരിക്കുന്നുവെന്നു മുക്കുവൻ മനസ്സിൽ ഉറച്ചു. വസ്ത്രങ്ങൾ തപ്പിപ്പിടിച്ചുകൊണ്ട് "ഇതൊരു വല്ലാത്ത ലക്ഷണമാണ്" എന്നു മുക്കുവൻ ആത്മഗതം ചെയ്തു. അവൻ സ്വന്തം ഹൃദയത്തെ ബലപ്പെടുത്തിക്കൊണ്ട് ഭൂതത്താനോടിങ്ങനെ പറഞ്ഞു:– "അല്ലയോ ഭൂതത്താനേ, നിന്റെ ഉടമ്പടികളെ പാലിക്കുക, കാരണം നിന്റെ ഉടമ്പടികളുടെ പാലനത്തെപ്പറ്റി പിന്നീട് അന്വേഷണമുണ്ടാകും' എന്ന് അല്ലാഹു പറഞ്ഞിട്ടില്ലേ? അല്ലാഹു നിന്നോടു വ്യാജമായി പ്രവർത്തിക്കാതിരിക്കാൻവേണ്ടി നീ എന്നോടു വ്യാജമായി പെരുമാറുകയില്ലെന്നു നീ വാഗ്ദത്തം ചെയ്തിട്ടില്ലേ? അല്ലാഹു നിന്നെ രക്ഷിക്കാൻവേണ്ടി എന്നെയും രക്ഷിക്കുക."

ഭൂതത്താൻ പൊട്ടിച്ചിരിച്ചുകൊണ്ടു നടന്നുപോയി. "എന്നെ അനുഗമിക്കുക" എന്നും ഭൂതത്താൻ പറഞ്ഞു. ഭൂതത്താനിൽനിന്നു വളരെ അകലത്തിലായി മുക്കുവൻ പുറകേ നടന്നു. (രക്ഷപ്പെടുമോ എന്നുള്ളതിനെക്കുറിച്ചു മുക്കുവനു നിശ്ചയമില്ലായിരുന്നു). അവർ നഗരത്തിന്റെ പരിസരങ്ങൾ കടന്നു. കൃഷിചെയ്യാത്ത സ്ഥലങ്ങളിൽക്കൂടി മുന്നോട്ടു പോയി. പിന്നീട് വിസ്തൃതമായ ഒരു വനാന്തരത്തിൽ പ്രവേശിച്ചു. അവിടെ, വനമധ്യത്തിൽ പർവ്വതനിരയുടെയിടയിൽ ഒരു തടാകം കണ്ടു. ഭൂതത്താൻ മുന്നോട്ടു പോയി വീണ്ടും ഗർജ്ജിച്ചു. "എന്നെ അനുഗമിക്കുക." ഭൂതത്താൻ അവിടെ നിന്നുകൊണ്ട് മുക്കുവനോടു വലവീശുവാൻ പറഞ്ഞു. മുക്കുവൻ ജലാശയത്തിലേക്കു നോക്കി. വിവിധവർണ്ണത്തിലുള്ള—വെള്ളയും, ചുവപ്പും, നീലയും, മഞ്ഞയും—മത്സ്യങ്ങളെ അവൻ കണ്ടു. അവൻ വല വീശി. ഓരോ നിറത്തിലുള്ള നാലു മത്സ്യങ്ങളെ അവനു കിട്ടി. ഇതിൽ മുക്കുവൻ ആഹ്ളാദിച്ചു. അപ്പോൾ ഭൂതത്താൻ പറഞ്ഞു:– "ഇവയെ നീ സുൽത്താന്റെ സന്നിധിയിലേക്കു കൊണ്ടുചെന്നു സമർപ്പിക്കുക. നിന്നെ ഒരു ധനികനാക്കുവാനുള്ള വസ്തുവകകൾ ആ അവസരത്തിൽ സുൽത്താൻ നിനക്കു തരും. ദിവസത്തിൽ ഒരിക്കൽ നിനക്ക് ഇവിടെ വന്നു മീൻ പിടിക്കാവുന്നതാണ്." ഇത്രയും പറഞ്ഞശേഷം "വീണ്ടും കാണുവാൻ അല്ലാഹു തുണയ്ക്കട്ടെ" എന്നു ഭൂതത്താൻ ആശീർവ്വദിച്ചു. ഭൂമിയിൽ ഒരു കാലുകൊണ്ടു ഭൂതത്താൻ ചവുട്ടി. ഭൂമി പിളർന്നു. ഭൂതത്താൻ അതിനുള്ളിൽ മറഞ്ഞു.

ഭൂതത്താനുമായുണ്ടായ ഈ സംഭവത്തിൽ വിസ്മയഭരിതനായി മുക്കുവൻ നഗരത്തിലേക്കു നടന്നു. വീട്ടിൽ എത്തിയ ഉടൻ ഒരു മൺപാത്രത്തിൽ വെള്ളം നിറച്ച് അതിൽ മത്സ്യങ്ങളെ പിടിച്ചിട്ടു. മത്സ്യങ്ങൾ അതിൽ തുള്ളിക്കളിച്ചു. മൺപാത്രം തലയിൽ വഹിച്ചുകൊണ്ടു മുക്കുവൻ (ഭൂതത്താന്റെ നിർദ്ദേശമനുസരിച്ച്) സുൽത്താന്റെ അരമനയിലേക്കു പോയി. മത്സ്യങ്ങളെ കണ്ട മാത്രയിൽ സുൽത്താൻ അത്ഭുതപ്പെട്ടു. ഇത്തരം മത്സ്യങ്ങളെ സുൽത്താൻ അതിനു മുമ്പു കണ്ടിട്ടില്ല. സുൽത്താൻ ആജ്ഞാപിച്ചു. "ആ പുതിയ അടിമപ്പെണ്ണിന്റെ കയ്യിൽ ഈ മത്സ്യങ്ങൾ ഏല്പിക്കുക. അവൾ അതു നമുക്കുവേണ്ടി പാകം ചെയ്യട്ടെ."

മൂന്നു ദിവസം മുമ്പാണ് ആ അടിമപ്പെണ്ണിനെ സുൽത്താന്റെ അടുക്കലേക്ക് റൂമിലെ രാജാവ് അയച്ചത്. അതിനാൽ മത്സ്യമാംസങ്ങൾ പാചകം ചെയ്യാൻ അവൾക്കുള്ള സാമർത്ഥ്യം രാജാവ് അറിഞ്ഞിരുന്നിരുന്നില്ല. ഇതു് ഒരു പരീക്ഷണമായിരുന്നു. മന്ത്രി പെട്ടെന്ന് ഈ അടിമപ്പെണ്ണിന്റെ അടുക്കൽ ചെന്ന് മത്സ്യം പൊരിച്ചെടുക്കുവാൻ ആജ്ഞാപിച്ചു. "എടീ, പെണ്ണേ, സുൽത്താൻ നിന്റെ അടുക്കലേക്ക് ഈ മത്സ്യത്തെ കൊടുത്തയയ്ക്കുന്നു. നിന്റെ മൃദുലങ്ങളായ കൈപെരുമാറ്റവും, രുചികരമായ പാചകവും ഞങ്ങൾക്ക് അനുഭവപ്പെടത്തക്കവണ്ണം നീ പ്രവർത്തിക്കുക. ഈ മത്സ്യം സുൽത്താനു ലഭിച്ച ഒരു സമ്മാനമാണ്. ഇതു് അസുലഭവുമാണ്."

സൂക്ഷ്മമായരീതിയിൽ അവൾക്കു നിർദ്ദേശങ്ങൾ നൽകിയശേഷം സുൽത്താന്റെ അടുക്കൽ തിരിച്ചെത്തി. മുക്കുവന് നാനൂറ് ദിനാർ (നാണയം) കൊടുക്കുവാൻ സുൽത്താൻ കല്പിച്ചു. അതനുസരിച്ച് മന്ത്രി പ്രസ്തുത സംഖ്യ മുക്കുവനു നൽകി. മുക്കുവൻ അതു് മാർവിടത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു വീട്ടിലേക്ക് ഓടി. മറിയുകയും വീഴുകയും വീണ്ടും എഴുന്നേൽക്കുകയും, ഇതെല്ലാം ഒരു കിനാവാണെന്ന് ശങ്കിക്കയും ചെയ്തുകൊണ്ട് അയാൾ ഓടി. സ്വന്തം കുടുംബത്തിനു വേണ്ടുന്നതെല്ലാം അവൻ വാങ്ങി ഒടുവിൽ ഭാര്യയുടെ സമീപത്തേയ്ക്ക് ആഹ്ളാദപൂർണ്ണനായി അവൻ ചെന്നു. അവന്റെ ചരിത്രം അങ്ങനെ നിൽക്കട്ടെ.

അടിമപ്പെണ്ണ് മത്സ്യം കഴുകി വെടിപ്പാക്കി പൊരിയുന്ന പാത്രത്തിലേക്കിട്ടു. മത്സ്യത്തിന്റെ ഒരു വശം മുഴുവൻ എണ്ണയിൽ ശരിയായി പൊരിഞ്ഞു. പിന്നീടു മ

ത്സ്യം തിരിച്ചിട്ടു. അപ്പോൾ അടുക്കളയുടെ ഭിത്തി പിളർന്ന് ഒരു യുവതി—രൂപലാവണ്യവും, നീണ്ട മുഖവും,മോഹനത്വവുമുള്ള ഒരുയുവതി—അവിടെ പ്രത്യക്ഷപ്പെട്ടു. നീലവർണ്ണാങ്കിതമായ പട്ടുവസ്ത്രമാണ് അവൾ ധരിച്ചിരുന്നതു്. കാതിൽ ഒരു വലിയ കർണ്ണാഭരണവും ഓരോ ജോടി കൈത്തണ്ടിൽ വളകളും, വിരലുകളിൽ അമൂല്യമായ രത്നങ്ങൾ പതിച്ച മോതിരങ്ങളും അവൾക്കുണ്ടായിരുന്നു. അവൾ ഒരു ചൂരൽവടി പൊരിയുന്ന പാത്രത്തിലേക്ക നീട്ടി. അവൾ പറഞ്ഞു:— "അല്ലയോ മത്സ്യമേ, നീ നിൻെറ ഉടമ്പടി പാലിക്കുക."

ഇതുകണ്ടു് അടിമപ്പെണ്ണു് മോഹാലസ്യപ്പെട്ടു് താഴെവീണു. യുവതി (ഭിത്തിയിൽ നിന്നു് പുറത്തു വന്നവൾ) മത്സ്യത്തോടു പറഞ്ഞ വാചകങ്ങൾ രണ്ടുപ്രാവശ്യം ആവത്തിച്ചു. ഒടുവിൽ "അതേ അതേ" എന്നുച്ചരിച്ചുകൊണ്ടു് മത്സ്യങ്ങൾ തലയുയർത്തി. മത്സ്യങ്ങൾ ഒരേശബ്ദത്തിൽ ഇങ്ങനെ പാടി:—

തിരികെ വന്നിടേണമേ
ഞാനും തിരികെ വന്നിടാം.
വിശ്വാസം പുലർത്തണം
ഞാനും വിശ്വസിച്ചിടാം.
പക്ഷെ, നിങ്ങൾ കൈവിട്ടാൽ
ഞാൻ തിരിച്ചടിച്ചിട്ടും
വിട്ടുപോകുവോളം.

മത്സ്യങ്ങളുടെ ഈ പാട്ടിനു ശേഷം യുവതി പാത്രം മറിച്ചിട്ടു. അവൾ വന്ന വഴിയേ പോയി. അവൾ ഭിത്തിക്കുള്ളിൽ പ്രവേശിച്ചതോടു കൂടി ഭിത്തി അടഞ്ഞു. അടിമപ്പെണ്ണിനു് ബോധം വന്നപ്പോൾ നാല്മ മത്സ്യങ്ങളും കരിപോലെ കറുത്തുകിടക്കുന്നതു കണ്ടു. അപ്പോൾ ആ മത്സ്യങ്ങൾ വിളിച്ചു പറഞ്ഞു. "അവൻെറ ഗദ ആദ്യശ്രമത്തിൽ തന്നെ തകരുന്നു."

അതു കേട്ടപ്പോൾ അടിമപ്പെണ്ണു് വീണ്ടും മോഹാലസ്യപ്പെട്ടു വീണു. അവൾ അങ്ങനെ കിടക്കുമ്പോൾ മന്ത്രി മത്സ്യത്തിനുവേണ്ടി വന്നു. 'ഞായറാഴ്ചയിൽ നിന്നു് വ്യാഴാഴ്ച തിരിച്ചറിയാൻ പാടില്ലാത്തവിധം' മരവിച്ചുകിടക്കുന്ന അവളെ കാൽകൊണ്ടു് തട്ടിയുണർത്തി. "സുൽത്താനു് മത്സ്യം കൊണ്ടുവരിക" എന്നു് മന്ത്രി ആജ്ഞാപിച്ചു. അപ്പോൾ മോഹനനിദ്രയിൽ നിന്നു് അവൾ പിടഞ്ഞെഴുന്നേറ്റു് കരയുവാൻ തുടങ്ങി. അവിടെ സംഭവിച്ചതെല്ലാം അവൾ മന്ത്രിയെ അറിയിച്ചു. അതുകേട്ടു് മന്ത്രി വിസ്മയാധീനനായി. "ഇതൊരു വിചിത്രസംഭവംതന്നെ" യെന്നു് മന്ത്രി അത്ഭുതപ്പെട്ടു. മുക്കുവനെ ഉടൻതന്നെ ആളയച്ചുവരുത്തി ഇങ്ങനെ പറഞ്ഞു:—എടാ, മുക്കുവാ' ഇന്നലെ നീ കൊണ്ടുവന്നമാതിരി നാല്മ മത്സ്യങ്ങൾ കൊണ്ടുവരണം." മുക്കുവൻ ജലാശയത്തിൽപോയി വലവീശി. വല കരയ്ക്കു കയററിയപ്പോൾ ആദ്യത്തെപ്പോലെ നാല്മ മത്സ്യങ്ങളെ കിട്ടി. താമസിയാതെ മന്ത്രിയുടെ അടുക്കൽ ചെന്നു് മത്സ്യങ്ങളെ ഏല്പിച്ചു. മന്ത്രി ആ മത്സ്യങ്ങളെ അടിമപ്പെണ്ണിൻെറ പക്കൽ ഏല്പിച്ചു. "ഞാൻ കാൺകെ ഈ മത്സ്യങ്ങളെ പൊരിക്കണം. ഈ ഏർപ്പാടു് എനിക്കൊന്നു കാണണം."

അടിമപ്പെണ്ണു് എഴുന്നേററു് മത്സ്യം കഴുകി പൊരിയുന്ന ചട്ടിയിലിട്ടു. അല്പം കഴിഞ്ഞപ്പോൾ ഭിത്തി പിളർന്നു് യുവതി അവിടെ പ്രത്യക്ഷപ്പെട്ടു. അവളുടെ പഴയ ചൂരൽവടി പൊരിയുന്ന ചട്ടിയിലേക്ക നീട്ടി. "മത്സ്യമേ നിൻെറ ഉടമ്പടി പാലിക്കുക" എന്നു് ആ യുവതി പറഞ്ഞു.

"അതേ അതേ" എന്നുച്ചരിച്ചുകൊണ്ടു മത്സ്യങ്ങൾ തലയുയർത്തി ഇങ്ങനെ പാടി:

തിരികെ വന്നിടേണമേ
ഞാനും തിരികെ വന്നിടാം
വിശ്വാസം പുലർത്തണം
ഞാനും വിശ്വസിച്ചിടാം
പക്ഷെ, നിങ്ങൾ കൈവിട്ടാൽ
ഞാൻ തിരിച്ചടിച്ചിട്ടും
വിട്ടുപോകുവോളം

മത്സ്യം ഇങ്ങനെ പാടുകയും, യുവതി അവളുടെ വടികൊണ്ടു പാത്രം മറിച്ചിടുകയും അവൾ വന്നവഴിയേ പോകയും ഭിത്തി അടയുകയും ചെയ്തപ്പോൾ "ഇതു രാജാവിൽ നിന്നു് ഒളിച്ചുവെക്കാൻ സാദ്ധ്യമല്ലാത്ത ഒരു കാര്യമാണ്" എന്നു മന്ത്രി നിശ്ചയിച്ചു. മന്ത്രി ഇതെല്ലാം സുൽത്താനെ അറിയിച്ചു. അപ്പോൾ രാജാവിൻെറ മറുപടി ഇതായിരുന്നു. "ഞാൻ എൻെറ സ്വന്തം കണ്ണുകൊണ്ടു് ഇതെല്ലാം കാണാതെ നിവ്വാഹമില്ല."

അതിനു ശേഷം മുക്കുവനെ വിളിച്ചു് ആദ്യത്തെപ്പോലെ നാല്മ മത്സ്യങ്ങളെ കൊണ്ടുവരുവാൻ ഉത്തരവിട്ടു. ദൃക്സാക്ഷികളായി മൂന്നു പേരെക്കൂടെ കൊണ്ടുപോകുവാൻ ആജ്ഞാപിക്കയും ചെയ്തു. അവൻ പെട്ടെന്നു നാല്മ മത്സ്യങ്ങൾ കൊണ്ടുവന്നു. അവനു നാനൂറു സ്വർണ്ണനാണയങ്ങൾ നൽകുവാൻ രാജാവു കൽപ്പിച്ചു. പിന്നീടു് "മത്സ്യത്തെ എൻെറ മുമ്പാകെത്തന്നെ പൊരിക്കുക" എന്നു മന്ത്രിയോടു പറഞ്ഞു. "ഉത്തരവ്" എന്നുണർത്തിച്ചുകൊണ്ടു് പൊരിയുന്ന ചട്ടി കൊണ്ടുവരുവാൻ മന്ത്രി പോയി. കഴുകിയ മത്സ്യത്തെ ആ ചട്ടിയിൽ ഇട്ടു പൊരിച്ചു. അപ്പോൾ ഭിത്തി പിളർന്നു ഭീമമായ പാറപോലെയോ, ഒരസുരനെപ്പോലെയോ ഉള്ള കറുത്ത ഒരു അടിമ ഒരു പച്ചവൃക്ഷത്തിൻെറ ശിഖരവുമായി അവിടെ പ്രത്യക്ഷപ്പെട്ടു. അവൻ

(അടിമ) ഉച്ചത്തിൽ അലറി "മത്സ്യമേ നിന്റെ ഉടമ്പടി പാലിക്കുക."

അതു കേട്ടപ്പോൾ "അതെ, അതേ ഞങ്ങൾ ഞങ്ങളുടെ ശപഥം പാലിക്കും" എന്നുച്ചരിച്ചുകൊണ്ടു് ഇങ്ങനെ പാടി:—

തിരികെ വന്നിടേണമേ
ഞാനും തിരികെ വന്നിടാം
വിശ്വാസം പുലർത്തണം
ഞാനും വിശ്വസിച്ചിടാം
പക്ഷേ, നിങ്ങൾ കൈവിട്ടാൽ
ഞാൻ തിരിച്ചടിച്ചിട്ടും
വിട്ടുപോകുവോളം

പിന്നീടു് ആ അടിമരാക്ഷസൻ പൊരിയുന്ന ചട്ടിയെ സമീപിച്ചു് അതിനെ പച്ചവൃക്ഷത്തിന്റെ ശിഖരം കൊണ്ടു മറിച്ചിട്ടു വന്നവഴിയേ മടങ്ങിപ്പോയി. അവൻ അപ്രത്യക്ഷനായപ്പോൾ സുൽത്താൻ മത്സ്യത്തെ പരിശോധിച്ചു. അവയെല്ലാം കരിപോലെ കറുത്തിരിക്കുന്നതുകണ്ടു് അദ്ദേഹം അത്ഭുതപ്പെട്ടു. അദ്ദേഹം പറഞ്ഞു: "മൗനം ദീക്ഷിക്കാൻ പാടില്ലാത്ത ഒരു പ്രശ്നമാണിതു്. മത്സ്യത്തെ സംബന്ധിച്ചിടത്തോളം ഏതോ അത്ഭുതകരമായ ചരിത്രം അതിന്റെ പിന്നിലുണ്ടു്." സുൽത്താൻ മുക്കുവനെ വരുത്തി ഇപ്രകാരം പറഞ്ഞു:—"എടാ ഗ്രഹപ്പിഴക്കാരാ, എവിടെ നിന്നാണു നീ ഈ മത്സ്യം കൊണ്ടുവന്നതു്?

മുക്കുവൻ:—നാലു കുന്നുകളുടെയിടയിലുള്ള ജലാശയത്തിൽ നിന്നു്. അതു സ്ഥിതിചെയ്യുന്നതു നമ്മുടെ ദൃഷ്ടിപഥത്തിലുള്ള പർവ്വതത്തിന്റെ പിന്നിലാണു്.

സുൽത്താൻ:—"അവിടെ ചെല്ലുവാൻ എത്ര ദിവസം വേണം."

മുക്കുവൻ: – ഞങ്ങളുടെ അധിപനായ രാജാവേ, അര മണിക്കൂർ നടന്നാൽ മതി."

രാജാവു് അത്ഭുതപരതന്ത്രനായി ഉടൻതന്നെ പുറപ്പെട്ടുവാൻ കാലാൾ പട്ടാളത്തിനും കുതിരപ്പട്ടാളത്തിനും ഉത്തരവു കൊടുത്തു. മുക്കുവൻ വഴികാട്ടിയായി മുമ്പിൽ നടന്നു. അവൻ ഉള്ളിൽ ഭൂതത്തെ ശപിക്കുന്നുണ്ടായിരുന്നു.

അവർ ഒരു പർവ്വതം കയറി ഒരു മരുഭൂമിയിലേക്കിറങ്ങി. അവരുടെ ആയുഷ്കാലത്തു് അതു കണ്ടിട്ടേയില്ല. നാലു പർവ്വതങ്ങളുടെ നടുവിലുള്ള ഈ ശൂന്യഭൂമിയും, ജലാശയവും, ചതുർവർണ്ണത്തിലുള്ള മത്സ്യങ്ങളും കണ്ടു് സുൽത്താനും ജനങ്ങളും വിസ്മയിച്ചു. "നിങ്ങളാരെങ്കിലും ഇതിനു മുമ്പ് ഈ ജലാശയം കണ്ടിട്ടുണ്ടോ" എന്നു സുൽത്താൻ ചോദിച്ചു. അവരാരും കണ്ടിട്ടില്ലെന്നു മറുപടി പറഞ്ഞു. അവിടത്തെ ആദിമനിവാസികളോടും അവരിൽ വൃദ്ധന്മാരോടും ഈ ജലാശയത്തെപ്പററി അവർ അന്വേഷിച്ചു. ഇതുപോലെയൊരു ജലാശയം കണ്ടിട്ടില്ലെന്നു അവർ മറുപടി പറഞ്ഞു. "അല്ലാഹുവിന്റെ നാമത്തിൽ! ഞാൻ ഈ ജലാശയത്തെ സംബന്ധിച്ചും ഈ മത്സ്യത്തെ സംബന്ധിച്ചുമുള്ള രഹസ്യം അറിയുന്നതുവരെ എന്റെ തലസ്ഥാനനഗരിയിലേക്കു് പോവുകയോ, എന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുകയോ ചെയ്യുകയില്ല" എന്നു രാജാവു ശപഥം ചെയ്തു.

കുതിരപ്പുറത്തുനിന്നിറങ്ങി പർവ്വതത്തിനു ചുററും പരിശോധന നടത്തുവാൻ ജനങ്ങൾക്കു രാജാവു നിർദ്ദേശം നൽകി. സമർത്ഥനായ മന്ത്രിയെ വിളിച്ചു രാജാവു ഇപ്രകാരം പ്രസ്താവിച്ചു. "ഒരു കാര്യം ചെയ്യുവാൻ ഞാൻ മനസ്സിലുറച്ചിരിക്കുന്നു. അതു ഞാൻ പറയാം. ഈ ജലാശയത്തിന്റെയും മത്സ്യത്തിന്റെയും രഹസ്യങ്ങൾ അറിയുന്നതിനു വേണ്ടി രാത്രിയിൽ തനിയെ പുറപ്പെടണമെന്നു് ഞാൻ വിചാരിക്കുന്നു. എന്റെ കൂടാരത്തിന്റെ മുമ്പിൽ നീ ഇരിക്കയും 'സുൽത്താനു സുഖമില്ല. ആരെയും അകത്തു കടത്തരുതെന്നു അദ്ദേഹം കല്പിച്ചിരിക്കുന്നു'വെന്നു് എമീർമാർ, വാസിർമാർ, നാബോബുമാർ കാര്യവിചാരകന്മാർ മുതലായവരോടു പറയുകയും വേണം. എന്റെ ആശയം ആരെയും അറിയിക്കരുതു്" മന്ത്രി അദ്ദേഹത്തിന്റെ നിർദ്ദേശത്തെ എതിർത്തില്ല.

രാജാവു വേഷവും ഭൂഷണങ്ങളും മാററി ഖഡ്ഗം തോളിൽ തൂക്കിയിട്ടു പർവ്വതത്തിലേക്കു നടന്നു. പ്രഭാതം വരെ ചുററി സഞ്ചരിച്ചു. ചൂടു അസഹ്യമാകുന്നതുവരെ അദ്ദേഹം നടന്നു. സുദീർഘമായ യാത്രയ്ക്കുശേഷം സുൽത്താൻ അല്പം വിശ്രമിച്ചു. പിന്നെയും യാത്ര തുടർന്നു. രണ്ടാമത്തെ രാത്രിയിലും പ്രഭാതംവരെ യാത്ര ചെയ്തു. അപ്പോൾ വിദൂരതയിൽ ഒരു കറുത്ത അടയാളം കണ്ടു. "ഭാഗ്യവശാൽ ഇവിടെയുള്ള ആരെങ്കിലും ജലാശയത്തെപ്പററിയും മത്സ്യത്തെപ്പററിയുമുള്ള രഹസ്യം എന്നെ അറിയിക്കും" എന്നു് സുൽത്താൻ ആശംസിച്ചു. ആ കറുത്ത അടയാളത്തെ സമീപിച്ചപ്പോൾ അതൊരു കൊട്ടാരമാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. ഗേററിന്റെ ഒരു വശം തുറന്നും മറേറ വശം അടഞ്ഞും കിടന്നിരുന്നു. അദ്ദേഹം ആദ്യം ലഘുവായി ഒന്നു മുട്ടി. രണ്ടാമതും മുട്ടി. മൂന്നാമതും മുട്ടി. പക്ഷെ ഒരു ഫലവുമുണ്ടായില്ല. പിന്നീടു വളരെ ഉച്ചത്തിൽ മുട്ടി. എങ്കിലും ഉത്തരമൊന്നും ലഭിച്ചില്ല. "ഇതിൽ ആരുമില്ല" എന്നദ്ദേഹം നിശ്ചയിച്ചു. മനസ്സിൽ ചില തീരുമാനങ്ങൾ ചെയ്തുകൊണ്ടു് പ്രധാന കവാടത്തിൽക്കൂടി ധൈര്യപൂർവ്വം മുന്നോട്ടു വന്നു് കൊട്ടാരത്തിലെ പ്രധാന മുറിയിൽ പ്രവേശിച്ചു് വി

ളിച്ചുപറഞ്ഞു:—"അല്ലയോ, കൊട്ടാരത്തിലെ ജനങ്ങളെ ഞാൻ ഒരന്യനായ യാത്രക്കാരനാണ്" അദ്ദേഹം രണ്ടാമതും മൂന്നാമതും ഇതുപോലെ നിലവിളിച്ചു. എങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. അദ്ദേഹം ധൈര്യമവലംബിച്ച് മററു മുറികളിലേക്കു കടന്നു. അവടെ ഒരുത്തരെയും കണ്ടില്ല. സുവർണ്ണതാരാങ്കിതമായ പട്ടു തുണികളാൽ ആ കൊട്ടാരം അലങ്കരിച്ചിരുന്നു. കവാടങ്ങളിൽ തോരണങ്ങൾ തൂക്കിയിട്ടിരുന്നു. നടുവിൽ ഒരുവലിയകച്ചേരിമുറിയുണ്ടായിരുന്നു. ഉയർത്തിയ വേദികകളോടു കൂടിയ നാലു മുറികളും കച്ചേരിയുടെ മുകളിലായി കൂടാരവും അതിൻെറ മദ്ധ്യത്തിലായി പളുങ്കുപോലെയുള്ള വെള്ളം ഒഴുക്കുന്ന നിർഝരവും കണ്ടു. കൊട്ടാരത്തിനു ചുററും പക്ഷികളെ അഴിച്ചു വിട്ടിരുന്നു. അവസ്സുപരിയായി അവ പറന്നുപോകാതിരിക്കുവാൻ വേണ്ടി സ്വർണ്ണ വല വലിച്ചു കെട്ടിയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ മനുഷ്യരൊഴികെ എല്ലാം ഉണ്ടായിരുന്നു. രാജാവ് അതിൽ വളരെ അത്ഭുതപ്പെട്ടു. എങ്കിലും ആ ശൂന്യഭൂമിയെപ്പററിയും ജലാശയത്തെപ്പററിയും മത്സ്യത്തെപ്പററിയും പർവ്വതത്തെപ്പററിയും ആ കൊട്ടാരത്തെപ്പററിയും അറിയിക്കുവാൻ ആരുമില്ലാതെപോയതിൽ അദ്ദേഹം ഖേദിച്ചു.

അദ്ദേഹം ചിന്താധീനനായി കവാടങ്ങളുടെ ഇടയ്ക്കു് ഇരുന്നപ്പോൾ ഒരു രോദനം കേട്ടു.—ദുഃഖപൂരിതമായ ഒരു രോദനം—ആ ശബ്ദത്തിൽതന്നെ പദ്യങ്ങൾ ആമന്ത്രണം ചെയ്യുന്നതായും അദ്ദേഹം കേട്ടു. അതു കേട്ട സുൽത്താൻ ചാടിയെഴുന്നേററു. ആ ശബ്ദത്തെ അനുധാവനം ചെയ്തപ്പോൾ ഒരു വാതലിൽ ഒരു കർട്ടൻ തൂക്കിയിട്ടിരിക്കുന്നതായി കണ്ടു. അദ്ദേഹം അതു പൊക്കി നോക്കി. അവിടെ ഒരു ചെറുപ്പക്കാരൻ ഒരു കട്ടിലിൽ ഇരിക്കുകയായിരുന്നു. അയാൾ സുന്ദരനും മുഖത്തു് ഒരു മറുകുള്ളവനും ആയിരുന്നു. സുൽത്താൻ ആഹ്ലാദഭരിതനായി അവനെ അഭിവാദനം ചെയ്തു. എന്നാൽ ഈജിപ്ഷൻ സ്വർണ്ണത്താൽ ശുദ്ധി ചെയ്യപ്പെട്ടത്ത പട്ടുകൊണ്ടുള്ള അങ്കിയും വിവിധരത്നങ്ങൾ പതിച്ച കിരീടവും ധരിച്ച് അവൻ അവിടെത്തന്നെ ഇരുന്നു. അവൻെറമുഖത്തു ദുഃഖത്തിൻെറ നിഴൽപ്പാടുകളുണ്ടായിരുന്നു. അവൻ രാജകീയമായ വിധത്തിൽ പ്രത്യഭിവാദനം ചെയ്തുകൊണ്ട്" ഇങ്ങനെ പറഞ്ഞു:—'പ്രഭോ, അങ്ങയുടെ സ്ഥാനത്തെ മാനിച്ചു ഞാൻ എഴുന്നേൽക്കേണ്ടതാണ്. എന്നാൽ ക്ഷമിക്കണം എന്നു മാത്രമേ അതിനെപ്പററി എനിക്കു പറയാനുള്ളു.

സുൽത്താൻ—അല്ലയോ ചെറുപ്പക്കാരാ, ക്ഷമിച്ചിരിക്കുന്നു. ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടി വന്നിട്ടുള്ള ഒരതിഥിയായി എന്നെ പരിഗണിക്കുക. ഇവിടത്തെ ജലാശയത്തെപ്പററിയും മത്സ്യത്തെപ്പററിയും ഈ കൊട്ടാരത്തെപ്പററിയും നിൻെറ ഏകാന്തതയെപ്പററിയും നിൻെറ രോദനങ്ങളുടെ കാരണത്തെപ്പററിയും എന്നോടു പറയുക.

ഇതു കേട്ടപ്പോൾ ചെറുപ്പക്കാരൻ കരഞ്ഞു. അവൻെറ മാർവിടം മുഴുവൻ നനയുന്നതുവരെ വാവിട്ടു കരഞ്ഞു. അത്ഭുതപരവശനായ സുൽത്താൻ അവനോടു ചോദിച്ചു. നീ എന്തിനു കരയുന്നു?

ഉടൻതന്നെ ചെറുപ്പക്കാരൻ അവൻെറ അങ്കി ഉയർത്തിക്കാണിച്ചു. അവൻെറ അര മുതൽ കീഴോട്ട് കല്ലായിരുന്നു. അര മുതൽ മേലോട്ടു ജീവനുള്ള മനുഷ്യനുമായിരുന്നു. അതു കണ്ട വ്യാകുലചിത്തനായ സുൽത്താൻ കരുണാർദ്രനായിങ്ങനെ പറഞ്ഞു:—കഷ്ടം, എൻെറ ദുഃഖത്തിൻെറ മേൽ നീ ദുഃഖം വളർത്തുന്നു. മത്സ്യങ്ങളുടെ രഹസ്യത്തെപ്പററി നിന്നോടു ചോദിക്കണമെന്നു മാത്രമേ ഞാൻ വിചാരിച്ചുള്ളു. പക്ഷെ ഇപ്പോൾ അതും നിൻെറ ചരിത്രവും അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വലിയവനും മഹത്വമുള്ളവനും ആയ അല്ലാഹുവിൽ അല്ലാതെ ഒരിടത്തും ശക്തിയോ രാജത്വമൊ ഇല്ല. യുവാവേ, സമയം നഷ്ടപ്പെടുത്താതെ നിൻെറ കഥ മുഴുവൻ പറയുക.

ചെറുപ്പക്കാരൻ—അങ്ങയുടെ കർണ്ണങ്ങളും നയനങ്ങളും അന്തർനയനങ്ങളും എൻെറ നേരെ തിരിച്ചാലും.

സുൽത്താൻ—അതെല്ലാം ഇതാ സമർപ്പിച്ചിരിക്കുന്നു.

അപ്പോൾ ആ ചെറുപ്പക്കാരൻ ഇങ്ങനെ തുടർന്നു—എൻെറ കഥയും മത്സ്യങ്ങളുടെ കഥയും അത്ഭുതകരവും വിചിത്രവുമാണ്. അതു വല്ലയിടത്തും കൊത്തിവച്ചാൽ അവശ്യമുള്ളവക്ക് ഒരു മുന്നറിവ് ആകുമായിരുന്നു.

സുൽത്താൻ—അതെന്താണ്?

ചെറുപ്പക്കാരൻ മന്ത്രവാദ വിധേയനായ രാജകുമാരൻെറ കഥ പറഞ്ഞുതുടങ്ങി.

(ശേഷം അടുത്ത ലക്കത്തിൽ)

"PUSHPA'
Dental Powder
and
Dental Drops
PUSHPA MODEL
STORES,
KOZHIKKODE

# മ ല ങ്കോ വി ന്റെ റ ഷ്യ

## ഒരു പുതിയ പരീക്ഷണം

**സ്റ്റാലിന്റെ ഇരുമ്പു മുഷ്ടിയിൽ നിന്നു മോചനം പ്രാപിച്ച മലങ്കോവിന്റെ പരിലാളനത്തിൽ സ്വാതന്ത്ര്യത്തിന്റെ നെടുവീർപ്പിടുന്ന റഷ്യൻജനത**

**(വറുഗീസ് കളത്തിൽ എം. എ.)**



മലങ്കോവ്

സ്റ്റാലിന്റെ മരണശേഷം സ്വന്തം നാടിനെപ്പറ്റി റഷ്യക്കാർ എന്താണു വിചാരിക്കുന്നതു്? അതിൽ പിന്നീട്ടു് റഷ്യയിലും പുറത്തും പ്രചരിക്കുന്ന വാർത്തകൾ ആ ജനതയുടെ മനോഭാവത്തിന്റെ ദർപ്പണമാണു്. ഒരു ഭീകരഘട്ടം കഴിഞ്ഞതായി റഷ്യൻജനതയ്ക്കു തോന്നുന്നു. അവർ ഒരു പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുകയാണു്. സ്റ്റാലിന്റെ മരണത്തിനു ശേഷം റഷ്യ സ്വീകരിച്ചിട്ടുള്ള തന്ത്രപരമായ നടപടികൾ പാശ്ചാത്യരാഷ്ട്രങ്ങളെ വിസ്മയസ്തബ്ധരാക്കി. ഇതൊക്കെ വാസ്തവമാണോ എന്നു ശങ്കിക്കത്തക്ക രീതിയിൽ മൗലികമായ വ്യത്യാസം റഷ്യയുടെ നയത്തിൽ സംഭവിച്ചിട്ടുണ്ടു്. ജർമ്മനി, കൊറിയ, യു. എൻ. ഓ. എന്നീ രംഗങ്ങളിലെ റഷ്യൻ സൗഹാർദ്ദം വിദേശനയത്തിലെ ഒരു വ്യതിയാനമാണു്.

### ആഭ്യന്തരനയം

റഷ്യയിലെ ആഭ്യന്തരമായ നയവ്യതിയാനങ്ങൾ അതിനെക്കാൾ ശ്രദ്ധാർഹമാണു്. സ്റ്റാലിൻ മരിച്ചു് അധികം കഴിയുന്നതിനു മുമ്പു തന്നെ രാഷ്ട്രീയമായി ഒരു മാപ്പു കൊടുക്കലും, ക്രെംലിൻ ഡോക്ടർമാരുടെ വിട്ടുതലും ഉണ്ടായി. ഏതാനും ദിവസങ്ങൾക്കു മുമ്പു് അമേരിക്കയുടെയും, യഹൂദ ഭീകരസംഘടനയുടെയും ചാരന്മാരെന്നു മുദ്രയടിക്കപ്പെട്ടു് ബന്ധനസ്ഥരായ പ്രസ്തുത ഡോക്ടർമാർ . വിശേഷാൽ കാരണമൊന്നും കൂടാതെ നിരപരാധികളെന്നു പ്രഖ്യാപിക്കപ്പെട്ടു. അതിന്റെ രഹസ്യം ഇതേവരെ വ്യക്തമായറിഞ്ഞിട്ടില്ല.

റഷ്യയിൽ മുമ്പ് ജയിലിലടയ്ക്കപ്പെട്ടിരുന്ന നിരവധി ജനങ്ങൾ ഇരുമ്പഴികളുടെ കവാടങ്ങൾ തുറന്ന് തങ്ങളുടെ വീടുകളിലേക്കു പുറപ്പെട്ടുകഴിഞ്ഞു. കോൺസെൻട്രേഷൻ ക്യാമ്പുകളിലെ മർദ്ദനത്തിൽ നിന്നു മോചനം ലഭിക്കുന്നവർ ആഹ്ലാദഭരിതരായി നാട്ടിലേക്കു തിരിച്ചുവരുന്നു.

പക്ഷെ എല്ലാവരെയും മോചിപ്പിച്ചുവെന്നു ധരിക്കരുത്. "അപകടകരമായ എതിർ വിപ്ലവകാരികൾ" ഇന്നും ബന്ധനസ്ഥരാണ്. അവരുടെ ബന്ധനകാലാവധി പകുതിയായി ചുരുക്കപ്പെട്ടിട്ടുണ്ട്.

ശിക്ഷിക്കപ്പെട്ട ഡോക്ടർമാരുടെ മോചനം റഷ്യൻജനതയെ തന്നെ വിസ്മയിപ്പിച്ചിരിക്കുന്നു. ഷ്ഡനോവിനെയും മറ്റു റഷ്യൻ സമുന്നതനേതാക്കന്മാരെയും വധിക്കുവാൻ ഗൂഢശ്രമം നടത്തിയവരെന്നു മൊഴി വാങ്ങി തെളിയിച്ച ശേഷമാണ് ഡോക്ടർമാർ ശിക്ഷിക്കപ്പെട്ടത്. അവരിൽനിന്നു ലഭിച്ച മൊഴികളും, അവരുടെ വിചാരണങ്ങളും എന്തർത്ഥമാണുള്ളത് ? അവരെ കുറ്റക്കാരായി വിധിയെഴുതിയവർ ഇന്നു കുറ്റക്കാരാണ്. ഇന്നത്തെ കുറ്റക്കാരും കുറ്റം സമ്മതിച്ചു മൊഴി നൽകിയിട്ടുണ്ട്. അന്നന്ന് അധികാരത്തിൽ വരുന്നവരുടെ നയവ്യതിയാനങ്ങളനുസരിച്ച് മൊഴിയും, കുറ്റസമ്മതവും, ശിക്ഷയുമുണ്ടാകുന്നു. അതിൽപരം ഈ ശിക്ഷയ്ക്കും മോചനത്തിനും അർത്ഥമില്ലെന്നു റഷ്യൻജനതയ്ക്കു തോന്നുന്നുണ്ടായിരിക്കും.

## സ്റ്റാലിനിസത്തിന്റെ മരണം.

ഏതാനും ആഴ്ചകൾക്കു മുമ്പ് സ്റ്റാലിൻ മരിച്ചു. ആഘോഷസമന്വിതം അദ്ദേഹത്തിന്റെ മൃതശരീരം മലങ്കോവ് സംസ്കരിച്ചു.



*Miss T. R. Rajakumari, the glamerous star of the silver screen says:-*

"I have used President Vegetable Hair oil and found it to be a good hair tonic. It not only grows abundant hair but also cools the system."

അതിനുശേഷം സ്റ്റാലിനിസത്തെ കബറടക്കം ചെയ്യുന്നതിൽ മലങ്കോവ് ബദ്ധശ്രദ്ധനായിരുന്നു. മുമ്പ് സ്റ്റാലിന്റെ മഹത്വത്തിനായി എല്ലാം നിർവഹിക്കപ്പെട്ടു. ഇന്ന് അവിടെ ആ നാമംപോലും കേൾക്കാനില്ല. റഷ്യൻ വിജ്ഞാപനങ്ങളിൽ സാധാരണയായി സ്റ്റാലിന്റെ പേരില്ല. റഷ്യൻപത്രങ്ങളിൽ സ്റ്റാലിനെപ്പറ്റി ഒരക്ഷരംപോലുമില്ല.

മലങ്കോവിന്റെ പുതിയ നയത്തെ സംബന്ധിച്ച് ഐ. ഡെയ്ഷർ എന്ന എഴുത്തുകാരൻ ചമച്ച ഒരു സാങ്കല്പിക പ്രഭാഷണം ഇവിടെ ചേർക്കുന്നു:—

"ഗർഭിണികളായ സ്ത്രീകളേ, പിഞ്ചുപൈതങ്ങളോടുകൂടിയ അമ്മമാരേ, കുമാരന്മാരേ, കുമാരികളേ, മറ്റുള്ളവരേ, നിങ്ങൾ നിരപരാധികളാണ്. നിങ്ങൾ വെറുതേ ഇതെല്ലാം സഹിച്ചു. ഇരുമ്പഴികൾക്കുള്ളിൽ നിങ്ങളെ അടച്ചിട്ടതു സ്റ്റാലിനാണ്. അപ്രകാരമുള്ള കൈരാത നടപടികൾ ഞങ്ങൾക്കാവശ്യമില്ല. ഞങ്ങൾ നിങ്ങളെ മോചിപ്പിക്കയാണ്. നിങ്ങളുടെ മോചനത്തിന് ആരോടാണ് കൂറുണ്ടായിരിക്കേണ്ടതെന്നു നിങ്ങൾ ഓർത്തുകൊള്ളുക."

മലങ്കോവ് ഇങ്ങനെയൊരു പ്രസ്താവന പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രവൃത്തികളിൽ അന്തർലീനമായിരിക്കുന്ന ആശയം ഇതാണെന്നാണ് എഴുത്തുകാരൻ അനുമാനിക്കുന്നത്.

## ഭീകരമായ വിചാരണ ആവർത്തിക്കപ്പെടുമോ?

സ്റ്റാലിൻ അധികാരം കയ്യേറ്റ കാലഘട്ടം മുതൽ പല കുറ്റസമ്മതങ്ങളും വിചാരണകളും ശിക്ഷകളും നാടുകടത്തലുകളും കൊലപാതകങ്ങളും നടന്നിട്ടുണ്ട്. എല്ലാം രാഷ്ട്രത്തിന്റെ പരമാധിപന്റെ അറിവോടുകൂടിത്തന്നെ ആയിരുന്നു. അതിൽ ഏറ്റവും ഒടുവിലത്തേതായിരുന്നു ഡോക്ടർമാരുടെ ശിക്ഷ. അതൊരു കൃത്രിമ കഥയാണെന്നു മലങ്കോവ് തെളിയിച്ചുകഴിഞ്ഞു. ഇതിനു മുമ്പുള്ള കുറ്റസമ്മതങ്ങളും ഇതുപോലെ കൃത്രിമ കഥകളായിരിക്കയില്ലേ? ന്യായമായി ആരുടെയും മനസ്സിൽ ഉദിക്കുന്ന ഒരു ചോദ്യമാണിത്.

ബെരിയയുടെ കീഴിലുണ്ടായിരുന്ന ആഭ്യന്തരവകുപ്പിലെ ഉദ്യോഗസ്ഥന്മാരാണ് മുമ്പുള്ള കേസുകൾ കെട്ടിയുണ്ടാക്കുകയും കൊലപാതകങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളത്. ഡോക്ടർമാരുടെ മേലുള്ള ആരോപണം കൃത്രിമമാണെന്ന് മലങ്കോവ് പ്രഖ്യാപിക്കയും, അതു കെട്ടിച്ചമച്ചവരെ ഇരുമ്പഴിക്കുള്ളിൽ അടയ്ക്കുകയും ചെയ്തപ്പോൾ ആഭ്യന്തരവകുപ്പു മുഴുവൻ കിടുകിടാ വിറച്ചുപോയി. കള്ളക്കേസു കെട്ടിച്ചമച്ചാൽ ഉണ്ടാകുന്ന അനുഭവം പ്രത്യക്ഷമായി. അത്തരം ആരോപണങ്ങളുണ്ടാക്കുന്ന പാരമ്പര്യം മലങ്കോവ്. പാടേ അടിച്ചുടയ്ക്കുകയാണ്,

അന്തരിച്ചുപോയ വൈദ്യരത്നം പി. എസ്. വാര്യരുടെ

# ആര്യവൈദ്യശാല

ഹെഡ് ആഫീസ്.— കോട്ടയ്ക്കൽ, തെക്കേമലബാർ.

ബ്രാഞ്ചുകൾ—കോഴിക്കോട്, പാലക്കാട്, തിരൂർ & ഈറോട്.

ഇവിടെ ചിരപരിചയം സിദ്ധിച്ച വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിൽ ആയുർവേദ വിധിപ്രകാരമുള്ള മരുന്നുകൾ നിർമ്മിച്ചുവരുന്നു.

ധാര, പിഴിച്ചൽ, ഞവരക്കിഴി മുതലായ പ്രത്യേക ചികിത്സകൾ പ്രധാന വൈദ്യൻ ശ്രീ പി. എം. വാര്യരുടെ മേൽനോട്ടത്തിൽ കോട്ടയ്ക്കൽ വെച്ച് നടത്തുന്നതാണ്.

സർപ്പവിഷം മുതലായ വിഷങ്ങൾക്കുള്ള ചികിത്സയും ഇവിടെ ഏർപ്പാടുണ്ട്.

അധിക വിവരങ്ങൾക്ക് ഹെഡാഫീസിലേക്ക് എഴുതിച്ചോദിക്കുക, ഔഷധപ്പട്ടിക സൗജന്യം.

മാനേജർ.

ഭാവിയിൽ, ഭീകരമായ ഈ വിചാരണയും ശിക്ഷയും പുനസ്ഥാപിക്കുവാൻ മലങ്കോവുതന്നെ ശ്രമിച്ചാലും, അതിൽ ഒരുദ്യോഗസ്ഥൻ പങ്കെടുക്കയില്ല.

### മലങ്കോവിന്റെ പരീക്ഷണം ജയിക്കുമോ?

ജനങ്ങൾക്കു കൂടുതൽ സ്വാതന്ത്ര്യം നൽകുവാനും, അവരുടെ പ്രീതി സമ്പാദിക്കുവാനുമാണ് മലങ്കോവിന്റെ ശ്രമം. പണ്ടത്തെ ഇരുമ്പുനിയമങ്ങൾക്ക് അയവു വരുത്തുമ്പോൾ അതൊരു വലിയ സ്വാതന്ത്ര്യമായി ജനങ്ങൾ പരിഗണിക്കും. പക്ഷെ, അവരുടെ സ്വാതന്ത്ര്യാഭിലാഷം അവിടെനിന്നു വികസിക്കുമെന്നുള്ളതിലാണ് അപകടം. അവർ വിവിധങ്ങളായ അഭിപ്രായങ്ങൾ, അസംതൃപ്തിയുടെ മുദ്രാവാക്യങ്ങൾ, ഭരണകൂടത്തെപ്പററിയുള്ള നിരൂപണങ്ങൾ തുറന്നു പറയുവാൻ തുടങ്ങും. ഭീകരമായ സർവ്വാധിപത്യത്തിന്റെ അടിസ്ഥാനത്തിൽ പണിതുറപ്പിച്ചിട്ടുള്ള റഷ്യൻ ഭരണകൂടം ആ തുറന്ന അഭിപ്രായങ്ങളുടെ ആഘാതമേററ് അല്പം കുലുങ്ങിയെന്നു വരാം. അപ്പോൾ ഒറ്റവിളിക്കൂട്ടുന്നവരുടെ വായ്കൾ മൂടിക്കെട്ടുവാൻ മലങ്കോവ് നിർബന്ധിതനായേക്കാം. കർക്കശമായ സ്വേച്ഛാധിപത്യം മടങ്ങിവരുവാൻ അതു കാരണമായിത്തീരും.

### സ്റ്റാലിനെപ്പററി

സ്റ്റാലിൻ വ്യക്തിസ്വാതന്ത്ര്യത്തെ അടിച്ചമർത്തി. എതിർകക്ഷികളുടെ വായ് മൂടിക്കെട്ടി. എതിർവിപ്ലവം മുഴക്കിയവരെ തുറുങ്കിലടച്ചു. ചിലരെ ചുററികകൊണ്ട് അടിച്ചുകൊന്നു. ശരിതന്നെ. പക്ഷെ, അദ്ദേഹം റഷ്യയെ വിപ്ലവത്തിന്റെ അക്രമപരമായ അനിശ്ചിതാവസ്ഥയിൽനിന്ന് ഭദ്രമായ ഒരു നിലയിലേക്കുയർത്തി. ചരിത്രവാസനകളെ നിർമ്മാർജ്ജനം ചെയ്തു രാഷ്ട്രത്തിന്റെ മുഴുവൻ ശക്തിയും നിയന്ത്രണാധീനമാക്കി. അതൊരു നേട്ടമാണ്. അതിനെത്തന്നെയാണ് സ്വേച്ഛാധിപത്യം എന്നു വിളിക്കുന്നത്. ആ ഭരണവ്യവസ്ഥയിൽ വ്യക്തികൾ തകർന്നുപോകും. എന്നാൽ തകർച്ച കൂടാതെയുള്ള സാമ്പത്തികപദ്ധതികൾ പുരോഗമിക്കും. റഷ്യൻ ജനതയ്ക്കു ഭക്ഷണവും, വസ്ത്രവും നൽകുന്നതിൽ സ്റ്റാലിൻ വിജയിച്ചു. അവരെ അദ്ദേഹം അക്ഷരജ്ഞാനമുള്ളവരാക്കി. ഐശ്വര്യസമൃദ്ധമായ ഒരു രാഷ്ട്രത്തെ അദ്ദേഹം കെട്ടിപ്പടുത്തു. പക്ഷെ, സ്വാതന്ത്ര്യം മാത്രം ആ ഇരുമ്പുമുഷ്ടിയുടെ കീഴിൽ ലഭിച്ചിരുന്നില്ല. ചിരപ്രാർത്ഥിതമായ ആ സ്വാതന്ത്ര്യമാണ് മലങ്കോവ് നൽകുവാൻ പുറപ്പെട്ടിരിക്കുന്നത്. സ്വേച്ഛാധിപത്യത്തിന്റെ പിന്നാലേ വരുന്ന ആ സ്വാതന്ത്ര്യം ഒരു നല്ല കാര്യമാണ്; അതൊരു പരീക്ഷണവുമാണ്.

## ടോൾസ്റ്റോയിയുടെ ഒരു നോവൽ

# അന്നാ കരീനിനാ

### (കഥാസംഗ്രഹം)

കൌണ്ട് ലിയോ–ടോൾസ്റ്റായി 1828 ആഗസ്റ്റ് 23-ാം-നു- യാസ്നായാ പൊളിയാനായിൽ ജനിച്ചു. സ്വന്തം അനുഭവങ്ങളെക്കുറിച്ചാണ് ആദ്യകാലത്തു അദ്ദേഹം എഴുതിയതു്. 1852-ൽ അനുഭവപരമ്പരകളുടെ ആദ്യഭാഗം പുറത്തുവന്നു. “യുദ്ധവും സമാധാനവും” “അന്നാകരീനിനാ” “ഉയിർത്തെഴുന്നേൽപ്പ്” “ദി കൊസാക്ക്സ്” എന്നിവയാണു പ്രധാന നോവലുകൾ .......

വിവാഹത്തിനുശേഷം ഒരു ഒന്നാംകിടക്കാരി കുഴപ്പത്തിൽച്ചാടിയതാണു “അന്നാകരിനിനാ” യിലെ പ്രതിപാദ്യം 1875–ലാണു ഈ നോവൽ എഴുതിത്തുടങ്ങിയതു. ആദ്യം ഇതു “റെഷ്യൻ മെസഞ്ചറിൽ” ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തി “യൂറോപ്യൻസാഹിത്യത്തിൽ ഇതിനോടു കിടപിടിക്കത്തക്കതായി മറ്റൊന്നുമില്ല” എന്നാണു ഈ നോവലിനെക്കുറിച്ചു ഡോസ്റ്റോവ്സ്കി പറയുന്നതു്.

ഒബ്‌ലാൻസ്കി കുടുംബത്തിൽ കാര്യങ്ങളെല്ലാം കുഴഞ്ഞു മറിഞ്ഞരൂപത്തിലായിരുന്നു. കുടുംബനാഥനായ സ്റ്റീഫൻ ആ വീട്ടിലെ ആയയും കുട്ടികളുടെ അദ്ധ്യാപികയുമായ ഒരു ഫ്റഞ്ചുകാരിപ്പെണ്ണിൽ അനുരക്തനായി. സ്റ്റീഫന്റെ ഭാര്യയായ ഡോളി ഇതു കണ്ടു പിടിച്ചു. ഏഴു മക്കൾക്കമ്മയായ ഡോളിക്കു ഭർത്താവിന്റെ ഈ നിലവിട്ടുള്ളപോക്കു സഹിക്കുവാൻ കഴിവുണ്ടായിരുന്നില്ല. അവൾ ആ ഫ്റഞ്ചുകാരിപ്പെണ്ണിനെ ഉടനെ വീട്ടിൽനിന്നും പുറത്താക്കി. പക്ഷെ കാര്യങ്ങൾ അവിടംകൊണ്ടവസാനിച്ചില്ല. മൂന്നാലുദിവസത്തേക്കു ആ ഭാര്യയും ഭർത്താവും തമ്മിൽ പരസ്പരം മിണ്ടിയതേയില്ല.

എന്തുചെയ്യണമെന്നു സ്റ്റീഫനു ഒരു എത്തുംപിടിയും കിട്ടിയില്ല. അയാൾ ആകെ ആകുലനായി. ആ കുടുംബം എന്നെന്നേക്കുമായി ശിഥിലപ്പെട്ടുപോകുമോയെന്നുപോലും അയാൾ സംശയിച്ചു. സ്റ്റീഫൻ ഉൽക്കണ്ഠാകുലനായി.

ഈ അവസരത്തിലാണയാൾക്കൊരു കമ്പി കിട്ടിയതു. സ്റ്റീഫന്റെ സഹോദരി അന്ന അങ്ങോട്ടു വരുന്നുവെന്നായിരുന്നു കമ്പിയിലെ ഉള്ളടക്കം. സ്റ്റീഫനു ആശ്വാസമായി. അന്ന വന്നാൽ ഈ കുഴപ്പങ്ങൾക്കൊരറുതിയുണ്ടാകുമെന്നു തീർച്ചയാണു.

സമർത്ഥനും സദ്‌വൃത്തനും ദൈവഭക്തനുമായ ഒരു പ്രഭുവായിരുന്നു അന്നയുടെ ഭർത്താവായ അലക്സി കരീനിനാ. അവർ സുഖകരമായ വൈവാഹികജീവിതം നയിക്കുന്നു. അവർക്കു എട്ടു വയസ്സുള്ള ഒരു മകനുണ്ടു്.

പറ്റേന്നു കാലത്തു് സഹോദരിയെക്കാത്തു് സ്റ്റീഫൻ റെയിൽവെ സ്റ്റേഷനിലെത്തി. അയാളുടെ കൂട്ടുകാരൻ വിറോൺസ്കി കൂടെയുണ്ടായിരുന്നു. വിറോൺസ്കി ഒരു വലിയ പണക്കാരനാണു്. യോഗ്യനും വിദ്വാനുമായ അയാളെ അറിയാത്തവരായി പീറ്റർസ്ബർഗിൽ ആരുമുണ്ടായിരുന്നില്ല.

വണ്ടിവന്നു. സ്റ്റീഫൻ സഹോദരിയെ വിറോൺസ്കിക്കു പരിചയപ്പെടുത്തിക്കൊടുത്തു. അയാൾക്കു് മാഡം കരീനിനായെ നന്നെ പിടിച്ചു. എന്തൊരാകർഷമായ പുഞ്ചിരി! വിറോൺസ്കി സ്വയം മറന്നു് ആ സൗന്ദര്യധാമത്തെ ഏറെ നേരം നോക്കി നിന്നു. അയാളുടെ ഹൃദയം തുടിച്ചു. അജ്ഞാതമായ ഏതോ ഒരു വികാരാവേശം അയാളുടെ സിരാകൂടങ്ങളെ ത്രസിപ്പിച്ചു.

അന്നയുടെ മദ്ധ്യസ്ഥതയിൽ ഓബ്‌ലാൻസ്കി കുടുംബത്തിലെ കുഴപ്പങ്ങൾ ഒരു വിധം അവസാനിച്ചു.

പിറ്റെ ദിവസം അവിടെ ഒരൊന്നാന്തരം നൃത്തം നടക്കുന്നുണ്ടായിരുന്നു. നൃത്തശാലയിൽ വെച്ചു അന്നാ വിറോൺസ്കിയെ വീണ്ടും കണ്ടുമുട്ടി. വിറോൺസ്കിയും അന്നയും ഏറെ നേരം സംസാരിച്ചു.

അന്നു ഉറക്കറയിൽ പ്രവേശിച്ചപ്പോൾ വല്ലാത്തൊരു അസ്വാസ്ഥ്യം അന്നയെച്ചൂഴുന്നുണ്ടായിരുന്നു. വിറോൺസ്കിയുടെ രൂപം അവളുടെ മനസ്സിൽ നിന്നും എത്രമായിച്ചിട്ടും മാഞ്ഞുപോയില്ല. എന്തൊരു നല്ല മനുഷ്യൻ? എത്ര

സ്സാകർഷണീയമായ സംഭാഷണം? എന്തൊരു സൗന്ദര്യം!—എന്നെല്ലാം അവൾ വിറോൺസ്കിയെക്കുറിച്ചാലോചിച്ചുപോയി.

ഏതായാലും വീട്ടിൽചെന്നു ഭർത്താവിനെയും മകനെയും കാണുമ്പോൾ എല്ലാ വിഷമതകളും നീങ്ങുമെന്നു അവൾ സ്വയം ആശ്വസിച്ചു. പക്ഷെ അന്ന മോസ്കോയിലേക്കു തിരിയാൻ ഭാവിച്ചപ്പോൾ ദാ വരുന്നു വിറോൺസ്കി!

“നിങ്ങളെന്തിനു വന്നു?” അന്നാ വികാരക്ഷോഭത്തോടെ ചോദിച്ചു.

“എന്തിനെന്നോ?” അന്നയുടെ കണ്ണിലേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ടു വിറോൺസ്കി പ്രതിവചിച്ചു: “അന്നയെ മറക്കുവാൻ എനിക്കു കഴിയാത്തതുകൊണ്ടുതന്നെ.”

കേൾക്കാൻ കൊതിച്ചതു അവൾകേട്ടു. പക്ഷെ അന്ന പറഞ്ഞു. “ദയവായി എല്ലാം മാക്കൂ! ഞാൻ മാക്കുന്നതുപോലെ—”

എങ്കിലും വിറോൺസ്കി അവളെ പീറ്റേർസ്ബർഗുവരെ അനുധാവനം ചെയ്തു. അന്നയെ പ്രതീക്ഷിച്ചു ഭർത്താവു വന്നിട്ടുണ്ടായിരുന്നു.

അന്ന ഭർത്താവിനെ വിറോൺസ്കിക്കു പരിചയപ്പെടുത്തിക്കൊടുത്തു. അപ്പോഴാണു് അന്നക്കൊരു ഭർത്താവുള്ള കാര്യം അയാൾ ആദ്യമായോർത്തതു്! അവളെ പ്രേമിക്കാൻ തനിക്കല്ലാതെ മററാർക്കും അവകാശമില്ലെന്നാണു് അയാൾ വിചാരിക്കുന്നതു്. വിറോൺസ്കിക്കു് അലക്സീകരീനിനായുടെ നേരെ അജ്ഞാതമായ എന്തോ വിരോധം അനുഭവപ്പെട്ടു.

വിറോൺസ്കിയുടെ ഒരു ബന്ധുവായിരുന്നു ബെട്സി. അവളുടെ വീട്ടിൽച്ചെന്നു് ഇടയ്ക്കിടക്കു് അന്ന വിറോൺസ്കിയെ സന്ദർശിക്കുവാൻ തുടങ്ങി. അന്നയും വിറോൺസ്കിയും തമ്മിലുള്ള സ്നേഹബന്ധം പലരുടെയും കണ്ണിൽപ്പെട്ടു. ആ കൂട്ടുകെട്ടു അവളുടെ നാശത്തിനാണെന്നു പലരും പറഞ്ഞു.

വിറോൺസ്കി മോസ്കോയിലേക്കു മടങ്ങിപ്പോയില്ല. അന്നയും വിറോൺസ്കിയും പലപ്പോഴും പരസ്പരം സന്ദർശിച്ചു. ഇരുവരും അറിയാതെ ആ പ്രേമബന്ധം വളർന്നുകൊണ്ടിരുന്നു അലക്സീകരീനിനാഇതു മനസ്സിലാക്കാതിരുന്നില്ല. അദ്ദേഹം ആകെ അസ്വസ്ഥനായി. ഭാര്യയോടു അതിനെക്കുറിച്ചുസംസാരിക്കണമെന്നു തോന്നി. പക്ഷെ അവളോടെന്താണു പറയുക. അലക്സിക്കു അന്നയെ വളരെ വിശ്വാസമായിരുന്നു. പക്ഷെ അവൾ വേറൊരാളെ പ്രേമിക്കുന്നതു വാസ്തവമാണോ ഈ ചോദ്യം അലക്സിയുടെ മുന്നിലുയർന്നപ്പോൾ അദ്ദേഹം ഞെട്ടിപ്പോയി. ഇതു മൂലമുള്ള കുഴപ്പങ്ങൾ ഓരോന്നാരോന്നായി അലക്സിയുടെ മുന്നിലുയർന്നു വന്നു. ഒന്നാമതു മനുഷ്യരുടെയിടയിലുണ്ടാവുന്ന ചീത്തപ്പേരു്. രണ്ടാമതു മതപരമായുള്ള വിവാഹബന്ധം. മൂന്നാമതു അവരുടെ മകനു ഭാവിയിൽ നേരിട്ടേക്കാവുന്ന ക്ലേശങ്ങൾ! നാലാമതു അന്നക്കുതന്നെ ഉണ്ടാകാവുന്ന മാനസിക വിഷമങ്ങൾ!....

ഭർത്താവിന്റെ അസ്വാസ്ഥ്യങ്ങളെക്കുറിച്ചു അന്നക്കുയാതൊരു ചിന്തയുമില്ലായിരുന്നു. അതിനാൽ “വിറോൺസകിയുമായുള്ള നിന്റെ പെരുമാററം വളരെ ചീത്തപ്പേരിനിടകൊടുത്തിട്ടുണ്ടു്” എന്നുഅലക്സീ അവളോടു പറഞ്ഞപ്പോൾ അവൾ അതിനെ അത്ര കാര്യമാക്കിയതേയില്ല.

അതിനെത്തുടർന്നു് അന്നയും അലക്സിയും അകലുവാൻ തുടങ്ങി. അന്നഇടയ്ക്കിടയ്ക്കു് പുറത്തുപോകും. വിറോൺസ്കിയുമായി ഒന്നിച്ചുകൂടും. ആ സമ്മേളനങ്ങൾ വളരെ നേരംനീണ്ടുനിൽക്കാറുണ്ടു്. അന്ന രാത്രി വളരെ താമസിച്ചാണുമടങ്ങിവരുക. അലസ്കി ഇതെല്ലാം കാണാറുണ്ടു്. പക്ഷേ എന്തുചെയ്യാനാണു്. അയാൾ ഒന്നും തുറന്നു പറയാറില്ല. അന്ന ആകെ മാറിപ്പോയതായി അലക്സിക്കു തോന്നി. ആ ഭർത്താവു ദുഃഖിതനായി കഴിഞ്ഞുകൂടി.

വിറോൺസ്കിയുമായുള്ള അന്നയുടെ സമ്മേളനങ്ങൾ കൂടിക്കൂടി വന്നു. ഒരുദിവസം അവരുടെ അധരപുടങ്ങൾ കൂട്ടിമുട്ടി. അവർ അന്യോന്യം തെരുതെരെ ചുംബിച്ചു.........

അന്നൊരു ഇരുണ്ടദിവസമായിരുന്നു അസ്തമനത്തിനുമുൻപു പെട്ടെന്നൊരു മഴപെയ്തു. അന്നു അലക്സി പുറത്തെവിടെയോ പോയിരിക്കയാണെന്നു വിറോൺസ്കി അറിഞ്ഞു. മഴയായകൊണ്ടു അന്ന തനിയെ വീട്ടിലുണ്ടായിരിക്കുമെന്നും അയാൾ ഊഹിച്ചു. പക്ഷെ അന്നയുടെ മകൻ —സിറോഷ് —വിറോൺസ്കിക്കു ഒരു തടസ്സമായിരുന്നു. ആ കുട്ടിയെ അയാൾ ഇഷ്ടപ്പെട്ടിട്ടില്ല. എങ്കിലും അയാൾ ആ അവസരം നഷ്ടപ്പെടുത്തിയില്ല. വിറോൺസ്കി അന്നയുടെ വീട്ടിലേക്കുചെന്നു. അന്ന അയാളവിടെ ചെല്ലുമെന്നു തീരെ പ്രതീക്ഷിച്ചിരുന്നില്ല. അന്ന അന്നു തീരെ മ്ളാനവദനയായി കാണപ്പെട്ടു. അയാൾ അവളെ സ്പർശിച്ചപ്പോൾ ആ കൈകൾ തണുത്തിരുന്നു.

“എന്താണാലോചിച്ചുകൊണ്ടിരിക്കുന്നതു്” വിറോൺസ്കി ചോദിച്ചു.

ആ ചോദ്യം അവളെ ചിന്തയിൽ നിന്നുണർത്തി. അവളുടെ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു.

“ദൈവത്തെ ഓർത്തുപറയൂ” വിറോൺസ്കി നിർബന്ധിച്ചു.

“എന്നാൽ ഞാൻ പറയട്ടെ....”

“പറയൂ....പറയൂ!....”

"എനിക്കു ഗർഭമാണു്" അന്ന പറഞ്ഞു. അവളുടെ കൈകൾ വിറച്ചു. അവൾ അവളുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. വിറോൻസ്കി വിളറി. അയാൾ അവന്റെ കൈപിടിച്ചു. അന്ന വിറോൻസ്കി ഗൌരവമായി പലതും പറഞ്ഞു. ഭർത്താവിനെവിട്ടു തന്റെ കൂടെ വന്നുപാർക്കുവാൻ അയാൾ അവളോടാവശ്യപ്പെട്ടു. അന്ന വ്യാകുലപ്പെട്ടു. പുത്രനെക്കുറിച്ചായിരുന്നു അവളുടെ ചിന്ത മുഴുവൻ........

വിറോൻസ്കി പോയിക്കഴിഞ്ഞപ്പോൾ അന്ന അവളെക്കുറിച്ചു തന്നെ ആലോചിച്ചു. ഭർത്താവിനെ വിട്ടു കാമുകന്റെ കൂടെ ഇറങ്ങിത്തിരിക്കുക! അവൾക്കു മകനെപ്പററി ഓർമ്മവന്നു. പിതാവിനെവിട്ടു ജീവിക്കുന്ന അമ്മയെക്കുറിച്ചു അവന്റെ അഭിപ്രായം എന്തായിരിക്കും.

അന്നൊരു വലിയ കുതിരപ്പന്തയമായിരുന്നു. നാട്ടിലെപ്രമാണികളൊക്കെ എത്തിയിട്ടുണ്ടായിരുന്നു. അന്ന മുകളിൽ ബെട്സിയുടെ അരുകിലിരുന്നാണു പന്തയം കണ്ടതു. അലക്സിയും സ്റ്റീഫനും കൂടെയുണ്ടായിരുന്നു. വിറോൻസ്കി കുതിരപ്പന്തായത്തിൽ പങ്കെടുക്കുവാൻ ഒരു നല്ല കുതിരപ്പുറത്തുകയറി രംഗത്തുവന്നു. പന്തായം തുടങ്ങി. പെട്ടെന്നു വിറോൻസ്കിയുടെ കുതിര കുതിച്ചുപാഞ്ഞു. അടുത്തനിമിഷത്തിൽ അയാൾ കുതിരപ്പുറത്തുനിന്നും തെറിച്ചുവീഴുന്നതവൾ കണ്ടു!.... അന്നയ്ക്കടക്കുവാൻ കഴിഞ്ഞില്ല. അവൾ പൊട്ടിക്കരഞ്ഞു. പരിതഃസ്ഥിതികളെ വിസ്മരിച്ച അവൾ ഉദ്വേഗത്തോടെ അങ്ങോട്ടുനോക്കി ദീനദീനം വിലപിച്ചു.

ഭർത്താവിനു അവളുടെ ഈ പെരുമാററം തീരെ സഹിക്കുവാൻ കഴിഞ്ഞില്ല. അന്ന വിറോൻസ്കിക്കു് എന്തു പററിയെന്നറിയാൻ ഉൽക്കണ്ഠകാട്ടുന്നുണ്ടായിരുന്നു. "വിറോണിനു് ഒന്നും പററിയില്ല." ആൾക്കൂട്ടത്തിൽനിന്നും ആരോ വിളിച്ചുപറഞ്ഞു. അന്നയ്ക്കു സമാധാനമായി.

അന്ന ഭർത്താവിന്റെ കൂടെ സ്വഗൃഹത്തിലേക്കു മടങ്ങി. അലക്സി ഓരോന്നു ചോദിക്കുന്നുണ്ടായിരുന്നു. അന്ന ഒന്നും കേട്ടതേയില്ല. വിറോൺസ്കി വീണപ്പോൾ അവൾ കാണിച്ച വെപ്രാളത്തിനു അവളെ കുററപ്പെടുത്തി. അവൾക്കതു തീരെ സഹിച്ചില്ല. അവൾ സ്വയം മറന്നു പെട്ടെന്നു പറഞ്ഞു.

"ഞാൻ വിറോൺസ്കിയെ സ്നേഹിക്കുന്നു. എനിക്കു് നിങ്ങളോടു സ്നേഹമില്ല. ഞാൻ നിങ്ങളെ വെറുക്കുന്നു. നിങ്ങളെന്നോടു എന്തു വേണമെങ്കിലും ചെയ്തോളൂ.!"

അന്ന പൊട്ടിക്കരഞ്ഞു. അലക്സി ഒരു ആഘാതമേററതുപോലെ മൂകനായിരുന്നു!.... ...

അലക്സി കരീനിനാ അന്നു തന്നെ പീററഴ്സ്ബർഗിലേക്കു പോയി. ഉഗ്രമായ പല ചിന്തകളും അദ്ദേഹത്തിന്റെ തലച്ചോറിനെ വട്ടമിട്ടുകൊണ്ടിരുന്നു.•.........

അന്ന ഗർഭിണിയാണെന്നുള്ള വിവരം കേട്ടതുമുതൽ വിറോൻസ്കി ചിന്താക്രാന്തനായി. അതുവരെ അന്യന്റെ ഭാര്യയെ കാമുകിയായി പരിഗണിച്ചതിൽ അയാൾ യാതൊരു തെററും കണ്ടിരുന്നില്ല. ഇതുമൂലം അലക്സിക്കുണ്ടാകാവുന്ന വേദനയെക്കുറിച്ചു അയാളോർത്തു. ഏതായാലും വ്യക്തമായ ഒരു തീരുമാനത്തിലെത്തേണ്ട സമയം വൈകിയിരുന്നുവെന്നു അയാൾക്കു തോന്നി.

അലക്സിയും അന്നയും ഒരേ വീട്ടിൽത്തന്നെ താമസിച്ചു. പക്ഷെ കേവലം അന്യരാണെന്നിരുവർക്കും തോന്നി. ഈ കുഴപ്പങ്ങൾക്കു മകുടം ചൂട്ടുന്ന ഒരു സംഭവമുണ്ടായി. ഒരു ദിവസം ഭാര്യയുടെ കാമുകനെ അലക്സി സ്വഗൃഹത്തിൽ വച്ചു കണ്ടു. യാതൊരു ഭർത്താവും അതു സഹിക്കുകയില്ല. എന്തെങ്കിലും അവിവേകം കാണിക്കാതിരിക്കുവാൻ അലക്സി വളരെ പണിപ്പെട്ടു. അന്നു രാത്രി മുഴുവൻ അലക്സി ഉറങ്ങിയില്ല. നേരം പുലരുന്നതുവരെ അയാൾ ചിന്തിച്ചു.

ഭർത്താവിനോടുള്ള കടമയും കാമുകനോടുള്ള പ്രേമവും, സ്വന്തം പുത്രനോടുള്ള വാത്സല്യവും എല്ലാം ഒരേ സമയത്തു പ്രകടിപ്പിക്കുവാൻ അന്നയ്ക്കു കഴിഞ്ഞില്ല. അവൾ പ്രസവിച്ചു. അവൾ രോഗിണിയായി. ആ രോഗത്തിൽ വച്ചു താൻ മരിച്ചു പോകുമെന്നും അന്ന കരുതി. അന്ന വിറോൻസ്കിയെ കാണണമെന്നു പറഞ്ഞു. വിറോൺസ്കിവന്നു. അലക്സി തന്നെ അയാളെ സ്വീകരിച്ചു. എല്ലാം തുറന്നു പറഞ്ഞു. അലക്സിയുടെ ആത്മാർത്ഥത അയാളെ വല്ലാതെ ആകർഷിച്ചു.

ദിവസങ്ങൾ പലതു കഴിഞ്ഞു. അന്ന മരിച്ചില്ല. ക്രമേണ രോഗം അവളെ വിട്ടുമാറി. വീണ്ടും കുഴപ്പങ്ങൾ ആരംഭിച്ചു. വിവരങ്ങൾ അറിഞ്ഞു ഒരു ദിവസം സ്ററീഫൻ സഹോദരിയെ കാണുവാൻ വന്നു. കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനിയെങ്കിലും ഒരു നല്ല ഭാര്യയായി ജീവിക്കുവാൻ സ്റ്റീഫൻ സഹോദരിയെ ഉപദേശിച്ചു. പക്ഷെ ഒന്നുകൊണ്ടും അവൾ തൃപ്തയായില്ല. ഒടുവിൽ വിവാഹമോചനം ഒന്നുകൊണ്ടേ അവൾക്കു സമാധാനം ലഭിക്കുകയുള്ളുവെന്നു സ്റ്റീഫനു മനസ്സിലായി. അതിനാൽ സ്റ്റീഫൻ അലക്സിയെ ചെന്നു കണ്ടു. അലക്സി വിവാഹമോചനത്തിനു സന്നദ്ധനായില്ല. തനിക്കതു തീരെ അസാദ്ധ്യമാണെന്നു അയാൾ പറഞ്ഞു. വിവാഹമോചനം നടത്തിയാൽ മകന്റെ കാര്യമെന്താകുമെ

ന്നു അലക്സി ചോദിച്ചപ്പോൾ സ്റ്റീഫനു യാതൊരുത്തരവും പറയുവാൻ കഴിഞ്ഞില്ല. വിവാഹമോചനത്തിനനുവദിച്ചാൽ അന്നയെ നശിപ്പിക്കുവാനനുവദിക്കുകയായിരിക്കുമെന്നും ആ സ്നേഹസമ്പന്നൻ പറഞ്ഞു. വിറോൺസ്കി ഈ പുതുമോടി കഴിയുമ്പോൾ അന്നയെ ഉപേക്ഷിച്ചേക്കുമെന്നും അദ്ദേഹം ദീർഘദർശനം ചെയ്തു. "ഇടത്തെ ചെകിടത്തടിച്ചാൽ വലത്തെ ചെകിടു കാണിച്ചു കൊടുക്കുക" എന്ന ആദർശത്തിൽ വിശ്വസിക്കുന്ന അലക്സിയുടെ അഭിപ്രായങ്ങളെ സ്റ്റീഫൻ ആദരിച്ചു.

ഇതിനിടയ്ക്കു വിറോൺസ്കിയ്ക്കു ഒരു മനഃപരിവർത്തനമുണ്ടായി. അലക്സിയുടെ പട്ടുപോലത്തെ മൃദുവായ ഹൃദയം മുറിപ്പെടുത്തിയതിൽ അയാൾ കുണ്ഠിതപ്പെട്ടു. കരീനാ കുടുംബത്തെ ശിഥിലമാക്കിയ താൻ ഒരു കുറ്റവാളിയാണെന്നും വിറോൺസ്കിക്കു തോന്നി. ഈ കുറ്റബോധം അയാളെ അസമാധാനചിത്തനാക്കി. ഒറ്റ രാത്രി പോലും അയാൾക്കുറങ്ങാൻ കഴിഞ്ഞില്ല. ജീവിച്ചിട്ടെന്തു കാര്യം? വിറോൺസ്കി കൈത്തോക്കെടുത്തുകൊണ്ടു സ്വയം ആലോചിച്ചു. പിന്നെ താമസിച്ചില്ല. ആയാൾ നിറയൊഴിച്ചു........ശബ്ദം കേട്ട് ആളുകൾ ഓടിയെത്തി. വിറോൺസ്കിയെ ആശുപത്രിയിലേക്കു കൊണ്ടുപോയി.

വിറോൺസ്കിക്കു പറ്റിയ മുറിവു ഗുരുതരമായിരുന്നില്ല. മുറിവു ക്രമേണ ഭേദപ്പെട്ടുവന്നു. ആ പ്രവൃത്തിയിൽ ആയാൾക്കു ലജ്ജതോന്നി. അതു് ആരും അറിയാതെ കഴിക്കാൻ അയാൾ ശ്രമിച്ചു.

മുറിവു് ഉണങ്ങിയതോടെ വിറോൺസ്കി വീണ്ടും അന്നയെച്ചെന്നു കണ്ടു. പക്ഷെ ആ സമാഗമവേളയിൽ എല്ലാ തീരുമാനങ്ങളും അലിഞ്ഞുപോകുന്നതായി അയാൾക്കു തോന്നി.

ഒരു മാസം കഴിഞ്ഞപ്പോൾ അലക്സിയും മകനും തനിച്ചു താമസമാക്കി. അന്ന വിറോൺസ്കിയുടെ കൂടെ സ്ഥലം വിട്ടു. വിവാഹമോചനം നടന്നതുമില്ല. അങ്ങനെ എല്ലാം പെട്ടെന്നാണു സംഭവിച്ചതു്.

അന്നയും വിറോൺസ്കിയും ഒന്നാംതരം ഒരു ഹോട്ടലിൽ താമസമുറപ്പിച്ചു. അന്ന, കുഞ്ഞു്, ആയ, വേലക്കാരി, വിറോൺസ്കി, എല്ലാവർക്കും അവിടെ സൗകര്യവും സുഖവുമായിരുന്നു.

ഈ പുതിയ ജീവിതം എല്ലാ വിഷമതകൾക്കും അവസാനം വരുത്തുമെന്നു് അന്ന പ്രതീക്ഷിച്ചു. പക്ഷെ, മകനെക്കുറിച്ചുള്ള ചിന്ത അവളെ കൂടുതൽ ആകുലയാക്കി. മാത്രമല്ല, വിറോൺസ്കിയുടെ ജീവിതത്തിലും ചില വ്യത്യാസങ്ങൾ അവൾ കണ്ടു. അയാൾ തന്നെ സ്നേഹിക്കുന്നുണ്ടോയെന്നുപോലും അവൾ സംശയിച്ചു. ആയാളുടെ ഓരോ ചലനവും അവളിൽ സംശയമുളവാക്കി.

വിറോൺസ്കിയുമായുള്ള ബന്ധത്തെക്കുറിച്ചു് അന്ന ചിന്തിക്കുവാൻ തുടങ്ങി. ആയാൾ എന്താണു് അവളിൽനിന്നും പ്രതീക്ഷിച്ചിരുന്നതു്? വിജയം. ആയാൾ അവളെ പരാജയപ്പെടുത്തിയിരിക്കുന്നു. ഓരോ ദിവസം കഴിയുന്തോറും അന്നയ്ക്കു വിറോൺസ്കിയിലുള്ള പ്രേമം വർദ്ധമാനമായിക്കൊണ്ടിരുന്നു. ആയാൾക്കാണെങ്കിൽ നേരെ മറിച്ചും. അവൾ അടുക്കുവാൻ ശ്രമിക്കുന്തോറും അയാൾ അകന്നകന്നുപോയി. സ്നേഹം അവസാനിക്കുന്നിടത്തുനിന്നും വെറുപ്പു് ആരംഭിക്കുന്നു. അപ്പോൾ വിറോൺസ്കി അവളെ വെറുക്കുകയാണു്.

സമുദായം അവളുടെ നേരെ എങ്ങിനെയാണു വീക്ഷിക്കുക? സ്വന്തം ഭർത്താവിനെവിട്ടു കാമുകന്റെ കൂടെ ചാടിപ്പോന്ന അവൾ സമുദായത്തിന്റെ മുന്നിൽ കുറ്റവാളിയാണു്. ചിന്തകൾ അവളെ ഉഗ്രമായ സർപ്പത്തെപ്പോലെ ഗ്രസിക്കുവാൻ തുടങ്ങി. രാത്രി അവൾക്കുറക്കം വന്നില്ല. മരണം—ഈ മനോവിപര്യയത്തിൽ നിന്നും അതൊന്നുകൊണ്ടേ മോചനം ലഭിക്കയുള്ളുവെന്നു് അവൾ കണ്ടു. വിറോൺസ്കിയെ ശിക്ഷിക്കുവാൻ തന്റെ മരണത്തിനേ സാധിക്കയുള്ളു എന്നവൾ നിശ്ചയിച്ചു.

അന്നു് അവൾ ഡോളിയെച്ചെന്നു കണ്ടു. പക്ഷെ അതിനു ശേഷം അവളുടെ മനസ്സു കൂടുതൽ അസ്വസ്ഥമായി. അതിനാൽ അവൾ ഡോളിയുടെ വീട്ടിൽനിന്നും നേരെ റെയിൽവേസ്റ്റേഷനിലേക്കു തിരിച്ചു. അവൾ തീവണ്ടിയാഫീസിലെത്തി. എങ്ങോട്ടു പോകുന്നു, എന്തിനു പോകുന്നുവെന്നെല്ലാം അവൾ പാടെ വിസ്മരിച്ചിരുന്നു.

അവൾ പ്ലാറ്റുഫോറത്തിനടുത്തേക്കു നടന്നു. വണ്ടി വന്നു. അവൾ വിചാരിച്ചു. അതാ അവിടെ ആ ചക്രങ്ങൾക്കിടയിൽ—അവിടെയാണു മോചനസ്ഥാനം. പക്ഷെ അവൾ ചിന്തിച്ചുനിൽക്കവെ ആ വണ്ടി കടന്നുപോയി.—

രണ്ടാമതു വേറൊരു വണ്ടി എത്തി. ആ വണ്ടി എത്തിയതും അവൾ റെയിലിൽ തലവെച്ചതും ഒപ്പം കഴിഞ്ഞു.—ഒരു ചലനം, ഒരു പിടച്ചിൽ—എല്ലാം കഴിഞ്ഞു.

(ടാറ്റാപുരം സുകുമാരൻ
പൂമാല)

# യുദ്ധത്തിൻെറ ഉറവിടങ്ങൾ

## ലോകപുരോഗതിയുടെ കടിഞ്ഞാൺ പിടിക്കുന്ന നേതാക്കന്മാരുടെ ചരിത്രപ്രധാനമായ പ്രസ്താവനകൾ

**ഈ പ്രസ്താവനകൾ വായിച്ചശേഷം, ലോകം എവിടേയ്ക്കാണു നീങ്ങുന്നതെന്നു വായനക്കാരനു തന്നെ തീരുമാനിക്കാം. സ്റ്റാലിൻെറ മരണത്തിനുശേഷം സോവിയററ് റഷ്യയുടെ ആധിപത്യം ഏറെറടുത്ത മലങ്കോവു് പുറപ്പെടുവിച്ച സൗഹാർദ്ദസൂചനകളെപ്പററി സംശയംവിടാതെ ലോകം ചിന്തിച്ചുകൊണ്ടിരിക്കയാണു്.**

**(സർഗീവ്)**

## ജോർജ്ജി മലങ്കോവ്

സുപ്രീം സോവിയററിൻെറ ഒരു യോഗത്തിൽ ഇങ്ങനെ പറഞ്ഞു:—

"എല്ലാ രാജ്യങ്ങളുമായിട്ടും, പ്രത്യേകിച്ചു് അമേരിക്കയുമായിട്ടു് സമാധാനപരമായി പറഞ്ഞുതീർക്കുവാൻ പാടില്ലാത്ത പ്രശ്നങ്ങളൊന്നുമില്ല."

(മാർച്ച് 15)

## ഐസൻഹോവർ



"ശീതസമരത്തിലെ അപകടകരമായ സന്ധിയിൽ എത്തിച്ചേർന്നിരിക്കുന്നുവെന്നു് ലോകത്തിലെ മററു രാജ്യങ്ങളോടൊപ്പം മനസ്സിലാക്കുന്നതിനും, ചരിത്രത്തിൻെറ വേലിയേററത്തെ തിരിച്ചുവിടുന്നതിനെ സഹായിക്കുന്നതിനും വേണ്ടി സോവിയററ് നേതൃത്വത്തിനു വിലയേറിയ ഒരു സന്ദർഭമാണു ലഭിച്ചിരിക്കുന്നതു്. ദാരിദ്ര്യത്തിൻെറയും ദൗർഭിക്ഷ്യത്തിൻെറയും ക്രൂരമായ ശക്തികൾക്കെതിരായി ഒരു സമ്പൂർണ്ണസമരം—പുതിയ രീതിയിലുള്ള സമരം—ആരംഭിക്കുവാൻ പ്രധാനമന്ത്രി മലങ്കോവിൻെറ ഭരണകൂടത്തോടു് ആവശ്യപ്പെട്ടുകൊള്ളട്ടെ."

(ഐസൻഹോവറുടെ ഏപ്രിൽ 16—ാംനു-ത്തെ പ്രസ്താവന).

"പുതിയ സമരത്തിൻെറ സ്മാരകങ്ങൾ ഇവയായിരിക്കും. റോഡുകൾ, സ്കൂളുകൾ, ആസ്പത്രികൾ, വീടുകൾ, ഭക്ഷണം, ആരോഗ്യം" എന്നും "ലോകത്തിൻെറ ഭയാശങ്കകളെ വർദ്ധിപ്പിക്കുന്നതിനുപകരം ലോകത്തിൻെറ ആവശ്യങ്ങളെ നിറവേററുവാൻ ഞങ്ങൾ സന്നദ്ധരാണു്" എന്നും, ഈ സമരം സഫലമാകുന്നതിനു വേണ്ടി കൊറിയയിൽ യുദ്ധവിരാമവും, ഇൻഡോ—ചൈന, മലയ എന്നിവിടങ്ങളിലെ യുദ്ധത്തിൻെറ അവസാനവും, ജർമ്മനിയുടെ ഏകീകരണത്തിനുള്ള അനുവാദവും, ആസ്ത്രിയയുമായുള്ള ഉടമ്പടിയും, ഇരുമ്പുമറയ്ക്കുള്ളിലുള്ള അടിമരാജ്യങ്ങൾക്കു് ഭരണരീതിയും ജീവിതരീതിയും തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും ആവശ്യമാണെന്നും ഐസൻഹോവർ പ്രസ്താവിച്ചു. അതു സാധിക്കുവാൻ അദ്ദേഹം സോവിയററ് നേതൃത്വത്തോടു് ആവശ്യപ്പെട്ടു.

## ചർച്ചിൽ



ഐസൻഹോവറുടെ സമാധാനവ്യവസ്ഥകളെ ഏപ്രിൽ 17-ാംനു ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ചർച്ചിൽ സ്വാഗതംചെയ്തു. ചർച്ചിലിന്റെ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു:— "പുതിയ ആളുകൾ മോസ്ക്കോയിൽ പരമാധികാരത്തെ പ്രാപിച്ചിരിക്കുന്നു. അവരുടെ വാക്കുകളും, സൂചനകളും, ഏറെക്കുറെ അവരുടെ പ്രവൃത്തികളും അവരുടെ മനോഭാവത്തിലുള്ള ഒരു വ്യത്യാസത്തെക്കുറിക്കുന്നതായി തോന്നുന്നു. ഇതിന്റെ അർത്ഥമെന്താണെന്ന് നമുക്ക് ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല. അവരുടെ ഉദ്ദേശ്യം എത്ര അഗാധമാണെന്നോ, അവരുടെ ഉദ്യമം എവിടെച്ചെന്നവസാനിക്കുമെന്നോ നമുക്ക ഗണിച്ചുകൂടാ. ക്ഷതമേററ ലോകത്തിന്റെ മുകളിൽക്കൂടി ഒരു നവ്യമായ മന്ദമാരുതൻ വീശുകയാണെന്നോ? എല്ലാ ഭൂവിഭാഗങ്ങളിലുമുള്ള ജനതകളുടെ ഹൃദയങ്ങളിൽ പെട്ടെന്ന് പ്രത്യാശകൾ ഉദിച്ചുയർന്നുകഴിഞ്ഞു.

"മനുഷ്യജാതിക്ക് ശാസ്ത്രം അന്ധമായ പ്രവർത്തനമാർഗ്ഗങ്ങൾ പ്രദാനം ചെയ്തിട്ടുള്ള ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്; ഐശ്വര്യത്തിന്റെ സുവർണ്ണകാലമോ, വിനാശത്തിന്റെ ഏററവും ഭീഭത്സമായ രൂപമോ നാം തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. എട്ടുവർഷത്തിനു മുമ്പ് യുദ്ധം അവസാനിച്ചപ്പോൾ ത്രിശക്തികൾ ബർലിനിൽസമ്മേളിച്ചപ്പോൾ ഇതെല്ലാം ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അന്നുനീതിപൂർവ്വം, ശാശ്വതവുമായ ഒരു സമാധാനം സ്ഥാപിക്കുവാൻ പാശ്ചാത്യശക്തികളോട് റഷ്യ യോജിക്കാതിരുന്നതിന്റെ കാരണം എനിക്കു മനസ്സിലായില്ല."

## ഡള്ളസ് (അമേരിക്കയിലെ സ്റ്റേററ്സെക്രട്ടറി)



ഐസൻഹോവർ ഏപ്രിൽ 16-ാംനു പുറപ്പെടുവിച്ച സമാധാനനിർദ്ദേശത്തിനു സ്റ്റേററ്സെക്രട്ടറി ഡള്ളസ് ഏപ്രിൽ 18-ാംനു ഒരു വിശദീകരണം നൽകി. സമാധാനമന്ദിരത്തിന്റെ കവാടങ്ങൾ ഐസൻഹോവർ തുറന്നിട്ടിരിക്കയാണെന്നും, അതിലേക്ക് സോവിയററ്റഷ്യയെ ക്ഷണിച്ചിരിക്കയാണെന്നും ഡള്ളസ് ചൂണ്ടിക്കാണിച്ചു. "സോവിയററ് ഉദ്യമങ്ങളുടെ കാരണങ്ങളും ഉദ്ദേശ്യങ്ങളും എന്തായിരുന്നാലും, മുമ്പ് നിഷേധിച്ചിരുന്ന കാര്യങ്ങൾ ചിലത് അനുവദിക്കാൻ റഷ്യ ഇപ്പോൾ സന്നദ്ധമാണ്. മററു വിധത്തിലും മററു രംഗങ്ങളിലും കമ്യൂണിസ്റ്റ് നേതൃത്വം വിട്ടുവീഴ്ചകൾ ചെയ്യാറുണ്ട്. അവ നിസ്സാരങ്ങളാണ്. എന്നാൽ അവഗണിക്കപ്പെടാവുന്നവയുമല്ല. ഒരു യഥാർത്ഥത്തിലുള്ള സമാധാനശ്രമം നടത്തുവാനുള്ള അവസരം സമാഗതമായി എന്നു തോന്നുവാൻ അതു കാരണമായി.

ഐസൻഹോവറുടെ നിർദ്ദേശങ്ങൾ ഒരുപരീക്ഷണമാണ്. അവയെയാതൊന്നും അഭിമുഖീകരിക്കാൻ റഷ്യ തയ്യാറാണോ? അങ്ങനെയാണെങ്കിൽ ലോകത്തിലെ സ്വതന്ത്ര ഗവണ്മെൻറുകൾക്ക് ഉള്ളിൽനിന്നു തുരങ്കംവയ്ക്കുവാൻ ശ്രദ്ധമായി പ്രവർത്തിക്കുന്ന കോമിൻഫോം അവർ ഉപേക്ഷിക്കുമോ?"

മനസ്സിനെ ലാഘവപ്പെടുത്തുന്നതോ, നോർത്ത് അററ്ലാൻറിക്ക് ട്രീററി ഓർഗനൈസേഷനെ ദുർബ്ബലമാക്കുവാൻ പ്രേരിപ്പിക്കുന്നതോ ആയ ഒന്നുംതന്നെ ഇതേവരെ സംഭവിച്ചിട്ടില്ലെന്ന് ഡള്ളസ് വ്യക്തമാക്കി. സോവിയററ്യൂണിയനിൽ നിന്ന് ഏററവും വലിയ അപകടം ഉണ്ടാകുന്ന നിമിഷത്തെ പ്രതീക്ഷിച്ചുകൊണ്ട് അമേരിക്കയും പ്രസ്തുത ഓർഗനൈസേഷനിലെ മററംഗങ്ങളും അടിയന്തിരഘട്ട പ്രവർത്തനത്തിനു സന്നദ്ധമാകുകയാണെന്ന് അദ്ദേഹം വെളിപ്പെടുത്തി.


## പ്രവ്ദയും ഇസ്വെസ്റ്റിയയും

റഷ്യയുടെ ഔദ്യോഗിക മുഖപത്രങ്ങളായ പ്രവ്ദയും ഇസ്വെസ്റ്റിയയും ഏപ്രിൽ 25-ാംനു- ആംഗ്ലോ—അമേരിക്കൻ ബ്ളോക്കിന്റെ പക്കൽ പ്രാരംഭ വ്യവസ്ഥകളൊന്നും വയ്ക്കാതെ തന്നെ സാർവദേശീയ പ്രശ്നങ്ങളുടെ പരിഹാരത്തിനു സമാധാനപരമായ ഉപാധികൾ കൈക്കൊള്ളുവാൻ തയ്യാറാണെന്നു പ്രസ്താവിച്ചു. ഐസൻഹോവറുടേ സമാധാനനിർദ്ദേശത്തെപ്പററി പ്രസ്തുത പത്രങ്ങൾ നിരൂപണം ചെയ്യുകയായിരുന്നു. ഐസൻഹോവറുടെ പ്രസംഗത്തിന്റെ യഥാർത്ഥത്തിലുള്ള അർത്ഥം മി. ഡള്ളസ് നിർവചിക്കുന്ന പ്രകാരമാണെങ്കിൽ സമാധാനത്തെ ശക്തിപ്പെടുത്തുന്ന വിഷയത്തിൽ കാര്യമായ ഫലമൊന്നും ഉണ്ടാകയില്ലെന്നും ആ പത്രങ്ങൾ അഭിപ്രായപ്പെട്ടു.

## ചർച്ചിൽ

ഏപ്രിൽ 25-ാം തീയതിയിലെ പ്രവ്ദയുടെ മുഖപ്രസംഗം ഞാൻ വായിച്ചു. പൗരസ്ത്യ—പാശ്ചാത്യ ഒത്തുതീർപ്പിനെപ്പററി പ്രസിഡണ്ട് ഐസൻഹോവറുടെ വ്യവസ്ഥകൾക്കുള്ള മറുപടിയായിരുന്നു അതു്. ആംഗ്ലോ—അമേരിക്കൻ ബ്ളോക്കിന്റെ പക്കൽ പ്രാരംഭ വ്യവസ്ഥാവാദങ്ങളൊന്നും വയ്ക്കാതെ സാർവദേശീയ പ്രശ്നങ്ങളെ സംബന്ധിച്ച സമാധാനപരമായ ഉപാധികൾ കൈക്കൊള്ളുവാൻ സോവിയററ് യൂണിയൻ തയ്യാറാണെന്ന് അതിൽ പറഞ്ഞിരുന്നു. (ചർച്ചിലിന്റെ ഏപ്രിൽ 29—ാംതീയതിയിലെ പ്രസ്താവന) മഹാശക്തികളുടെ സമുന്നത നിലവാരത്തിലുള്ള അനൌപചാരികമായ കൂടിയാലോചന നടക്കുകയാണെങ്കിൽ അതു ഗുരുതരവും ക്രമപരവുമായ കൂടിയാലോചനയ്ക്കു വഴി തെളിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

## ഹെർബർട്ട് മോറിസൺ



(മുൻ ബ്രിട്ടീഷ് വിദേശകാര്യ മന്ത്രിയും, ഇപ്പോഴത്തെ ബ്രിട്ടീഷ് പാർലമെൻറിലെ പ്രതിപക്ഷത്തിന്റെ ഡപ്യൂട്ടി നേതാവും) "പാശ്ചാത്യശക്തികൾ റഷ്യയുമായി ഗൌരവമായ രീതിയിൽ സംഭാഷണം തുടങ്ങിയാൽ തന്നെ അതു പ്രശ്നങ്ങളുടെ അവസാനമായിരിക്കയില്ല. അതു പുതിയ പ്രശ്നങ്ങളുടെ പ്രാരംഭമായിരിക്കും."

"റഷ്യക്കാർ എന്തെങ്കിലും കുറേക്കൂടി ചെയ്യുമ്പോൾ നമുക്കു കൂടുതൽ അറിയാം. ഇപ്പോൾ വീശുന്ന കാററിൽ ശുഭകരമായ സൂചനകളുണ്ടു്. പക്ഷെ, നമുക്കു വേണ്ടതു ബൃഹത്തായ നടപടികളാണു്. അതു് ഇതുവരെയും സംഭവിച്ചിട്ടില്ല." (ഏപ്രിൽ 25—ാം തീയതിയിലെ പ്രസ്താവന.)

## ബിദോ (Bidault) ഫ്റഞ്ച് വിദേശകാര്യമന്ത്രി

കുറെ "മിനിമം" വിഷയങ്ങളെപ്പററി ചർച്ചചെയ്യാമെന്നു റഷ്യ സമ്മതിക്കുന്നപക്ഷം പാരീസിൽ വച്ചുള്ള ഒരു പ്രചരണസമ്മേളനത്തിനു റഷ്യയേയും ക്ഷണിക്കേണ്ടതാണു്." (ഏപ്രിൽ 25)

## ഡള്ളസ്

"ഈ കാലഘട്ടത്തിൽ ഒരു ചതുശ്ശക്തിസമ്മേളനത്തിനു റഷ്യയെ പാരീസിലേക്കു ക്ഷണിക്കുന്നതിനെ ഞാൻ എതിർക്കുന്നു." (ഏപ്രിൽ 25-ാംനു- മി. ഡള്ളസിന്റെ പ്രസ്താവന.)

റഷ്യൻനേതാക്കൾ



(ഇടത്തുനിന്നു് വലത്തോട്ടു്) 1) വി. ഡി. സോക്കോലോവ്സ്കി, 2) ഐ. എസ്. യുമാഷേവ് 3) എൽ. ഏ. ഗോവോറോവ് 4) ഐ. എസ്. കോനീവ് 5) എസ്. എം. സ്യെമങ്കോ 6) പി. എഫ്. ഷിഗാര്യോവ് 7) **വി. എം. മൊളോട്ടോവ്** 8) എ. ഐ. മിക്കോയൻ 9) എൻ. എസ്. ക്രുഷോവ് 10) **കെ. വൈ. വോറോഷിലോവ്** 11) **എൻ.ഏ. ബുൾഗാനിൻ** 12) **ജെ. വി. സ്റ്റാലിൻ** 13) **എൽ. പി. ബെറിയ** 14) **ജി. എം. മലങ്കോവ്** 15) എൽ. എം. കഗനോവിച്ച് 16) ഏ. ഏ. ആൻഡ്രിയേവ് 17) എൻ. എം. ഷെവർണിക്ക് 18) ഏ. എൻ. കോസിഗിൻ 19) എം. ഏ. സുസ്ലോവ് 20) പി.കെ. പൊനോമരെങ്കോ 21) എം. എഫ്. സ്കിറിയാറോവ്.

## എൻ. ഏ. റ്റി. ഒ.

"സമാധാനനിർദ്ദേശം ആത്മാർത്ഥമായ പ്രവൃത്തനങ്ങളാൽ റഷ്യ തെളിയിക്കുന്നതുവരെ പാശ്ചാത്യഡിഫൻസ് ശക്തിപ്പെടുത്തണമെന്നു്" 14 രാഷ്ട്രങ്ങൾ ചേർന്നുള്ള എൻ. ഏ. റ്റി. ഒ. (നോർത്ത് അററ്ലാൻറിക് ട്രീററി ഓർഗനൈസേഷൻ) കൗൺസിൽ ഐകകണ്ഠ്യേന തീരുമാനിച്ചു.

(ഏപ്രിൽ 25)

## മക്ക്ആർതർ

(മുൻ യു. എൻ. വിദൂര പൗരസ്ത്യ സുപ്രീം കമാണ്ടർ)

"ചൈനയുടെ നേരെ അമേരിക്ക യുദ്ധഭീഷണി ഉയർത്തിയാൽ കൊറിയായുദ്ധം അവസാനിപ്പിക്കാൻ ചൈന റഷ്യയെ പ്രേരിപ്പിക്കും. ചുരുക്കം ചൈനയുടെ ദുർബ്ബലമായ വ്യവസായസങ്കേതത്തെ നശിപ്പിക്കുന്നതിനും, റഷ്യയിൽ നിന്നുള്ള വിഭവ വിതരണമാർഗ്ഗങ്ങൾ തടയുന്നതിനും നമുക്ക് ഇപ്പോഴും കഴിവുണ്ട്.....അതു് മൂന്നാമതൊരു യുദ്ധത്തിനു വഴി തെളിക്കയില്ല.

(ഏപ്രിൽ 25)

## മാർഷൽ വോറോഷിലോവ്

(സോവിയററ് റഷ്യയിലെ പ്രസിഡണ്ട്:—)

"റഷ്യയുടെ സൈനികശക്തി ആരെയും ഭീഷണിപ്പെടുത്തുന്നില്ല. ഒരു വിദേശരാജ്യത്തെയും ആക്രമിക്കുവാൻ ഉദ്ദേശിക്കുന്നുമില്ല. നമ്മുടെ സൈനികശക്തിയുടെ സ്വഭാവവും പാരമ്പര്യവും ഇതാണ്. നമ്മുടെ സൈനികശക്തിയിലെ എല്ലാ അംഗങ്ങളും ഈ പാരമ്പര്യത്തിൽ, ലെനിൻെറയും സ്റ്റാലിൻെറയും മഹത്തായ ആശയങ്ങളുടെ താല്പര്യമനുസരിച്ച് പരിശീലിപ്പിക്കപ്പെടണം."

(29 ഏപ്രിൽ 1953)

## മൊളോട്ടോവ്

(സോവിയററ് റഷ്യയിലെ വിദേശകാര്യമന്ത്രി)

വഞ്ചശക്തികളുടെ ഒരു സമാധാന ഉടമ്പടിയിൽ ചേരുവാൻ റഷ്യ സന്നദ്ധമാണെന്നു് മൊളോട്ടോവ് ഏപ്രിൽ 28—ാംനു പ്രസ്താവിച്ചു. "സമാധാനപരമായ മാർഗ്ഗങ്ങളിൽ കൂടി പരിഹരിക്കാൻ പാടില്ലാത്ത പ്രശ്നങ്ങൾ—തർക്കവിധേയമോ അപരിഹാര്യമോ ആയ പ്രശ്നങ്ങൾ—ഇല്ലെന്നു് സോവിയററ് റഷ്യ കരുതുന്നു. അതനുസരിച്ച്, സമാധാനവും പരസ്പരധാരണയും ശക്തിപ്പെടുത്തുകയെന്ന സമുന്നതമായ ലക്ഷ്യങ്ങളെ പ്രാപിക്കുന്നതിനുവേണ്ടി മററു രാജ്യങ്ങളിലെ ഗവർമ്മെൻറുകളുമായി യോജിച്ചു പ്രവർത്തിക്കുന്നതിനുള്ള നിരന്തരമായ സന്നദ്ധത സോവിയററുഗവർമ്മെൻറു പ്രഖ്യാപിച്ചിട്ടുണ്ട്."

# LOTUS INDUSTRIALS

**TIRUVANNUR ROAD-KOZHIKODE 3.**

***Manufacturers of:-***

## BEST QUALITY Envelopes, Furnishing Fabrics, Linen Dhothis & Shirtings.

*Agent* : **For Malabar and Travancore-Cochin,**

**Sri V.M. NAIR.**


## ചൗ എൻ ലൈ (ചൈനയിലെ പ്രധാനമന്ത്രി)

പഞ്ചശക്തികളുടെ ഒരു ഉടമ്പടിയുണ്ടാകണമെന്നുള്ള മൊളോട്ടോവിന്റെ നിർദ്ദേശത്തെ ഏപ്രിൽ 28-ാംനു- ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലൈ പറഞ്ഞു:— "വിവിധ സമ്പ്രദായങ്ങളിലുള്ള രാഷ്ട്രങ്ങൾക്കു സമാധാനത്തിൽ വർത്തിക്കുവാൻ സാധിക്കുമെന്നുള്ള ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ ഈ നിർദ്ദേശത്തെ (പഞ്ചശക്തികളുടെ കൂടിയാലോചനയെപ്പറ്റിയുള്ള നിർദ്ദേശത്തെ) ചൈനയിലെ പീപ്പിൾസ് റിപ്പബ്ളിക്ക് സ്വാഗതം ചെയ്യുന്നു.

## മാർഷൽ ബുൾഗാനിൻ (സോവിയററ് ഡിഫൻസ് മന്ത്രി):-

"കമ്മ്യൂണിസം എന്ന ലക്ഷ്യത്തിലേക്കുള്ള സോവിയററ് ജനതയുടെ വിജയകരവും സമാധാനപരവുമായ മുന്നേററത്തിൽ ഇടപെടുന്ന ഏതെങ്കിലും ശത്രുസൈന്യങ്ങളെ ഏതു നിമിഷത്തിലും പ്രതിരോധിക്കുവാൻ തക്കവണ്ണം നമ്മുടെ സായുധശക്തികളെ ശക്തിപ്പെടുത്തണമെന്നു ഗവർമ്മെൻറ് ആഹ്വാനം ചെയ്യുന്നു................ സൗഹാർദ്ദവും വിവേകപൂർവ്വമായ പെരുമാററവും കൊണ്ട് സമാധാനപരമായ മാർഗ്ഗങ്ങളിൽ കൂടി എല്ലാ സാർവ്വദേശീയകലഹങ്ങളും പറഞ്ഞവസാനിപ്പിക്കാവുന്നതാണ്." (മെയ് 1)

## ബവാൻ [ബ്രിട്ടനിലെ മുൻ ആരോഗ്യമന്ത്രി)


"അമേരിക്കയും റഷ്യയും രാക്ഷസന്മാരാണ്. അവരുടെ നയങ്ങളുടെ മേൽ അന്യോന്യം സ്വാധീനശക്തി ചെലുത്തുവാൻ സാദ്ധ്യമല്ല. ബുദ്ധിയില്ലാതെതന്നെ ജീവിക്കാമെന്ന് അവർ കരുതുന്നു. അത്രയ്ക്കു ശക്തന്മാരാണവർ." (ഫെബ്രുവരി 18-ാംനു- ഇൻഡ്യൻ പാർലിമെൻറിൽ ബവാൻ ചെയ്ത പ്രസംഗം) അമേരിക്കയും റഷ്യയും രണ്ടു വലിയ ശക്തികളായതിനാൽ, സമാധാനം കൈവരുത്തുന്നതിനു മൂന്നാമതൊരു ശക്തിയുടെ ആവശ്യമുണ്ട്".

# കേരളത്തിലെ പൂരങ്ങൾ

## അറുപതു വർഷം മുമ്പു നടന്ന തൃശ്ശൂർ പൂരത്തിന്റെ വിവരണം

**ആലവട്ടവും വെൺചാമരവും വഹിച്ചു നിരന്നുനിൽക്കുന്ന ആനകൾ—കരിമരുന്നുപ്രയോഗം—അപ്സരസ്ത്രീകൾ എന്നു പ്രസിദ്ധകളായ തൃശ്ശിവപേരൂരെ മലയാള ശൂദ്രസ്ത്രീകളുടെയും അവർക്കനുരൂപമായി കേരഭൂദേവന്മാരായ നമ്പൂതിരിമാരുടെയും രൂപവേഷചേഷ്ടാദികൾ—ഉച്ചതിരിഞ്ഞു മൂന്നു മണിയായപ്പോൾ പെയ്ത രസംകൊല്ലിയായ മഴ**


'പൂരം' എന്നുപറഞ്ഞാൽ ഉത്തിരത്തിനും മകത്തിനും മദ്ധ്യേയുള്ളതാണല്ലോ. ഈ പദത്തിനു കോലാഹലം എന്നോ കലശൽ എന്നോ മനോഹരങ്ങളായിട്ടുള്ള കാഴ്ചകൾ എന്നോ ഇതിന്റെ ഒക്കെയും ധാരാളത്വം എന്നോ ഇങ്ങനെ ഏതാണ്ടൊരർത്ഥത്തിലാണധികപ്രസിദ്ധിയുള്ളതെന്നു കാണുന്നതിനാൽ ഇതെങ്ങനെ വന്നുകൂടിയെന്നുള്ളതു ആലോചിക്കത്തക്ക ഒരു വിഷയമാണല്ലോ. മദ്ധ്യകേരളത്തിൽ പല മുഖ്യക്ഷേത്രങ്ങളിലും പൂരം എന്നാൽ ഓരോ മാസങ്ങളിലായി പണ്ടുപണ്ടേ ഓരോ പ്രകാരത്തിൽ കൊണ്ടാടി വരുന്നുണ്ട്. ചേർത്തല തുടങ്ങിയുള്ള ക്ഷേത്രങ്ങളിലെ പൂരത്തിനു പ്രധാനമായിട്ടുള്ളതു് അന്നം മുതലായ സ്വരൂപങ്ങളെ ആളുകൾ കൂട്ടികെട്ടിച്ചുമന്നു ക്ഷേത്രസമീപങ്ങളിൽ കൊണ്ടുനടക്കുകയും അസഭ്യം വിളിച്ചു പാട്ടുകയും മററുമാണെന്ന് പ്രസിദ്ധമാണല്ലോ. തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിൽ ആനകൾ തലയിൽ കെട്ടുകെട്ടി എഴുന്നെള്ളിച്ചുള്ള പുറപ്പാട്ടും കതിനാവെടി മുതലായ കരിമരുന്നു പ്രയോഗങ്ങളുമാണ് പ്രധാനം. പ്രായേണ എല്ലാ സ്ഥലങ്ങളിലും പൂരത്തിനു അന്യോന്യം മത്സരത്തോടുകൂടിയ രണ്ടു കൂട്ടുകാരിൽ കുറയാതെയുണ്ടായിരിക്കയും ചെയ്യും. തെക്കേ ദിക്കിൽ പല ഭഗവതി ക്ഷേത്രങ്ങളിലും ഇതിനു പകരമായി നടത്തുന്നതാണെന്നു തോന്നുന്ന പടേണി കെട്ടുകാഴ്ച മുതലായ വകകൾ. ഈ വകയ്ക്കു ഒരു ദിക്കിലും ദേവസ്വം മുതലിൽനിന്നു ചെലവു ചെയ്ക നടപ്പില്ലാത്തതുകൊണ്ട് ജനങ്ങൾ തന്നെ വഹിക്കയുമാണ്. അന്യോന്യം മത്സരംകൊണ്ട് ഒന്നിനെക്കാൾ ഒന്നു നന്നായി എന്നു കേൾപ്പിക്കാനായി എന്തും ചെയ്‌വാൻ ഈ വക ജനങ്ങൾ സന്നദ്ധന്മാരായിരിക്കയും ചെയ്യും. ഇതിൽ ഇവർക്കുള്ള യോജിപ്പും ഉത്സാഹവും പ്രസിദ്ധവും ദൃഷ്ടാന്തയോഗ്യവുമാണ്. നാശവും അങ്ങനെ തന്നെ.



തൃശ്ശൂർ പൂരത്തിന് ആലവട്ടവും വെൺചാമരവും വഹിച്ചുകൊണ്ട് ആനകൾ അണിനിരന്നു നിൽക്കുന്നു.

പൂരങ്ങളിൽ തൃശ്ശിവപേരൂരേതിനെപ്പോലെ പല തരത്തിലുള്ള പ്രസിദ്ധിയും യോഗ്യതയുമുള്ളതായി മററൊന്നും ഇല്ലെന്നുതന്നെ പറയാം. ആനപ്പുറത്തെഴുന്നെള്ളിക്ക

തന്നെയാണ് ഈ പൂരത്തിനു പ്രധാനമായിട്ടുള്ളതു്. തൃശിവപേരൂർ കേരളത്തിന്റെ മദ്ധ്യസ്ഥലം ആകകൊണ്ടും പൂരത്തിന്റെ വിശേഷങ്ങളിൽ ഓരോന്നും ഓരോ തരത്തിലുള്ള ആളുകളെ ആകർഷിക്കുന്നതാകയാലും ഇവിടെ ഈ കാലത്തുകൂടുന്ന ജനങ്ങളുടെ സംഖ്യയും തരങ്ങളും വളരെ വിസ്മയിക്കത്തക്കവയാണ്. പൂരം കാണുക എന്നു പറഞ്ഞാൽ സ്വർണ്ണത്തലക്കെട്ടുകൾ കെട്ടിയും പുറത്തു ആലവട്ടം വെഞ്ചാമര അലുക്കിട്ട കുട ഇതുകൾ പിടിച്ചിട്ടുള്ള മൂന്നും നാലും ആളുകളോടുകൂടിയും ഒരേ പന്തിയായി നിൽക്കുന്ന പത്തും പതിനഞ്ചും കൊമ്പനാനകളുടെ ഭംഗിയോ ഇതിന്റെ ചുററിലും തങ്ങൾക്കുണ്ടെന്നു വിചാരിക്കുന്ന സകലവക രസികത്വങ്ങളും പ്രദർശിപ്പിക്കത്തക്കവണ്ണം കൂടി നിൽക്കുന്ന പല ജാതിക്കാരും ദേശക്കാരുമായ ആളുകളിൽ പ്രത്യേകം അപ്സരസ്ത്രീകൾ എന്ന പ്രസിദ്ധകളായ തൃശിവപേരൂരെ മലയാള ശൂദ്രസ്ത്രീകളുടെയും ഇവർക്കനുരൂപമായി കേരള ഭൂദേവന്മാരായ നംപൂരിമാരുടെയും രൂപവേഷചേഷ്ടാദികളെയോ കാണുകയോ ഇടവിടാതെയും രൂക്ഷതരാമയുമുള്ള വാദ്യമേളങ്ങളോ പട്ടതരമിടിനാദമൊക്കെ വെടിയുന്ന വെടികളെ കേൾക്കയോ അങ്ങാടിക്കാരായ അസംഖ്യം നസ്രാണി വ്യാപാരികളുടെകടകളിൽ കടന്നിരിക്കയൊ പണ്ടെങ്ങും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത പലതരം ചരക്കുകളെ വാങ്ങി ശേഖരിക്കയൊ ആകപ്പാടെ അനേകം അംഗങ്ങളിലും അമരാപതിക്കു തുല്യമായ ഈ പട്ടണത്തിലെ അനന്തരസൌഖ്യങ്ങളെ അനുഭവിക്കയോ എന്താണെന്നു അവരവർ തന്നെ തീർച്ചയാക്കേണ്ടതാണ്.



തൃശ്ശൂർ പൂരം വെടിക്കെട്ട്

തൃശിവപേരൂർ ഈ കൊല്ലത്തെ പൂരം മേടം 15-ാംതീയതി വെള്ളിയാഴ്ചയായിരുന്നു. കുറഞ്ഞൊരു ദിവസങ്ങളായി ഇവിടെ നടന്നുവരുന്ന പല നാടകസംഘക്കാരുടെയും അന്യോന്യം മത്സരിച്ചുള്ള അഭിനയവിദ്യ കൂടാതെ പൂരത്തിനടുത്ത ഭാഷാപോഷണിസഭയുടെ രണ്ടാമത്തെ യോഗവും നിശ്ചയിച്ചിട്ടുണ്ടായിരുന്നതിനാൽ അധികം ആൾ കൂടുന്നതിനു അവകാശം ഉണ്ടായിരുന്നു എങ്കിലും അടുത്ത ദിവസങ്ങളിൽ അവിടവിടെ മാത്രം ഉണ്ടായ മസൂരി വിഷൂചിക ഈ നടപ്പുദീനങ്ങളെക്കുറിച്ചുള്ള കേൾവിയാൽ ആൾക്കൂട്ടം വളരെ ചുരുങ്ങിയിരുന്നുവെന്നാണറിയുന്നതു്. വടക്കുംനാഥൻക്ഷേത്രത്തിനു സമീപമായിട്ടുള്ള ഓരോ ക്ഷേത്രങ്ങളിൽ നിന്നായി പത്തുപന്ത്രണ്ടോളം പൂരപ്പുറപ്പാടുകൾ പതിവുള്ളതെല്ലാം വന്നുകഴിയുകയും പ്രദിക്ഷണവഴിയും പറമ്പും ആകപ്പാടെ ആളുകളെക്കൊണ്ടു നിറകയും ചെയ്തതിന്റെ ശേഷം ഉച്ചതിരിഞ്ഞു് ഉദ്ദേശം മൂന്നുമണിയായ സമയം "രസംകൊല്ലി" എന്നു തന്നെ പേരു പറയേണ്ടതായ ഒരു മഴപെയ്തു. അരമണിക്കൂറോളം ഉണ്ടായിരുന്ന ഈ മഴക്കു ശേഷം പതിവിൻപ്രകാരം കിഴക്കെഗോപുരത്തിന്റെ മുൻഭാഗത്തു നിന്നു പാറമേക്കാവുകാരുടെ പൂരം നിറുത്തി കൂട്ടവെടിയും പടക്കംകത്തിക്കു മുതലായ ക്രിയകളും കഴിഞ്ഞു അകത്തേക്കു പുറപ്പാടായി. അകത്തു കടന്നപ്പോഴേക്കു പടിഞ്ഞാറെനടയിൽ തിരുവമ്പാടിക്കാരും നിരന്നുകഴിഞ്ഞു.

തലേദിവസത്തെ കൂറുകാർ കരിമരുന്നു ശേഖരിച്ചു അരച്ചും ഉണക്കിയും ഇരുന്ന മിഷ്യൻഹൈസ്കൂൾ കെട്ടിടത്തോടു കൂടി നാനൂറിൽ അധികം രൂപയ്ക്കു മരുന്നു അഗ്നിക്കാഹരമാക്കി എങ്കിലും സമയത്തു കൂട്ടവെടി മുതലായ ഒരെണ്ണത്തിലും കുറച്ചില്ല. ആറുമണിക്കു മുമ്പിൽ തെക്കേഗോപുരംവഴിയായി പാറമേക്കാവു മുൻപിലും തിരുവാമ്പാടി പിന്നാലെയും ആയിട്ടു വെളിക്കിറങ്ങി മുമ്പോട്ടു പോയി. മുമ്പിൽ പോയ കൂറുകാർ തിരിഞ്ഞു തിരിഞ്ഞു വന്നു അന്യോന്യം അഭിമുഖമായി അസാരം നിന്നു മേളംമുറുക്കി കലാശിപ്പിച്ചു. പാറമേക്കാവുകാർ അവിടെവച്ചു തന്നെയും തിരുവാമ്പാടിക്കാർ വീണ്ടും മുമ്പോട്ടു പോയി പതിവിൻപ്രകാരമുള്ള സ്ഥാനത്തിൽ നിന്നു തിരിഞ്ഞു വാങ്ങിപ്പോകയും ചെയ്തു. പാതിരാത്രി കഴിഞ്ഞതിന്റെ ശേഷം രണ്ടാമതും മിക്കവാറും ഈ സമ്പ്രദായത്തിലുള്ള പുറപ്പാടുകൾ ആരംഭിച്ചു പിറ്റേദിവസം കാലത്തു പത്തുമണിയ്ക്കും പടിഞ്ഞാറെഗോപുരത്തിന്റെ മുമ്പിൽ മേളം കലാശിപ്പിച്ചു പിരികയും ചെയ്തപ്പോൾ പൂരം കഴിഞ്ഞു. ഈ രണ്ടു കൂറുകാർ തമ്മിലുള്ള മത്സരം പണ്ടുപണ്ടേ നടന്നുവരുന്നതും വിജയത്തിനു വേണ്ടി മഹാകവികളുടെയും വില്ലന്മാരുടെയും ശണ്ഠകൾ നടക്കയും ചെയ്തിട്ടുണ്ടെങ്കിലും ഇന്ന കൂറുകാർക്കാണു ജയം എന്നങ്ങനെ ആരും ഇതുവരെ തീർച്ചപറക ഉണ്ടായിട്ടില്ലെന്നാണു കേൾവി. അതുകൊണ്ടു ഈ കൊല്ലം തിരുവാമ്പാടിക്കാരുടെ കുടകളിൽ ഒന്നു പൊന്നലുക്കാട്ടതായിരുന്നു. എന്നുമാത്രം വിശേഷം കണ്ടതു പ്രസ്താവിക്കത്തക്കതല്ലെന്നു വിശ്വസിക്കുന്നു.

(മലയാളമനോരമ)
(1892 മാർച്ച് 14)

# അടുക്കളയിൽ

## നാഗ്ഗീസി കോഫ്റ്റാ

കൊത്തിയരിഞ്ഞ ഇറച്ചി 1/2റാ.
ജീരകം 1/4 ചായക്കരണ്ടി
കുരുമുളക് 1/2 ചായക്കരണ്ടി
കസ്കസ് 1/2 ചായക്കരണ്ടി
കടലപ്പരിപ്പ് 1 മേശക്കരണ്ടി
സവാള 1 ചെറിയതു്
ഇഞ്ചി ഒരു ചെറിയ കഷണം
കടലപ്പൊടി 1/2 ചായക്കരണ്ടി
ചുവന്ന മുളക് 1
മുട്ട പുഴുങ്ങിയതു 3
തൈരു് 1 തുടം

### ചാറിന്

മല്ലി 1 ചായക്കരണ്ടി
സവാള 1 വലിയതു്.
ഇഞ്ചി 1 കഷണം
തൈരു് 2 തുടം
മുളകുപൊടി 1/2 ചായക്കരണ്ടി
ജീരകം ലേശം
നെയ്യ് 1 തുടം
ഉപ്പു് ആവശ്യത്തിനു്

### മാർഗ്ഗം

ഇറച്ചിയിൽ പകുതിയും കടലപ്പരിപ്പും, ഉള്ളിയും മുളകും ഇഞ്ചിയും കൂടെ ആവശ്യത്തിനു ഉപ്പും ചേർത്തു് വേവിക്കണം. വെന്തു വറുമ്പോൾ വാങ്ങിവച്ചു് നല്ലതുപോലെ അരയ്ക്കുക. ബാക്കിയുള്ള പച്ച ഇറച്ചിയും, കസ്കസ്, കടലപ്പൊടി, ജീരകം, കുരുമുളകു് ഇവയെല്ലാം കൂടെ അരച്ചു്, പുഴുങ്ങി അരച്ചതിന്റെകൂടെ നല്ലതുപോലെ ഇളക്കി യോജിപ്പിക്കണം. വേണമെങ്കിൽ കുറച്ചു തൈരും ചേർത്തു കുഴയ്ക്കാം. രണ്ടു മുട്ടയും ഈ അരപ്പുകൊണ്ടു പൊതിയുക.

### ചാറിന്

സവാള ഘനം കുറച്ചരിഞ്ഞു് നെയ്യിൽ വറുക്കുക. പകുതി വറുത്ത ഉള്ളി എടുത്തു് മല്ലിപ്പൊടിയും മുളകുപൊടിയും ഇഞ്ചിയും ലേശം ജീരകവും കൂട്ടി അരയ്ക്കുക ഈ അരപ്പു നെയ്യിൽ ഇട്ടു് വറുത്തുമൂക്കുമ്പോൾ തൈരു് ഒന്നടിച്ചു് ലേശം വെള്ളവും ചേർത്തു് അടുപ്പിന്മേൽ കിടക്കുന്ന അരപ്പിലൊഴിച്ചു് ഇളക്കിക്കൊണ്ടിരിക്കണം. ഒന്നു തിളയ്ക്കുമ്പോൾ പൊതിഞ്ഞു വച്ചിരിക്കുന്ന കോഫ്റ്റാസ് അതിലിട്ടു് 5 മിനിററു കഴിയുമ്പോൾ വാങ്ങി ഉപയോഗിക്കാം. വിളമ്പുമ്പോൾ കോഫ്റ്റാസ് രണ്ടായി മുറിക്കണം.

## കടുകുമാങ്ങാ No 2

ഒരു വിധം പുളിയുള്ള മാങ്ങാ കഷണം 2 നാഴി
മഞ്ഞൾ പൊടി 1 ചായക്കരണ്ടി
മുളക് 6
ഇഞ്ചി,വെളുത്തുള്ളി,കായം ലേശം
ഗ്രാമ്പൂവ് 2 റ്റീസ്പൂൺ
ഉപ്പു്

### മാർഗ്ഗം

ഉപ്പു, നീട്ടി കലക്കി തിളപ്പിച്ചു് ആറിക്ക. തിളപ്പിച്ച ഉപ്പു് തൊട്ടുമേൽ പറഞ്ഞ സാധനങ്ങളെല്ലാം പച്ചയ്ക്കു അരയ്ക്കണം. കടുകു മാത്രം പതഞ്ഞാൽ മതി.

മാങ്ങാ കഴുകി തൊലി കളഞ്ഞു ഒരു ചട്ടിയിൽ വയ്ക്കുക അരച്ച സാധനങ്ങൾ മാങ്ങായിൽ ഇട്ടിളക്കി ആവശ്യത്തിനു ഉപ്പും ഒഴിച്ചു ഭരണിയിലാക്കി വച്ചു് പിറ്റേദിവസം മുതൽ ഉപയോഗിക്കാം. ഉപ്പു അധികം ഒഴിച്ചു് നീട്ടി കളയരുതു്. കുഴമ്പു പരുവത്തിൽ ചാറു കണ്ടാൽ മതി.

## ആശയപുഷ്ക്കലവും ആദർശസമ്പന്നവുമായ
## ഒരു മനോഹര കഥാവസ്തു

അഭിനയപടുക്കളും പ്രതിഭാശാലികളും സമർത്ഥരുമായ നടീനടന്മാർ പ്രവൃത്തികളിലേക്കു് പകർത്തി പണക്കാരനെ ചിന്തിപ്പിക്കുവാനും പാവപ്പെട്ടവനെ പ്രചോദിപ്പിക്കുവാനും പര്യാപ്തമായ ഒരു മഹോന്നത മലയാള സാമുദായിക ചലത്രമാക്കി വെള്ളിത്തിരയിൽപ്രദർശിപ്പിക്കുന്നതാണു്.

കൈലാസ് പിക്ച്ചേഴ്സിൻെറ

# ലോകനീതി

താഴെപ്പറയുന്ന കേന്ദ്രങ്ങളിൽ പ്രേക്ഷകലോകത്തെ ആനന്ദക്കടലിൽ ആറാടിച്ചുകൊണ്ടു് വിജയശ്രീലാളിതമായ

## 3-ാം വാരത്തിൽ

പ്രവേശിച്ചിരിക്കുന്നു.

| | | |
|---|---|---|
| കോട്ടയം | — | രാജ്മഹാൾ |
| എറണാകുളം | — | മേനകാ |
| തൃശ്ശൂർ | — | ജോസ് |
| കോഴിക്കോട് | — | രാധാ |
| ആലപ്പുഴ | — | കൃഷ്ണാ |
| കൊല്ലം | — | ലക്ഷ്മി |
| തിരുവനന്തപുരം | — | ശ്രീകുമാർ |
| ഹരിപ്പാട് | — | വൃന്ദാവൻ |
| ചിറയിൻകീഴ് | — | അംബികാ |
| കാരേറ്റ് | — | ആർ. കെ. വി. |

പത്തനംതിട്ട—വേണുഗോപാൽ (30-4-53 മുതൽ)

സത്യൻ, കൊട്ടാരക്കര ശ്രീധരൻനായർ, മുതുകുളം, നാണുക്കുട്ടൻ, S. P. പിള്ള, B. S. സരോജ, കുമാരി തങ്കം, ആറൻമുള പൊന്നമ്മ, പങ്കജവല്ലി മുതലായവർ അഭിനയിച്ചതു്.

**TRIVANDRUM CINE FILM DISTRIBUTORS RELEASE.**


Published by Verghese Kalathil M. A., Kottayam, and Printed at the M. M. Press, Kottayam.